ആലോചിക്കേണ്ടുന്ന പരിതഃസ്ഥിതിയുണ്ടാകും. ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ അംഗീകരിച്ചിട്ടുള്ള റൂളുകൾ അനുസരിച്ച് എയിഡഡ് പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷനും, എയിഡഡ് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷനും അംഗീകാരം കൊടുക്കാൻ കഴിയുന്നതാണ്. എന്നാൽ അംഗീകാരം കിട്ടാത്ത സംഘടനയുടെ പ്രതിനിധികളെ വിളിച്ചാലോചിക്കുന്നത് ശരിയായിരിക്കുകയില്ലെന്നാണ് ഡിപ്പാർട്ടുമെൻറിൻെറ നിലപാട്. എയിഡഡ് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻെറ പ്രതിനിധികൾക്ക് മിനിസ്റ്ററെ കണ്ടു സംസാരിക്കണമെന്ന് ഒരു സുഹൃത്ത് എന്നോട് ആവശ്യപ്പെട്ടു. ഇന്നലെ വലിയ ജോലിത്തിരക്കുണ്ടായിരുന്നിട്ടും അതെല്ലാം മാററിവച്ചിട്ട് അവരുമായി അഭിമുഖസംഭാഷണം നടത്താമെന്ന് ഞാൻ ഏററു. അതനുസരിച്ച് കാത്തിരുന്നപ്പോൾ, എന്നോടു ആദ്യം ആവശ്യപ്പെട്ട സുഹൃത്തുതന്നെ വന്നുപറഞ്ഞു, അവർക്ക് ഉടനെ വരാൻ നിവൃത്തിയില്ലാത്തതുകൊണ്ടു പിന്നെ ഒരു സമയത്തേക്കു മാററി വയ്ക്കണമെന്ന്. അതാണ് ഇപ്പോഴത്തെ നിലപാട്. ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറിൽ നിന്നും എടുക്കുന്ന നിലപാട് തെററാണെന്നു പറയുന്നത് ശരിയാണെന്നു തോന്നുന്നില്ല. പക്ഷെ ഇക്കാര്യത്തിൽ ആർക്കു വേണമെങ്കിലും മിനിസ്റ്ററെ കണ്ടു സംസാരിക്കുന്നതിനു യാതൊരു വിരോധവുമില്ല. അവരുടെ പ്രതിനിധികളെ കൂടിയാലോചന സമയത്ത് ക്ഷണിച്ചിട്ടില്ലായിരുന്നുവെങ്കിലും, എയിഡഡ് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സിനെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളെപ്പററിയും ചർച്ച ചെയ്യാൻ സാധിച്ചിട്ടുണ്ട്. പക്ഷെ ആ ചർച്ച പൂർണ്ണമായിട്ടില്ല. മറെറാരു ദിവസത്തേക്ക് മാററിവെച്ചിരിക്കുകയാണ്. ഇത്രയും മാത്രമാണ് ഇതിനെപ്പററി ഗവണ്മെൻറിൽനിന്നും എടുത്തിട്ടുള്ള നിലപാട്.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : സർ, അടുത്ത ദിവസം ചർച്ച ചെയ്യാൻ കൂടുന്ന അവസരത്തിൽ മെമ്മോറാണ്ടത്തിൽ ഒപ്പുവെച്ചിട്ടുള്ള മററു സംഘടനകളുടെ പ്രതിനിധികളെ കൂടി വിളിക്കാൻ തയ്യാറാകുമോ ?

ശ്രീ. ആർ. ശങ്കർ : ആർക്കു വേണമെങ്കിലും മിനിസ്റ്ററെ കണ്ടു സംസാരിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കാമെന്നല്ലാതെ വേറൊന്നും ചെയ്യാൻ സാധിക്കുകയില്ല.

PRESENTATION OF REPORT

Shri D. Damodaran Potti : Sir, I, Chairman, Committee on Government Assurances, present the Eleventh Report of the Committee.

FINANCIAL BUSINESS

General discussion of the Budget for the Financial Year 1964-65 contd.)

Mr. Chairman (Shri K. M. George): Mr. Baby John may speak. The hon. Member may take ten minutes.

ശ്രീ. ബേബിജോൺ : സർ, നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററ് സൂക്ഷ്മമായി പഠിക്കാൻ ഞാൻ ശ്രമിച്ചു. അദ്ദേഹത്തിൻെറ പ്രസംഗവും വായിച്ചു. അതിൽ എന്നിൽ ഉളവാക്കിയ പ്രതീതി എന്താണെന്നുവച്ചാൽ പ്രഗൽഭനായ ഒരു ധനകാര്യമന്ത്രിയുടെ പ്രതികരണമല്ല ഇതിനകത്തുള്ളത്, മറിച്ച് ഒരു കണക്കപ്പിള്ളയുടെ കണക്കുകൂട്ടലിൻെറ പ്രതികരണമാണുള്ളതെന്നാണ്. വരവു ചെലവു കണക്കുകൾ എഴുതി ഹാജരാക്കുന്നതല്ല ഒരു ധനകാര്യമന്ത്രിയുടെ പ്രധാനമായ ജോലി ; മറിച്ച് തന്നെ ഏൽപ്പിച്ചിരിക്കുന്ന ഒരു സംസ്ഥാനത്തിൻെറ സാമ്പത്തിക നിലവാരത്തെയും, സാമാന്യജനങ്ങൾക്ക് ആവശ്യമായ പദ്ധതികളെയും ആശ്രയിച്ചാണ് ജയാപജയങ്ങൾ തിട്ടപ്പെടുത്തേണ്ടത്. ഈ ബഡ്ജററു നോക്കുമ്പോൾ കണക്കുകൾകൊണ്ടു ഒരു തട്ടിപ്പ് നടത്തിയിട്ടുണ്ടെന്നുള്ളതിൽ കവിഞ്ഞു മറെറാന്നുംതന്നെയില്ല. അദ്ദേഹത്തിൻെറ കഴിഞ്ഞകാല പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബേബി ജോൺ]

ങ്ങളെ വിലയിരുത്തി നോക്കിയാൽ ഇതു് ഒരു പരാജയമാണെന്നു കാണാം. നിർഭാഗ്യകരമായ ഈ പരാമർശനം നടത്താൻ എന്നെ പ്രേരിപ്പിച്ചതെന്താണെന്നു് വച്ചാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു ഭാഗത്തു പറയുന്നതു്,

> "The number of employees in the public sector increased to 2·37 lakhs on 30-9-1963 from 2·25 lakhs on 30-9-1962"

എന്നാണു്. സർ, പബ്ലിക്കു് സെക്ടറിൽ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള പതിമൂന്നു് ഫാക്ടറികൾ ഉണ്ടെന്നാണു്; സ്റ്റേററ് ട്രാൻസ്പോർട്ടു്, ഇലക്ട്രിസിററി ബോർഡു്, പ്ലാന്റേഷൻ ബോർഡു് തുടങ്ങി ഇതിന്റെയെല്ലാംകൂടി കണക്കുനോക്കിയാൽ അതിൽ രണ്ടേകാൽ ലക്ഷം ആളുകൾക്കു് തൊഴിൽ ഉണ്ടായിരുന്നുവെന്നു പറയുന്നു. അതു് വിശ്വസിക്കാൻ സാദ്ധ്യമല്ല. കാരണം പ്രൊഡക്ടിവിററി യൂണിററും അല്ലാത്തതുംകൂടി ചേർത്തു്, എല്ലാംകൂടിയാണെങ്കിൽ ഒരു പക്ഷെ വിശ്വസിക്കാമായിരുന്നു. വാസ്തവത്തിൽ ഈ ബഡ്ജററിൽ കൊടുത്തിരിക്കുന്നതു് സത്യസന്ധമായ ഒരു കണക്കാണെങ്കിൽ ഗവൺമെന്റുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിലെല്ലാംകൂടി എത്രയെത്ര ആളുകൾക്കു് പുതിയതായി ജോലി ലഭിച്ചുവെന്നും, ട്രാൻസ്പോർട്ടു്, ഇലക്ട്രിസിററി ബോർഡു് തുടങ്ങിയ സ്ഥാപനങ്ങളിൽ പുതിയതായി എത്രയെത്ര ആളുകൾക്കു് ജോലി ലഭിച്ചുവെന്നും—ഈ ഗവൺമെന്റു് അധികാരത്തിൽ വന്നതിനുശേഷം—ഉള്ളതിനു് വ്യക്തമായ കണക്കുകൾ പറയുന്നതിനു പകരം 2·25 ലക്ഷത്തിൽനിന്നും 2·37 ലക്ഷത്തിലേക്കു് വർദ്ധിച്ചുവെന്നാണു് പറയുന്നതു്. നേരെമറിച്ചു് അതിനു് താഴെ കൊടുത്തിരിക്കുന്ന വാചകം എന്താണെന്നു നമുക്കു് പരിശോധിക്കാം.

> "The growth of private sector employment was, however, not significant. The number of factories increased from 2573 in 1962 to 2600 in 1963.

അവിടെയും അദ്ദേഹം വളരെ സൂത്രത്തിലാണു് കണക്കു കൂട്ടിയിരിക്കുന്നതു്. സത്യസന്ധമായ കണക്കാണു് ഈ ബഡ്ജററിൽ കൊടുത്തിരുന്നതെങ്കിൽ പുതിയ വ്യവസായശാലകൾ ആരംഭിച്ചതിന്റെ ഫലമായി എത്രപേർക്കു് പുതിയതായി ജോലി കൊടുത്തുവെന്നും, വ്യവസായശാലകൾ പൂട്ടിയിട്ടതിന്റെ ഫലമായി എത്രപേർക്കു് ജോലി നഷ്ടപ്പെട്ടുവെന്നും വ്യക്തമായി കാണിക്കേണ്ടതായിരുന്നു. എന്നാൽ അതു് പറയാതെ ഇവിടെയും അദ്ദേഹം ഉഴപ്പിയ മട്ടിൽ "Though 230 factory units were opened during 1963, 203 factories were closed" എന്നു് പറഞ്ഞു വിട്ടിരിക്കുകയാണു്.

അദ്ദേഹം പറയുന്നുണ്ടു് :

> "During 1962-63 the State income registered an increase of 3 per cent over the previous year...."

എന്നു്. ഇതുകേട്ടാൽ തോന്നും 1962-63-ൽ 3 ശതമാനം വർദ്ധനവുണ്ടായി എന്നു്. ഗവൺമെന്റിന്റെ ഇതുവരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ മൊത്തത്തിൽ ഒരു വർദ്ധനവു് കാണുന്നതിന്റെ പ്രതീതി വായിക്കുന്നവർക്കു് ഉണ്ടാക്കുന്നതിനുവേണ്ടിയാണു് ഇങ്ങനെ പറഞ്ഞിരിക്കുന്നതു്. പുരോഗതിയില്ലെന്നു വെട്ടിത്തുറന്നു പറയുന്നതിനു പകരം അതു ഒളിച്ചുവയ്ക്കുന്ന ഏർപ്പാടാണു് ഇതിൽ കാണുന്നതു്. ഇവിടെ

> 'It has been estimated that there was a fall in regional income in 1961-62 from the previous year. This was mainly due to the fall in agricultural output caused by the unprecedented floods during the crop Seasons.'

എന്നു പറയുന്നുണ്ടു്. സർ, അവിടെയാണു് പ്രശ്നം. 1962–63-ൽ 1961–62 നേക്കാൾ മൂന്നു ശതമാനം ദേശീയവരുമാനംകൂടി എന്നു പറയുന്നിടത്തു് 1960–61-ൽ നിന്നു് എത്രമാത്രം കുറഞ്ഞു എന്നു പറയുന്നില്ല. 1960–61-ൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നു് 1962–63-ൽ മൊത്തത്തിൽ ദേശീയ വരുമാനം എത്രശതമാനം കൂടുകയോ കുറയുകയോ ചെയ്തിട്ടുണ്ടു് എന്നുള്ള കാര്യത്തെപ്പററി സത്യസന്ധമായ ഒരു സമീപനം നമ്മുടെ ധനകാര്യമന്ത്രി എടുത്തിട്ടില്ല. മറിച്ചു് കണക്കുകാം സൗകര്യപൂർവ്വം ഏതെങ്കിലും രംഗത്തിൽ വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതു മാത്രമാണു് കാണിക്കുന്നതു്. അങ്ങനെ ഈ മൂന്നുരംഗത്തും short fall ആണെന്നു സമ്മതിക്കുന്നു. അഖിലേൻഡ്യാടിസ്ഥാനത്തിൽ പരിശോധിക്കുകയാണെങ്കിൽ കേരളത്തിലെ പ്രതിശീർഷവരുമാനം കുറവാണെന്നാണു് കാണാൻ സാധിക്കുക. സാധാരണക്കാരന്റെ ജീവിതം ദുസ്സഹമായിത്തീരുന്ന ഒരു സാഹചര്യമാണു് ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഉണ്ടായിട്ടുള്ളതു്. നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു് ഫലപ്രദമായ യാതൊരു നടപടിയും ഈ ഗവണ്മെൻറു് ഇതേവരെ സ്വീകരിച്ചിട്ടില്ല. നാൺ ടാക്സ് റവന്യൂ വർദ്ധിപ്പിക്കുന്നതിനു് യാതൊന്നും ഇതിൽ പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ തന്നെ പറയുന്നുണ്ടു്,

'Short fall in forest and minerals.'

ഫാറസ്റ്റിൽനിന്നു് പ്രതീക്ഷിച്ച വരവു് കിട്ടിയിട്ടില്ല എന്നു്; മിനറൽസിൽ നിന്നു് പ്രതീക്ഷിച്ചത്ര വരവു് കിട്ടിയിട്ടില്ല എന്നു്. ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷമാണു് ഈ മിനറൽ ഫാക്ടറികാം പൂട്ടിയിടാൻ തുടങ്ങിയതു്. അന്നു വ്യവസായവകുപ്പുമന്ത്രി ഒരു മാസത്തിനകം ഈ ഫാക്ടറികാം തുറന്നു പ്രവർത്തനമാരംഭിക്കുമെന്നു ഈ നിയമസഭയ്ക്കു് ഉറപ്പുതന്നതിനുശേഷം 1964-ലെ ബഡ്ജററു അവതരിപ്പിക്കുമ്പോഴും ഇന്നു ഒരൊററ മിനറൽ ഫാക്ടറിപോലും പ്രവർത്തിക്കുന്നില്ല എന്നു പറയുന്നതിൽ ഖേദമുണ്ടു്, സർ. നിലവിലുള്ള വ്യവസായങ്ങാം നിലനിറുത്തുന്നതിനു് ഈ ഗവണ്മെൻറിനു് കഴിഞ്ഞിട്ടില്ലെന്നു എനിക്കാക്ഷേപമുണ്ടു്. അതുപോലെ തന്നെ ആക്കണ്ടു്, സർ, സംതൃപ്തി? എൻ. ജി. ഓ. മാർ പരാതി പറയുകയാണു്; പ്രൈവററു് സ്കൂാം അദ്ധ്യാപകർ പറയുകയാണു്; ട്രാൻസ്പോർട്ടു് ജീവനക്കാർ പറയുകയാണു്; ഇങ്ങനെ ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം ഇന്നു ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ആളുകാംക്കു് യാതൊരു സംതൃപ്തിയുമില്ല. മറിച്ചു് ഈ ഗവണ്മെൻറു് ഫാസിസത്തിലേക്കു് നീങ്ങുന്നു എന്ന ആരോപണമാണു് എനിക്കു ഉന്നയിക്കാനുള്ളതു്. പോലീസ് മർദ്ദനം അനുസ്യൂതമായി നടത്തിവരികയാണു്. ചവറയിലും, തിരുവല്ലായിലും ലാത്തിച്ചാർജ്ജു് നടത്തിയിട്ടു് തിരുവല്ലായിൽമാത്രം പരസ്യാന്വേഷണം നടത്താമെന്നു സമ്മതിച്ചിരിക്കുകയാണു്. അതുപോലെ തന്നെ കീരിത്തോട്ടു് ലാത്തിച്ചാർജ്ജും ടീയർഗ്യാസു് പ്രയോഗവും നടത്തിയെന്നു ഗവണ്മെൻറുതന്നെ സമ്മതിക്കുന്നുണ്ടു്. അതുമാത്രമല്ല അവിടെ വെടിവയ്പു നടന്നു എന്നു് ഇവിടെയുള്ള വലിയൊരു വിഭാഗം ആളുകാംക്കു് അഭിപ്രായമുണ്ടു്. അങ്ങനെയൊരു അഭിപ്രായം മുന്നോട്ടു വന്നിട്ടുള്ള സ്ഥിതിക്കു് ജനാധിപത്യ മര്യാദയനുസരിച്ചു് ഗവണ്മെൻറു് അതേപ്പററി ഒരു ജൂഡീഷ്യൽ അന്വേഷണം നടത്തുകയാണു് ചെയ്യേണ്ടതു്. അതിനു പകരം ഫാസിസ്ററു ചിന്താഗതിയോടുകൂടി ഞങ്ങാം അന്വേഷണം നടത്തുകയില്ല എന്നൊരു ദുർവാശിയാണു് മുഖ്യമന്ത്രി പിടിക്കുന്നതെങ്കിൽ, നിങ്ങളുടെ കാലാവധി തീരുന്നതോടുകൂടി ഇവിടെ കാൺഗ്രസ്സിനെ കഴിച്ചുമൂടേണ്ടിവരും എന്നു മാത്രമേ എനിക്കു് ഈ അവസരത്തിൽ പറയുവാനുള്ളു.

ശ്രീ. പി. സി. രാഘവൻനായർ: ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിൽ ഏററവും പ്രധാനമായി ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു കാര്യം അഞ്ചാമത്തെ തവണ അവതരിപ്പിക്കുന്ന ബഡ്ജററാണെന്നുള്ളതാണു്. ഈ വിശേഷവിധി ഒഴിച്ചാൽ മററു ഇതിൽ പറയുന്ന കാര്യങ്ങളെല്ലാംതന്നെ തികച്ചും പൊള്ളയായിട്ടുള്ളതാണു് എന്നാണു് എന്റെ അഭിപ്രായം. ഇതൊരു മിച്ച ബഡ്ജററാണെന്നാണു് പറയുന്നതു്. 3 കോടി 58 ലക്ഷം രൂപയുടെ മിച്ചമുണ്ടാകുമെന്നു പറഞ്ഞ അതേ ശ്വാസത്തിൽതന്നെ ക്ഷേമനിർദ്ദേശങ്ങാം നടപ്പിൽ വരുത്തുകയാണെങ്കിൽ 2 കോടി 76 ലക്ഷം രൂപയുടെ കമ്മിയോടുകൂടി ആയിരിക്കും അവസാനിക്കുക എന്നും പറഞ്ഞിരിക്കുകയാണു്. വളരെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

വ്യക്തമായ നിലയിൽ ബോദ്ധ്യംവന്ന കാര്യമാണ്, ക്ഷേമനിർദ്ദേശങ്ങളടക്കം ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തുകയാണ് ഈ കൊല്ലത്തിൽ ഗവണ്മെൻറിൻെറ ചുമതലയെന്നും ആ ചുമതല നിർവ്വഹിക്കുകയാണെങ്കിൽ കമ്മി വരുമെന്നുമാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഈ ചുമതല നിർവ്വഹിക്കുവാൻ പോകുന്നുണ്ടോ ഇല്ലയോ എന്നുള്ള കാര്യങ്ങളൊക്കെയും സംശയാസ്പദമായിട്ടാണ് ഈ ബഡ്ജററിൽ ഉന്നയിച്ചിട്ടുള്ളത്. തന്നെയുമല്ല ഈ ക്ഷേമ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുമോ എന്നുള്ള കാര്യത്തിൽ സംശയിക്കാൻ മറെറാരു പ്രധാന കാരണംകൂടിയുണ്ട്. കഴിഞ്ഞ കൊല്ലം അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിൽ 80 ലക്ഷം രൂപയാണ് റവന്യൂ കണക്കിൽ മിച്ചമുണ്ടായിരുന്നത്. ആ ബഡ്ജററ് പുതുക്കി ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള കണക്കു പ്രകാരം ബഡ്ജററിൽ 5 കോടി 12 ലക്ഷം രൂപ മിച്ചമുണ്ടാകുമെന്നാണ് കാണുന്നത്. ഇതിൽനിന്ന് വളരെ വ്യക്തമാകുന്നുണ്ട്, ക്ഷേമ പരിപാടികളോ, അല്ലെങ്കിൽ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ മുഴുവനുമോ നടപ്പിൽ വരുത്താത്തതിൻെറ ഫലമായിട്ട് ഇത്രയധികം രൂപ മിച്ചമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട് എന്നുള്ളത്. സർ, കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ വളരെയധികം സാമൂഹ്യപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്ന തുകയിൽ ഒരു നയാപൈസപോലും ഇന്നുവരെ ചെലവു ചെയ്യാത്തതുകൊണ്ടാണ് ഇത്രയും തുക ഈ കൊല്ലത്തെ ബഡ്ജററിൽ മിച്ചമായി കാണിക്കാൻ സാധിച്ചിട്ടുള്ളതെന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. കഴിഞ്ഞവർഷത്തിൽ നാലഞ്ചു ഇനങ്ങളിലായി, അഗ്രികൾച്ചറൽ ലേബറേഴ്സിനെ പുനരധിവസിപ്പിക്കുന്ന കാര്യത്തിലും വിധവകൾക്ക് സംരക്ഷണം നൽകുന്ന കാര്യത്തിലും, ക്ഷയരോഗികൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടിയിട്ടും, മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനു വേണ്ടിയും കുറേ തുകകൾ നീക്കിവച്ചിട്ടുള്ളതിൽ ഒരു നയാപൈസപോലും ചെലവാക്കാതെ ഇവിടെ കൊണ്ടുവന്ന ബഡ്ജററിൽ മിച്ചമുണ്ടായിരിക്കുന്നു എന്നു പറയുകയാണ്. ഈ മിച്ചത്തിൻെറ കണക്കുകൾ എടുത്തുനോക്കുമ്പോൾ സ്വാഭാവികമായി പലരും ചോദിച്ചേക്കും, എന്തിനു മിച്ചം മൂന്നുകോടി അൻപത്തെട്ടു ലക്ഷം രൂപയായി കുറച്ചു, ചെലവൊന്നും ചെയ്യാതിരുന്നെങ്കിൽ റവന്യൂ കണക്കിലുണ്ടായിരുന്ന 76 കോടി രൂപയും മിച്ചമുണ്ടാക്കാൻ സാധിക്കുമായിരുന്നില്ലേ എന്ന്. ഒരു പക്ഷേ വല്ലവരും അങ്ങനെ ചോദിച്ചാൽ അതിൽ തെററില്ലെന്നാണ് എൻെറ അഭിപ്രായം. പുരോഗമനപരമായ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ വേണ്ടിയിട്ട് ഒന്നിൽ ചില്വാനം കോടിരൂപ ഈ കൊല്ലത്തിൽ നീക്കിവച്ചിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനെ തുടർന്നു ഏതെല്ലാം വിഭാഗങ്ങളിൽനിന്നു ഇനിയും ആവലാതികൾ വരാനിരിക്കുന്നുവെന്ന കാര്യം മുഖ്യമന്ത്രി ആലോചിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. പ്രൈവററ് സ്കൂൾ അദ്ധ്യാപകർ അടക്കമുള്ള എൻ. ജി. ഓ. മാർക്കു ക്ഷാമബത്ത വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മൂന്നുരൂപ കൂട്ടികൊടുക്കാൻ വേണ്ടിയുള്ള തുക നീക്കിവച്ചിട്ടുണ്ട്. ഈ ഇനത്തിൽ തന്നെയും പ്രൈവററ് സ്കൂൾ അദ്ധ്യാപകരുടെ കാര്യം പ്രത്യേകമായി എടുത്തു പറഞ്ഞിട്ടുണ്ട്. പ്രൈവററു സ്കൂൾ അദ്ധ്യാപകരെ പ്രത്യേകമായി എടുത്തു പറയുന്നുണ്ടെങ്കിലും അവരോടൊപ്പം തന്നെ ജോലിയെടുത്തുകൊണ്ടിരിക്കുന്ന വലിയൊരു വിഭാഗത്തെ ഒഴിവാക്കിയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ വ്യക്തമാക്കുകയാണ്. നോൺടീച്ചിംഗ് സ്റ്റാഫിൽപ്പെട്ട വിഭാഗത്തെ ഇവരുടെകൂട്ടത്തിൽ ഉൾപ്പെടുത്താതെ ഒഴിച്ചു നിറുത്തിയിരിക്കുകയാണ്. ആയിരക്കണക്കിനുള്ള ജനവിഭാഗങ്ങളാണ് അവർ. അവരെ സംബന്ധിച്ചിടത്തോളം അവർക്കും ക്ഷാമബത്ത കൂട്ടികിട്ടണമെന്നുള്ള ആവശ്യം മുന്നോട്ടുവരാൻ തുടങ്ങിയിരിക്കുകയാണ്. അതേമാതിരി ചുരുങ്ങിയ പെൻഷൻ 20 രൂപ കൊടുക്കാൻവേണ്ടിയിട്ട് ഇതിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഏഴരരൂപക്കൂടി കൂടുതൽ കിട്ടത്തക്കനിലയിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നു പറയപ്പെടുന്നു. ഈ പെൻഷൻ ആനുകൂല്യം അതേസമയത്തു ഗവണ്മെൻറു ജീവനക്കാർക്ക് എന്നുമാത്രം പറഞ്ഞുകൊണ്ട് അവ്യക്തമായ

LIBRARY ARCHIVES Kerala Legislative Assembly

ഭാഷയിൽ ഏതൊക്കെ ജനവിഭാഗങ്ങളെ ഒഴിവാക്കിയിട്ടില്ലേ എന്നു ഞാൻ ചോദിക്കുകയാണ്. എന്തുകൊണ്ടെന്നാൽ, ആറുരൂപയും ഏഴുരൂപയും മാത്രം ചുരുങ്ങിയ പെൻഷൻ കിട്ടുന്ന ആയിരക്കണക്കിനു് റിട്ടയർ ചെയ്തിട്ടുള്ള ഡിസ്ട്രിക്ട് ബോർഡ് സ്കൂൾ അദ്ധ്യാപകന്മാരും എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാരും ഇന്നു മലബാറിലുണ്ട്. ഇന്നു് അവരെ സംബന്ധിച്ചിടത്തോളം ഈ 20 രൂപ പെൻഷൻ കിട്ടുമോ എന്നുള്ളകാര്യം സംശയത്തിലാണ്. ഇക്കാര്യം പ്രത്യേകമായി എടുത്തുപറഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഗവണ്മെന്റ് ജീവനക്കാർ എന്നുള്ള നിർവ്വചനത്തിൽ റിട്ടയർ ചെയ്തിട്ടുള്ള ഡിസ്ട്രിക്ട് ബോർഡ്— എയിഡഡ് സ്കൂൾ അദ്ധ്യാപകർ പെടുമോ എന്നുള്ള കാര്യം സംശയാസ്പദമായി നിലകൊള്ളുകയാണ്. ഏതായാലും ഈ പറയുന്ന ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ വിഭാഗങ്ങൾക്കുതന്നെയും കിട്ടാത്ത സാഹചര്യത്തിലാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതു്. തന്നെയുമല്ല, സർ, കേവലം മൂന്നുരൂപ ഇന്നു വരുമാനം വർദ്ധിപ്പിച്ചു കൊടുത്തു എന്നു പറയുന്നതു് ഇന്നത്തെ ജീവിതനിലവാരവുമായി തട്ടിച്ചുനോക്കുമ്പോൾ യാതൊരുവിധ പ്രശംസയും വകയില്ലാത്ത ഒരു സംഖ്യമാത്രമേ ആകുന്നുള്ളു.

1963-ലെ ജീവിതസൂചിക എടുത്തുനോക്കുകയാണെങ്കിൽ ഏററവുമധികം ജീവിതസൂചിക വർദ്ധിച്ചിട്ടുള്ളതു് കോഴിക്കോട് പട്ടണത്തിലാണെന്നു കാണാം. കഴിഞ്ഞ മാസത്തിൽ 563 ആയിരുന്ന കോഴിക്കോട്ടു പട്ടണത്തിലെ ജീവിത സൂചിക ഈ മാസത്തിൽ 565 ആയി വർദ്ധിച്ചിരിക്കുകയാണ്. അപ്പോൾ ജീവിതസൂചിക കൊല്ലംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന കോഴിക്കോട്ടു പട്ടണത്തിൽ മററിവിടെയുള്ളതിനേക്കാളും ജീവിതച്ചിലവു് വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണാൻ കഴിയും. 1939-ലെ ജീവിത സൂചികയുടെ അടിസ്ഥാനത്തിൽ അന്നത്തെ ഇൻഡക്സ് 100 ആയിരുന്നെങ്കിൽ ഇന്നതു വർദ്ധിച്ചു് 565 ആയിട്ടു് ഉയർന്നിട്ടുണ്ട്. അപ്പോൾ ഇന്നത്തെ ഈ തോതിലുള്ള ജീവിതച്ചെലവു് അങ്ങനെ 5.65 ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു് വ്യക്തമായിട്ടുള്ള യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യത്തെ കണക്കിലെടുത്തുകൊണ്ടാണോ ഈ 3 ഉറുപ്പിക തോതിലുള്ള വർദ്ധനവു് അനുവദിച്ചിട്ടുള്ളതെന്നു് ഞാൻ ഗവണ്മെൻറിനോടു് ചോദിക്കുകയാണ്. ഒരു ജീവനക്കാരനു് 3 രൂപ പ്രതിമാസം വർദ്ധനവു് കിട്ടിയിട്ടുണ്ടെന്നു വിചാരിച്ചു് സന്തോഷിച്ചു ദിവസം ഒരു കപ്പു് കാപ്പി കൂടുതൽ കുടിക്കാൻ തീർച്ചയാക്കി എന്നു വിചാരിക്കുക. അതിന്റെ ഫലമായിട്ടു് ഉണ്ടാകാനിരിക്കുന്ന കടം എന്താണെന്നു് ബഹുമാനപ്പെട്ടമന്ത്രി കണക്കു നോക്കിയിട്ടുണ്ടോ? ഒരു ചായയ്ക്കു് 15 നയാപൈസ കൊടുക്കേണ്ടതുണ്ട്. അങ്ങനെ ഒരു ചായയ്ക്കു 15 പൈസ കൊടുക്കുകയാണെങ്കിൽ നാലരരൂപ അയാൾക്കു ആ ഇനത്തിൽ മാത്രമായിട്ടു് പ്രതിമാസം ചെലവുവരും. അതിന്റെ അർത്ഥം ഈ 3 രൂപ കൂടുതൽ വരുമാനം കിട്ടിയിട്ടുണ്ടെന്നുള്ള വിശ്വാസത്തെ മുൻനിറുത്തി ഒരുകപ്പു ചായ കൂടുതൽ കുടിച്ചാൽ ഈ ഒരു കപ്പു ചായയുടെ പേരിൽതന്നെ അയാൾ ഒരുമാസം ഒന്നര ഉറുപ്പികയുടെ കൂടുതൽ കടക്കാരനാകും. 1959—ലെ നൈനിററാം ലേബർ കോൺഫറൻസ് അംഗീകരിച്ചിട്ടുള്ള ജീവിതസൂചികയുടെ അടിസ്ഥാനത്തിൽ കണക്കാക്കുകയാണെങ്കിൽ, ജീവിതസൂചിക നാനൂറായിട്ടുയരുമ്പോഴേക്കും ഒരു കുടുംബത്തിനു് 120 ഉറുപ്പികയെങ്കിലും ശമ്പളം കിട്ടണമെന്നായിരുന്നു അവരുടെ കണക്ക്; ഈ കണക്കിന്റെ അടിസ്ഥാനത്തിൽ 565 ആയിട്ടു് ജീവിതസൂചിക ഉയർന്നിരിക്കുമ്പോൾ ഇവിടത്തെ ഒരു എൻ. ജി. ഒ. ജീവനക്കാരനു് 175 ഉറുപ്പിക ശമ്പളം കിട്ടിയെങ്കിൽ മാത്രമേ ഇന്നത്തെ ഉയർന്നുവരുന്ന ജീവിതസൂചികയുടെ അടിസ്ഥാനത്തിൽ ജീവിക്കാൻ സാധിക്കുകയുള്ളു. അതിനുള്ള യാതൊരു സാദ്ധ്യതകളും ഇവിടെ ഉണ്ടായിട്ടില്ല. തന്നെയുമല്ല ഏററവുമധികം കൊട്ടിഘോഷിക്കപ്പെടുന്ന ഈ ബഡ്ജററ് കണക്കുകളിൽ ജീവനക്കാർക്കു് എല്ലാംതന്നെ കൂടുതൽ വർദ്ധനവു് കൊടുത്തിട്ടുണ്ടെന്നു പറയുമ്പോൾ ഈ സ്റ്റേററിൽ തന്നെയുള്ള കേന്ദ്രഗവണ്മെൻറു് ജീവനക്കാരുടെയും, അടുത്ത സ്റ്റേററായ മദിരാശിയിലെ ജീവനക്കാരുടെയും സ്ഥിതി കണക്കിലെടുത്തിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. ഈ സ്റ്റേററിൽതന്നെയുള്ള കേന്ദ്രഗവണ്മെൻറിലെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

ആഫീസിലെ ശിപായിക്കു് 92 രൂപ ഇന്നു് ശമ്പളം കിട്ടുന്നുണ്ടു്. മദിരാശിയിൽ 77 ഉറുപ്പിക ശമ്പളം കിട്ടുന്നു. അതേ സമയത്തു് ഈ സ്റ്റേറ്റിലാണെങ്കിൽ 76 ഉറുപ്പികയാണു് ശമ്പളം കിട്ടുന്നതു്. അതുമാതിരി ഈ സ്റ്റേറ്റിൽതന്നെയുള്ള കേന്ദ്രഗവണ്മെൻറിൻെറ ലോവർ ഡിവിഷൻ ക്ലാർക്കിനെ 134 ഉറുപ്പിക ശമ്പളം കിട്ടുമ്പോഴും, അടുത്ത സ്റ്റേറ്റിലുള്ള മദിരാശിയിൽ 120 ഉറുപ്പിക കിട്ടുന്നുണ്ടു്. അതേസമയത്തു് ഈ സ്റ്റേറ്റിലാണെങ്കിൽ ഒരു ലോവർ ഡിവിഷൻ ക്ലാർക്കിനു് 86 ഉറുപ്പിക മാത്രമാണു് കിട്ടുന്നതു്. അപ്പർ ഡിവിഷൻ ക്ലാർക്കിനാണെങ്കിൽ കേന്ദ്രഗവണ്മെൻറു ആഫീസിലെ അപ്പർ ഡിവിഷൻ ക്ലാർക്കിനു് 157 ഉറുപ്പിക കിട്ടുമ്പോഴും മദിരാശി സംസ്ഥാനത്തു് 155 ഉറുപ്പിക കിട്ടുമ്പോഴും ഈ സ്റ്റേറ്റിൽ കിട്ടുന്നതു് 125 ഉറുപ്പിക മാത്രമാണു്. ഒരു നേഴ്സിനു് മദിരാശി സ്റ്റേറ്റിൽ 170 ഉറുപ്പിക കിട്ടുമ്പോഴും ഇവിടെ കേവലം 105 ഉറുപ്പിക മാത്രമേ കിട്ടുന്നുള്ളു. ഒരു പ്രൈവററു സ്കൂൾ അദ്ധ്യാപകനു് അടുത്ത സ്റ്റേററായ മദിരാശിയിൽ 120 ഉറുപ്പിക ശമ്പളം കിട്ടുമ്പോഴും ഈ സ്റ്റേറ്റിൽ കിട്ടുന്നതു് കേവലം 86 ഉറുപ്പിക മാത്രമാണു്. ഇങ്ങനെ അയൽ സ്റ്റേററായ മദിരാശിയിലും ഈ സ്റ്റേറ്റിൽതന്നെ ഉള്ള കേന്ദ്രഗവണ്മെൻറു് ജീവനക്കാർക്കും ഉയർന്ന തരത്തിലുള്ള ശമ്പളം കിട്ടുമ്പോഴും ഈ സ്റ്റേറ്റിലെ ജീവനക്കാർക്ക വളരെ കുറഞ്ഞ ശമ്പളമേ കിട്ടുന്നുള്ളു.

വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അടുത്ത സ്റ്റേററായ മദിരാശി സ്റ്റേറ്റിൽ ഈ വർഷം അവതരിപ്പിച്ച ബഡ്ജററിൽ സെക്കൻഡറി സ്കൂൾവരെയുള്ള കുട്ടികൾക്കു് ഫീസ് സൗജന്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടാണു് അവർ ബഡ്ജററു് തയ്യാറാക്കിയിട്ടുള്ളതു്. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഇവിടെ അദ്ധ്യാപകരുടെ ശമ്പളം ഉയർത്താൻവേണ്ടി കേന്ദ്രഗവണ്മെൻറിൽനിന്നു കിട്ടുമെന്നു പറയപ്പെടുന്ന തുകപോലും വാങ്ങി ഉപയോഗിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടില്ല. തന്നെയുമല്ല ഇവിടെ വിദ്യാർത്ഥികൾക്കു് പുസ്തകങ്ങൾ സൗജന്യമായി കൊടുക്കുമെന്നു് ബഡ്ജററിൽ പറഞ്ഞിട്ടുണ്ടു്. ഞാൻ ചോദിക്കുന്നു ഇവയെല്ലാം ബഡ്ജററിൽ കൊട്ടിഘോഷിക്കപ്പെടേണ്ട സംഗതികളാണോ? ആസ്ട്രേലിയായിൽനിന്നും, സ്വീഡനിൽനിന്നും സൗജന്യമായി കിട്ടുന്ന കടലാസുകൊണ്ടുവന്നു് ആ കടലാസുപയോഗിച്ചു് പുസ്തകങ്ങൾ അടിച്ചു് സൗജന്യമായി കൊടുത്തു എന്നു് ഈ ഗവണ്മെൻറു് പറഞ്ഞിരിക്കുകയാണു്. വിദേശരാജ്യങ്ങളിൽനിന്നു് സൗജന്യമായി കിട്ടുന്ന കടലാസ്സു് ഗവണ്മെൻറു് ആഫീസുകളുടെ ഉപയോഗത്തിനെടുക്കാത്തതിൽ ഗവണ്മെൻറിനെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. അതിൽ ഇത്രയെല്ലാം ഘോഷിക്കേണ്ടതായ സംഗതിയെന്താണു്? അതുപോലെതന്നെ കെയറിൻെറ ഭക്ഷണസാധനങ്ങൾ 16 ലക്ഷത്തോളം കുട്ടികൾക്കു് കൊടുക്കാൻ സാധിക്കുമെന്നു് പറഞ്ഞിരിക്കുകയാണു്. അമേരിക്കയിലെ ദീനദയാലുക്കളായ ആളുകൾ തരുന്ന ആ ഭക്ഷണസാധനങ്ങൾ, കൊച്ചിൻ ഹാർബർവരേയും സൗജന്യമായി എത്തിച്ചുതരുന്ന ആ ഭക്ഷണസാധനങ്ങൾ, ഗവണ്മെൻറു ചിലവിൽ സബ് ഡിപ്പോകളിൽ എത്തുന്നുണ്ടെങ്കിൽകൂടി ആ സബ് ഡിപ്പോകളിൽനിന്നു് സ്കൂളുകളിലേക്കു് എത്തിക്കാനുള്ള പണമോ, മററു സൗകര്യങ്ങളോ ഈ ഗവണ്മെൻറു് ചെയ്യുന്നില്ല. അതു് അദ്ധ്യാപകരുടെ തലയ്ക്കുമീതെ വച്ചുകെട്ടിയിരിക്കുകയാണു്. അവർ അവരുടെ കൈയിൽനിന്നു് പണംകൊടുത്തേ മതിയാവുകയുള്ളു. അപ്പോൾ ഇങ്ങനെ കെയറിൻെറ ഭക്ഷണസാധനവിതരണവും അതുമാതിരി ആസ്ട്രേലിയായിൽനിന്നും, സ്വീഡനിൽനിന്നും സൗജന്യമായി വരുന്ന കടലാസുകൊണ്ടുണ്ടാക്കുന്ന പുസ്തകങ്ങളും സൗജന്യമായിട്ടു് വിതരണം ചെയ്യുന്നതെല്ലാം നമ്മുടെ ഗവണ്മെൻറിൻെറ നേട്ടത്തിൽ പെടുത്തിയിരിക്കുകയാണു്.

പിന്നെ മറെറാന്നു ബഡ്ജററിൽ പ്രതിപാദിച്ചിട്ടുള്ളതു് ജനസംഖ്യാവദ്ധനവു് ആണു് എല്ലാ കുഴപ്പങ്ങൾക്കും കാരണമെന്നു്. കഴിഞ്ഞ കൊല്ലത്തെ പ്രതിശീർഷ വരുമാനത്തിൻെറ ·6 ശതമാനം മാത്രമാണു് വർദ്ധിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

തെന്നു പറയുന്നുണ്ട്. 5 ശതമാനം പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കേണ്ടുന്ന ഒരു സ്റ്റേറ്ററിൽ ഈ ഗവണ്മെൻറിൻെറ ജനക്ഷേമകരമായ പ്രവത്തനങ്ങളുടെ ഫലമായിട്ട് 6· ശതമാനം മാത്രമാണ് ദേശീയവരുമാനം വർദ്ധിച്ചിട്ടുള്ളതെങ്കിൽ വാസ്തവത്തിൽ ഇതു് ഈ സ്റ്റേറ്ററിൻെറ അധഃപതനമാണ് കാണിക്കുന്നതു് എന്നാണ് എനിക്കു പറയാനുള്ളതു്. തന്മൂലം ഇതിനെല്ലാം പരിഹാരമായിട്ട് സന്താനനിയന്ത്രണമാണ് ഗവണ്മെൻറ് ഉദ്ദേശിച്ചിട്ടുള്ള മാർഗ്ഗം. സ്റ്റേററിലുള്ള മുഴുവൻ ആളുകൾക്കും ഗർഭാധാന നിരോധന സാമഗ്രികൾ നൽകാൻവേണ്ടിയിട്ടുള്ള പരിപാടി ഗവണ്മെൻറ് ആസൂത്രണം ചെയ്യുമെന്നാണ് പറഞ്ഞിട്ടുള്ളതു്. ഗർഭാധാന നിരോധന സാമഗ്രികൾ മുഴുവനാളുകൾക്കും നൽകിയിട്ട് ദേശീയവരുമാനം വർദ്ധിപ്പിക്കാനുള്ള പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ പോവുകയാണ്. വ്യവസായവൽക്കരണത്തിനു് പ്രാധാന്യം കൊടുക്കാതിരിക്കുകയും അതുമാതിരി തന്നെ വ്യവസായങ്ങൾ സ്ഥാപിക്കാൻ വേണ്ടിയിട്ട് കേന്ദ്രഗവണ്മെൻറിൽനിന്നും കൂടുതൽ ഗ്രാൻേറാ ധനസഹായമോ കിട്ടുന്ന കാര്യത്തിൽ വേണ്ടുന്നത്ര ശ്രദ്ധിക്കാതെയും മററു സ്റ്റേററുകളിൽ പ്രൈവററ് സെക്ടററിൽ ഉരുക്കു്, ഘന വ്യവസായങ്ങളെല്ലാംതന്നെ സ്ഥാപിക്കുമ്പോൾ കേവലം പ്രൈവററ് സെക്ടററിൽമാത്രം കുറച്ചു വ്യവസായം നടപ്പിൽ വരുത്തിക്കൊണ്ടുള്ള ഒരു വ്യവസായ പരിഷ്ക്കരണമാണ് നടപ്പിൽ വരുത്താൻ പോകുന്നതു്. ഇത്തരത്തിലുള്ള വ്യവസായ പരിഷ്കരണംകൊണ്ട് വാസ്തവത്തിൽ ഈ സ്റ്റേററിലുള്ള ജനങ്ങളുടെ സാമ്പത്തിക നിലവാരം ഉയർത്താൻ കഴിയുകയില്ല. മദിരാശി സ്റ്റേററിനെ സംബന്ധിച്ചിടത്തോളം അവിടത്തെ ഒരു വ്യാവസായികതൊഴിലാളിക്കു 6·72 ഉറുപ്പിക ദിവസേന കൂലി കിട്ടുമ്പോൾ ഈ സ്റ്റേററിനെ സംബന്ധിച്ചിടത്തോളം കേവലം 2·43 ഉറുപ്പിക മാത്രമാണ് കൂലയായി കിട്ടുന്നതു്. ഇനിയും വ്യാവസായിക തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കത്തക്ക നടപടികൾ എടുക്കാൻ കഴിഞ്ഞിട്ടില്ല. ാതിനുള്ള വ്യക്തമായ പരിപാടികളും ഈ ഗവണ്മെൻറിൻെറ മുമ്പിലില്ല. ഈ കാരണങ്ങളെല്ലാം മുൻനിറുത്തിക്കൊണ്ട് ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്.

<u>ശ്രീ. മാവേലത്തു ഗോപിനാഥപ്പിള്ള</u>: സർ, ഞാൻ ഈ ബഡ്ജററിനെ ഹാർദ്ദമായി സ്വാഗതം ചെയ്യുകയാണ്. ഇങ്ങനെ സ്വാഗതം ചെയ്യുന്നതു് ഈ രാജ്യത്തു് ഇതുവരെ നടന്നിട്ടില്ലാത്തവിധം കഴിഞ്ഞ അഞ്ചു വർഷക്കാലം തുടർച്ചയായി ബഡ്ജററ് അവതരിപ്പിച്ച ഒരു ഗവണ്മെൻറിൻെറ ബഡ്ജററ് എന്നുള്ള നിലക്കല്ല. അതു തീർച്ചയായും വളരെ പ്രാധാന്യമേറിയ ഒരു കാര്യമാണ്. പിന്നെ ഒരു മിച്ച ബഡ്ജററ് എന്നുള്ള നിലയ്ക്കുമല്ല. ഈ ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നതു് മുരടിച്ച ശുഷ്കമായി നിന്ന കേരളത്തിലെ കാർഷികമായ സമ്പദ് വ്യവസ്ഥകൾ മാററിക്കൊണ്ട്, ചൈതന്യം തുളുമ്പുന്ന ഒരു വ്യാവസായിക സംസ്ഥാനമായി ഈ രാജ്യത്തെ മാററുന്നതിനുള്ള അടിത്തറയിട്ട ഒരു ഗവണ്മെൻറിൻെറ ബഡ്ജററ് എന്നുള്ള നിലക്കാണ്. സർ, പ്രതിപക്ഷ ബെഞ്ചുകളിൽനിന്നുള്ള വിമർശനങ്ങളിൽ പ്രധാനമായിട്ടുള്ള വിമർശനം ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷിയിലെ ഉപനേതാവിൻെറതായിരുന്നു. അദ്ദേഹത്തിൻെറ പരാതി ഈ രാജ്യത്തു് വളരെയധികം കോടി രൂപയുടെ നികുതി ഈ ഗവണ്മെൻറ് വന്നതിനുശേഷം കൂടുതലായി ഏർപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതാണ്. സർ, അതു് കുറെയൊക്കെ പരമാർത്ഥമാണ്. 1957–58–ൽ അദ്ദേഹമുൾപ്പെടെയുള്ള ആളുകൾ ഇവിടെ അധികാരത്തിൽ വരുന്ന കാലത്തു് ഈ സംസ്ഥാനത്തു് അന്നത്തെ ടോട്ടൽ ടാക്സ് വരുമാനം 17 കോടി ഉറുപ്പികയായിരുന്നു. 1958–59–ൽ അതിൽനിന്നു് 2 കോടി 77 ലക്ഷംരൂപകൂടി കാണുന്നതായി കാണാൻ കഴിയും. 1959–60–ൽ 1958–59–ലേതിനേക്കാൾ 2 കോടി 33 ലക്ഷം രൂപ മാത്രമായി ടാക്സ് ഇനത്തിൽ വരുന്നുണ്ട്. 1960–61–ൽ കൂടുതൽ കാണുന്നതു് 3 കോടി 3ാ ലക്ഷം രൂപയാണ്. 1961–62–ൽ 3 കോടി 32 ലക്ഷവും, 1962–63–ൽ 4 കോടി 97 ലക്ഷവും, 1963–64–ൽ 7 കോടി 19 ലക്ഷവും, 1964–65–ൽ 2 കോടി 29 ലക്ഷവും ഇങ്ങനെ 1957–58 തുടങ്ങി ഈ വരുന്ന വർഷത്തെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാരേലത്തു ഗോപിനാഥപിള്ള]

ബഡ്ജററിലുള്ള കണക്കുനോക്കുമ്പോൾ എത്രയാണ് 26 കോടി 20 ലക്ഷം രൂപ ഈ കഴിഞ്ഞ (എട്ട്) വർഷക്കാലമായി ഈ രാജ്യത്തു് നികുതി കൂടുതലായി പൊതുജനങ്ങൾ കൊടുക്കേണ്ട ഒരു സാഹചര്യം വന്നിട്ടുണ്ടെന്ന് കാണാൻ കഴിയും. പക്ഷേ ഇതിൽ സംസ്ഥാനത്തിന്റെ നികുതിയായി കാണാൻ കഴിയുന്നതു് 20 കോടി 98 ലക്ഷം രൂപയാണ്. ബാക്കിയുള്ള 5 കോടി 22 ലക്ഷം രൂപ സെൻട്രൽ ഇനത്തിലുള്ള നികുതി ഉൾപ്പെടെയുള്ള ബാക്കിവരുമാനമാണ്. അങ്ങനെ പത്തിരുപത്തു കോടി രൂപ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം കൂടുതലായി നികുതികൊടുക്കേണ്ട സാഹചര്യം ഇവിടെ ഉണ്ടെന്നുള്ള വസ്തുത സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അതിലൊരുവശം മാത്രം പറഞ്ഞു് തെററിദ്ധാരണ ഉണ്ടാക്കാൻ പര്യാപ്തമായ ഒരു കാര്യമാണ്. ടാക്സേഷനെ സംബന്ധിച്ച് നാം ഇന്നൊരു പ്രധാന കാര്യം ഓർക്കേണ്ടതു്, അവികസിതമായ സാമ്പത്തിക വ്യവസ്ഥിതിയുള്ള ഒരു രാജ്യത്തു് ടാക്സേഷൻ പോളിസിയുടെ ഉദ്ദേശം വളരെ ദ്രുതഗതിയിലുള്ള സാമ്പത്തികമായ പുരോഗതിയാണ്. പ്രധാനമായിട്ടുള്ള ഉദ്ദേശം വളരെ ദ്രുതഗതിയിലുള്ള എക്കണോമിക് ഡെവലപ്മെൻറാണ്. മറെറാരുകാര്യം നാം ഓർക്കേണ്ടതു് ഇൻഡ്യയുടെ ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിയിൽ നാം ഏതു ചേരിയിൽനിന്നു കൊണ്ടു് ഈ പുരോഗതി നേടുന്നു എന്നുള്ളതാണ്. സർ, സോഷ്യലിസത്തിലേക്ക് നീങ്ങുന്ന ഒരു രാജ്യമന്നുള്ള നിലക്ക് ഇൻഡ്യ ഇന്നു് മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടത്തെ ഒന്നും രണ്ടും പഞ്ചവൽസരപദ്ധതികൾ നോക്കിയാലും ഇൻഡ്യയിൽ നികുതി കൂടുന്നതു് എന്തുകൊണ്ടാണെന്നു് കാണാൻ കഴിയും

ശ്രീ. കെ. ഭാർഗ്ഗവൻ: സെൻട്രൽ ഷെയർ എന്ന ഇനത്തിൽ മൂന്നാം പദ്ധതിയിൽ കണക്കു കൂട്ടിയതിനെക്കാൾ 11 കോടി ഉറുപ്പിക അധികമാണ്. മൂന്നാം പദ്ധതിയിൽ 23 കോടി രൂപയുടെ അധികകരം ചുമത്തേണ്ടിയിരിക്കുന്നു. 23 കോടി രൂപയുടെ അധികനികുതി ചുമത്തേണ്ടതിനു പകരം മൂന്നാം പദ്ധതിയിൽ 30 കോടി രൂപയുടെ കരം ചുമത്തിയതു് എന്തുകൊണ്ടാണ്? എക്സസ്സ് ടാക്സേഷനല്ലേ ഇതു്?

ശ്രീ. മാരേലത്തുഗോപിനാഥപിള്ള: ഞാൻ പറയാം. മററുകാര്യങ്ങൾ പറയുന്ന കൂട്ടത്തിൽ പറയാം. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ പബ്ലിക്ക് സെക്ടററിൽ 46 ശതമാനമായിരുന്നു, ഇതു് രണ്ടാം പദ്ധതിയിൽ 54 ശതമാനമായി വദ്ധിക്കുന്നതായി കാണാൻ കഴിയും മൂന്നാംപദ്ധതിയിലാണെങ്കിൽ 61 ശതമാനമായി വർദ്ധിച്ചതായികാണാൻ കഴിയും. ഇങ്ങനെ പബ്ലിക്ക്സെക്ടറിൽ ഓരോ പദ്ധതി കഴിയുമ്പോഴും കൂടുതൽ കൂടുതലായി നാം ചെലവാക്കുന്നു എന്നുള്ളതു് നമ്മെ സംബന്ധിച്ചിടത്തോളം കാണുമ്പോൾ, എന്റെ സ്നേഹിതൻ ശ്രീ. രാഘവൻനായർ പറഞ്ഞ—പബ്ലിക്ക് സെക്ടററിലാണ് മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും ഏററവും കൂടുതൽ നിക്ഷേപവും മററും കാണാൻ കഴിയുന്നതു്, കേരളത്തിലാണെങ്കിൽ കുറെ പൗവ്വർ പ്ലൂംസ് മാത്രമേ ഉണ്ടാക്കിയിട്ടുള്ളവെന്നു്. ഇതു് തെററാണ്. ഓരോ പഞ്ചവത്സരപദ്ധതി കഴിയുമ്പോഴും പബ്ലിക്ക് സെക്ടററിലുള്ള ഇൻവെസ്ററ്മെൻറു് കൂടുതലാണെന്നു് കാണാൻ കഴിയും. ശ്രീ. ഭാർഗ്ഗവൻ പറഞ്ഞതു് തെററാണ്. 30 കോടിയോളം എന്നു് അദ്ദേഹം പറഞ്ഞതു് തെററാണ്. സ്റ്റേററു് സെക്ടററിൽ 20 കോടി മാത്രമേ നികുതിയിനത്തിൽ ഈടാക്കാൻ കഴിഞ്ഞിട്ടുള്ള എന്നാണു് ബഡ്ജററിലെ കണക്കുകൾകൊണ്ടു കാണുന്നതു്. സർ, അദ്ദേഹം ഇവിടെ പറഞ്ഞു 23 കോടി രൂപയാണ് മൂന്നാം പദ്ധതിക്കാലത്തു് ഈ സംസ്ഥാനത്തു് കൂടുതൽ നികുതി ചുമത്താൻ ഉദ്ദേശിക്കുന്നതെന്നു്. ഇതു് ശരിയായ കണക്കാണ്. അഖിലേൻഡ്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ 1710-ലധികം കോടിരൂപ അഡിഷനൽ ടാക്സായി മൂന്നാം പഞ്ചവത്സരപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടു് അതിൽ സ്റ്റേററിന്റെ വിഹിതം 610 കോടി രൂപയാണ്. 610 കോടി രൂപയിൽ കേരളം വഹിക്കേണ്ട പങ്കു് 23 കോടി രൂപയാണ്. 170 കോടിരൂപ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അഞ്ചു വർഷംകൊണ്ട് നാം ചെലവാക്കുകയാണ്. 170 കോടി രൂപയിൽ 58 കോടിരൂപ ഈ സംസ്ഥാനത്തിന്റെ ഖജനാവിൽനിന്ന് പഞ്ചവത്സരപദ്ധതിക്കുവേണ്ടി ചെലവാക്കേണ്ടിവരും. ഇങ്ങനെ 170 കോടിയിൽ 58 കോടി എന്നു പറഞ്ഞാൽ മറെറാരു രീതിയിൽ പറഞ്ഞാൽ 100 നയാപൈസയിൽ 33 നയാപൈസയേയുള്ളു. 100 നയാപൈസ ചെലവാക്കുന്നതിൽ 33-ലധികം നയാപൈസ 170 കോടി രൂപയുള്ള ഓരോ രൂപയും ഈ രാജ്യത്തുനിന്നും ഉണ്ടാക്കിയേ തീരിയാവൂ. ഈ രാജ്യത്തെ ഫൈനാൻസിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ശ്രീ. ഭാർഗ്ഗവൻ ഓർക്കേണ്ടതായിട്ടുണ്ട്. ഇന്ന് ഇവിടെ കിട്ടുന്ന വരുമാനം എന്താണെന്നു് ഓർക്കേണ്ടതുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ഇപ്പോഴുള്ള വരുമാനം കരം ഈടാക്കുന്നതിൽനിന്നുമാത്രമാണ്. കരംപിരിക്കുന്നതിന്റെ ആവശ്യം രണ്ടാംപഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടി മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്തു് പബ്ലിക്കിൽ നിന്നും കരമീടാക്കുക എന്നുള്ളതു് ഇവിടെ വികസിച്ചു വരുന്ന സാമ്പത്തിക പുരോഗതിയിലേക്കു നീങ്ങണം എന്നുള്ള നിലയിൽ ഇന്നു പൊതുജനങ്ങളുടെ കൈയിൽനിന്നു് കരംപിരിച്ചേ മതിയാകൂ. ഈ ബഡ്ജററിൽ മൊത്തത്തിൽ കാണാൻകഴിയുന്ന ഒരു വസ്തുത കേരളം അനുക്രമമായി പുരോഗമിക്കുന്നു എന്നുള്ളതാണ്. അങ്ങനെ വളരെ ചൈതന്യം തുളുമ്പുന്ന ഒരു ചിത്രം ഈ ബഡ്ജററിൽ നമുക്കിന്നു് കാണാൻ കഴിയും. മററു ഭാഗങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല.

ഇവിടെ ലാത്തിച്ചാർജിനെപ്പററി പറഞ്ഞുകേട്ടു. ലാത്തിച്ചാർജ് നടത്തേണ്ട ഘട്ടംവന്നാൽ ലാത്തിചാർജ് നടത്തുകതന്നെ ചെയ്യും. അക്രമാസക്തരായ ആളുകളെ നിറപറയും നിലവിളക്കും വച്ച് സ്വീകരിക്കണമെന്നു് ആരും പറയുകയില്ല അങ്ങനെ ഈ ഗവണ്മെൻറ് ഒരിക്കലും ചെയ്യുകയില്ല. ഒന്നു തീർച്ചയാണ്, ഈ വക കാര്യങ്ങളിൽ ഗവണ്മെൻറ് അന്തസ്സായിട്ടുതന്നെ പെരുമാറും. അങ്ങനെ അന്തസ്സായി പെരുമാറുന്നതിന് ഈ രാജ്യത്തെ ഒരു വിഭാഗം ആളുകൾ ഗവണ്മെൻറിനെ ശ്ലാഘിക്കുമെന്ന വസ്തുത അനുസ്മരിപ്പിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജററിന് സർവ്വവിധമായ പിൻതുണയും നൽകുകയാണ്.

Shri K. Chandrasekharan: Mr. Chairman, Sir. I may undoubtedly comment on the budget speech of the hon. Chief Minister that one of the most colourless budgets that have ever been presented in the State Assembly, has been presented this year. Already, it has been repeatedly stated in this House that in this colourless budget there are no new policies and schemes. It will not take me, Sir, much time to comment on what is contained in this budget, nor is it necessary; and I am constrained, Sir, to go outside the scope of the budget speech and tell this House with the utmost humility that I wish to comment on some of the glaring omissions, if I may say so, in the Budget Speech.

This Budget Speech, Sir, does not refer to the general state of corruption that is prevailing in this State, corruption among the services, corruption among the public at large, corruption practically everywhere. I thought, Sir, especially in the aftermath of the new Union Home Minister's proposals for meeting corruption and answering challenges of corruption at the Centre and in the States, there will be some reference in the Budget Speech here to the Vigilance Commission that is proposed to be appointed.

I shall immediately come to the important point, Sir by placing rather frankly certain details before the hon. Members of this House. I am also pointing out, Sir, the omission in this Budget

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

to the education policy that isgoing to be implemented from the coming year Therefore, I may be permitted to concentrate on these aspects-the aspect of corruption; the absence of the reference to the Vigilance Commission, and the aspect of education, the absence of any reference to the new educational policy that is going to be implemented in this State from the next year onwards.

Let us see, Sir, what is the state of the Police in this State What is the general state of corruption here if I may say so. I speak without any bitterness, without meaning any disrespect to anybody, From what I have seen, after being out of Office and after mingling with the public and after what I have been able to gather from the various facets of life in this country, I may say corruption is rampant today in this State, and no hing is being done by the Government to prevent corruption effectively.

It has often been stated, Sir, that this corruption is mainly on account of the Police Officials. Today, viewing the police officials from the police constable to the I. G. of Police one feels that it is something like a Police raj that is prevailing in this State. Whatever the Police constable does, he tells the Home Minister through the I. G. of Police, and it will be supported by the Home Minister I am not saying that it is not always liable to be supported. But the feeling that is there in the police constable that whatever wrong he does will be supported by the I. G. and confirmed by the Home Minister; that is the state of t e Police, Sir. This is rather dangerous and it has taken this State to an abnormal position as far as the general masses are concerned.

Let us remember what happened at Thiruvalla; what happened at Chengannur; what happened at Chavara; what happened at Kott kulam and what is happe ing at Keerithode. In all these cases, the Minister in charge of the Police has supported the Police, the Police illegalities; the atrocities that have been committed by the Police upon the people in my own constituency at Kottikulam have all b en supported. When that matter was raised in the Assembly by an hon. friend of mine. Shri P. M. Kunhiraman Nambiar the Home Minister has stated that there was nothing wrong with the Police and the Police has done nothing. I went there and I am sorry, Sir, in every family out of about 200 families, practically not even one was left without being beaten. The armed police have gone inside the houses at nights and questioned and beat the men and women, and not only men and women, but children also. They were then affected by chicken pox Chicken pox at that time was raging in that area. What is the effect of this? The effect of this is that coruption is let loose on account of the fact that the Police Officials are in charge of anti-cor uption duty. They feel that they can do anything in the name of service of the common man, because they knew nothing will happen to them.

Let me place, Sir, before this House one or two rather very bad instances which I am sure the hon. Chief Minister has not heard of. Probably even the Home Secretary of this State has not yet heard of it.

LIBRARY ARCHIVES Kerala Legislative Assembly

There has been a case of suspension of an Execu ive Engineer. That Executive E gieer was suspended and thereafter t ree Assistant Engineers also were s ispected to be involved in the offence and they were also sus ended. One of them has since been reinstated. I do not propose to give the names of the Officers before the House. Si. Every ody knows about the Executive Engineer. But what is happening? What was the state of evidence when the Police anticorrup ion Departm nt began to work? Today, the evidence is erased. That as done on the strength of the powers of the top officials of the AntiCorruption Department and a report is coming to the hon. Chief Minister—the files are going on in that way. The Anti-corruption Department has suggested that they may be exonerated. I am surprised a this. On what conside ation is it? With the responsibility of a member of this House, I say, that huge amounts coming to h l. a lakh of rupees have been paid to the top officials of the Anti-Corruption Department in this State for the purpose of seeing that this anti-corruption case is no more there. The anti-corruption Office was transferred out of the Department by the then hon Home Minister Shri P. T. Chacko, when he was there and given the prize of I. P. S. for his own work and what happened, Sir. Government thought that it will not be possible to hide things and Government have today ordered an enquiry against these anti-corruption Officials.

What are these the anti-corruption officials to do when they are charged with the task of wiping out corruption- eradicating corruption-today? Si , against one of the top officials of the anti-corruption Department, who is today no longer in the Department, an anti-corruption enquiry has been instituted and that is going on. That is the state of affairs in this Anti-Co ruption Department.

Sir, what is happening in the Railway Police? I may bring instances of railway tickets having been bought free by constables and head constable of the Railway Police after giving the necessary receipt. Probably they are stealing those receipts from the sub-Inspectors or cricle Inspectors. I do not know how.

Chief Minister (**Shri R. Sankar**) Sir, may I ask one thing. Let me know whether the hon. Member will be pleased to state specifically which Officer he means. He suggested that there was a grave charge of curruption against an Officer. Who was really that Officer and who was really nvestigating that anti-corr ption case?

Shri K. Chandrasekharan : Yes sir, I shall give the name of the Exacut ve Enginee . I shall also give the name of the Super ntendent of the Police immediately after my speech. I do not think it is af er all necessary for me to lay the name on the floor of the House. I thought I should be gentlemanly enough to that extent

Sir, the constables of the Ra lway Police are now harassing the third-class passengers in the trains. Ticke s to Madras are being sold on the streets of Quilon and Trivandrum and I am prepared to give the numbers of the tickets sold. How hese police constables, after having obtained the tickets free from the railway sta ion and after having taken these, as if they or their Officers are travelling from Quilon to Madras or Trivandrum to Madras, have sold the tickets in the streets of Trivandrum and Quilon, I do not know.

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

I am not saying that hese things are not happening anywhere else. I am n t saying this on accoun of the fact that t is has happened in Quilon or Trivand um; but I am wounded by the fact that this is the general state of the Police. They think they are something like super-admin strators and they can do anything. It is because the Police force had been brought up and reared by the hon. Shri Chacko in a particular way during the years that passed by, that we have got a state of corru tion in th s State. The state of corruption has assumed Himalayan dimensions and no Vigilance Commissions would ever be able to touch it in the months o come.

Sir, another thing th t I would like to point out is, as has already been poin ed out by my hon. friend Shri P. R. Kurup in he course of the re lies to the Governor's Address is the lotteries that have been given by the Gover ment. I am not going o say about the general policy of the Government. I shall confine my rema ks o one such lottery-the Government sponsored lottery, the Government promoted lottery-conducted by a very big sports club at Ernakulam. The big club has not seen a hocky stick or a football bladder and a lottery has been sponsor d by the Club The firs prize was a Fiat Car and even today, Sir, the first prize winner has not been given that car because acco d-ing to the sports club, there is no first prize winner forthcoming to accept the prize. What is the conduct of the promoter ? What is the conduct of the Club ? Who are the personalities invo.ved in it ? I suspect th t m ny personalities are in olved in it but it is not for me to make my sus icion on the floor of the House. It is for the hon. Chief Minister to enquire i to these aspects a d find out as to how and why the Go ernment spon ored lottery ru by a Sports Club at Ernakulam has not so far cared t give the first prize. The winner for it is there, but there is no counterf il. This is an instance of corruption, corruption engineered by the Government, corrupti n sponsored by Government, corrupti n promoted by the specific orders of the Home Department

Then, Sir, with regard to the cas s in police registers. I do not want to enter int it in detail but I may be permitted to refer to one o two cases. I am prepared to give it in wr ting to the Chief Minister. There are cases wh ch have not been filed before the Magis rates cour s. There are a number of cases which have been entered in the p lice d ary so that w en an inspec ion is made by any superior officer in any s ch local police station or railway police station or n ome others police stat on, it appeared as though the necessary quota of cases have been registered. Sir, this sort of corruption is going on even in the matter of registering cases. I am not surprised at this situation that is going on in this State.

[10 a. m.]

Sir, I may br ng to the no ice of this House another instance of apparent corruption. I am eferring to the battali n that has been raised in the S. A. P. at Trivandrum after the S. A. P. ba talion was sent ove to the north. I may tell the House that he Accountant General, Kerala has raised certain objections on some suspicious questions as to whether the Government of India or the State Government would meet the extra expenditure on the cost of materials, etc. and whether it was really needed. Sir, the materials for the S. A. P. Battalion was used, it is said, for the purpo e of expanding the set up of the City Police Commissioner at Trivandrum.

LIBRARY ARCHIVES Kerala Legislative Assembly

In the matter of the purchase of lorries fo: the purpose of the City Police Commissioner at Triva drum and other purch ses of motor vehicles for the alternate battalion that has been set up in the S A. P., I accuse the Gov rnment of favouritism. These vehicles have been purchase l by the Government to favour one part cular individual. These purchases were ma le in the light o the orders from a top-ranking individual. I say tha these in livi luals are going about thi State as if they are not corrupt and making propaganda that these are all false. Suc things are happening n the political horizon and in the administrative set up of the State. We have to remove corruptio from the Ser ices and c rruption from the general public.

S r, what happened in Trichur? I do not want to go into the merits in detail. The former Home Minister's car hit two or more persons on the 8th. The F I. R. was prep ed a day afte the inc dent, that is, on the 9th. The then Home Minister informed the House that he had intimated the matter to the nearest Police Station. Even then there occurred some delay in prep r ng the F. I. R. It was delaying tactics. It can be presumed that there was some incorrectness in the whole procedure. Take the murder cases. The murder cases are not be ng investigated properly. There are a large number of murder cases in which the Court had acqu tted the persons involved due to want of proper evidence. In many cases the Sessi ns Courts have made strictures against the police. Sir, these things clearly speak of the ineffic ency of the administration. In Karivalloor the other day, one Kunhikannan was murdered. On examination the doctor found it to be a case of homicide. But the investigations have not proved so f that fact. I myself brough this matt r to the notice of the hon. Minister, and I wrote a lette to him But I have not received even an acknowledgement card from him. It clearly shows the state of things.

What is happening in the educational field o the State? The Madras Government have got a 15-year course 11 years in school and 4 years in the college. But here in this State we have got a system of 10-year schoo ing. The All-India pattern s a 5-year educ tion scheme. That was decided upon a few years back. But what had happened in this State? The scheme of higher secondary education has been left out virtually. With he permission of the Chair, I may bring to the notice of the hon. Chief Minister and this House in general to what h s been stated by Dr. John Mathai, one of the eminent Vice Chancello s of our University to Shri Joseph Mundaser i, the then Education Minister in 1958. The files of the Secretariat would tell the truth. Dr. Jo n Mathai was requested by the G ver ment at that time whether the hig er secondary system should afterall be implemented. And as Vice Chanc ll r, he was asked, 'would you not accept the two-year Pre-University course, and the three year degree cour e a d retain the ten-year schooling'. Dr. John Mathai is said to have replied tha the decisi n for the highe secondary scheme in 1957 was taken at New Delhi in a confere ce where the participants w re educatio al experts a d even though he found it very difficult from the financial po nt of view to tell the Governm nt that the secondary system should be implemented, he is ot prepared to advise the Government hat the Higher Secondary system should be dropped and the two year

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

Pre-University system should be introduced. Dr. John Mathai appears to have told the Government then that in at least 100 schools this system might be implemented. But every year Government postponed it. In 1960-61 they even named some schools as higher secondary schools. Thus, the path which Dr John Mathai feared so tread on, the lesser individuals have rushed into, and I say this because the educational scheme in the State is disturbed in such a way. Sir, in 1965 there will be a change of Government and that Government will certainly introduce another educational system. The people are suffering. Who is at fault? It is because of the fault of the Government the people are suffering. What happened to the 25 junior colleges, as they are called? In this Secular State, schools, Colleges are being distributed on the basis of religion, community, caste and sub caste. And under this system of distribution, the number of colleges was exhausted when the name of Cannanore District came into the picture and this is the District from which the hon. Chief Minister has been elected to the Assembly during the last elections. This is the state of affairs.

Sir, in the Budget of the last year, there was a reference regarding the Idikki scheme. It was stated that clearance from the Planning Commission had been obtained for this scheme. But today in the Budget for the year 1964-65, we do not find any reference made to the Idikki scheme. Electricity is an absolute necessity for this State. For industrialising the State, electricity is absolutely necessary. Not even a word of reference has been made in the present Budget regarding the Idikki project I do not know what is going to happen to the Idikki project. It may be made known to the House on what sort of lines the State Government are going to finance that project. Sir, I may just refer to one incident which took place in the implementation of the Defence of India Rules; the one incident in which the Defence of India Rules were applied to register a case against a Member of this august Assembly, Shri Antony D'Cruz. The case ended in the acquittal of the accused. What all nasty smell it has created for nothing. This was a case which could have been disposed of under the provisions of the Indian Penal Code. But the Defence of India Rules were used. Whether the Defence of India Rules were applicable in this case was a matter for controversy as even the High Court could not be moved then. I submit that this was a case where the Defence of India Rules were used for the purpose of party vengeance and personal vengeance.

I may, in passing, refer to one or two other matters also. The Budget refers to the new industrial climate. I am really thankful to the Chief Minister for that. But the fact is that we are hearing about industries for the last four years and that has proved in paper only. They are nothing more than words. Any way the year under review is very important. Two individual enterprenurs who wanted to do some industrial work in this State in collaboration with foreign currency and foreign aid and also with foreign technical assistance have been removed effectively from the State industrial horizon. They are Mr. N. J. Nair and Mr. B. F. Varghese. Mr. Varghese wanted to start a tyre

LIBRARY ARCHIVES Kerala Legislative Assembly

factory and Mr. N. J. Nair started some preliminary work in regard to the factory Heavy Electrical and Transformer Factory-near Angamali in collaboration with a Japanese firm. In both these cases they have been stifled out and they have been removed for reasons we are not aware of. We find that one of the tyre factories existing in this State is being given a preferential treatment, unknown in the annals of preferential treatment itself.

I suspect many things but I do not propose to state them. Why is it that the State Transport Department has been directed to buy the double quota of tyres necessary and stock these tyres from the Premier Tyre Factory for the purpose of use in the State Transpost Deparment? Why is it that executive instructions have gone to all the Departments that only the Premier tyres need be purchased and that double the stock may be retained? What is the meaning of starting industries of this nature? I am not sorry, Sir, Premier tyres are being purchased: I would only be happy if a factory is able to get on. But what I object to is the spoon-feeding. Spoon- feeding should not be encouraged and that too, at the cost of the people. In the Budget speech of the Chief Minister it has been said that the State Transport Department has not been able to earn as much as it did in the last year.

Befor I close, I feel it my duty, Sir, to tell the Government that they have no moral justification to stay after what Mr. Chacko has disclosed in this Assembly. The responsibility, as I feel, Sir today is not that of Mr. Chacko but is primarily that of the Chief Minister and his colleagues. I oppose all that have happened subsequent to the Peechi incident on the 8th December 1963 and I would tell the Government that they have no more right to stay in office and present this Budget. I would tell them,—I would represent on the floor of this House—that in regard to what has happened at Peechi, with regard to the registration of F. I. R. a day later and that too without the name of Driver, with regard to the Collector's Press Release, stating something else contrary to what really happened—these things ought to be made the subject matter of a judicial enquiry. And I would also state that with regard to the happenings at Keerithode, the same do not give pride to anybody, it is necessary that the happenings at Keerithode are made the subject matter of public enquiry and it should be over and then only the evictions should be done. Evictions at Keerithode should be stayed, it should be held over till the public enquiry is over because the State would like to know—the agriculturists and the masses would like to know—as to what has happened at Keerithode. These are the strange things which are part and parcel of a scheme of things, and that scheme of things has vigorously led to a Police raj in which this State is plunged into today. Thank you, Sir.

ശ്രീ. എം. ചടയൻ : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററു പരിശോധിച്ചതിൽ, പട്ടികജാതിക്കാരുടെയും, പട്ടികവർഗ്ഗക്കാരുടെയും മററു പിന്നാക്ക വർഗ്ഗക്കാരുടെയും സംരക്ഷണത്തിനായി 1963–64-ൽ, 151.98 ലക്ഷം രൂപയും, 1964–65-ലേക്ക് 181.76 ലക്ഷം രൂപയും കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. കഴിഞ്ഞ വർഷത്തെക്കാൾ ഈ ആവശ്യത്തിനു് 30 ലക്ഷം രൂപ കൂടുതലായി ഈ സാമ്പത്തിക വർഷത്തിൽ കൊള്ളിച്ചിരിക്കുന്നതായി കാണുന്നതിനാൽ ഞാൻ ധനകാര്യമന്ത്രി കൂടിയായ മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണു്. മാത്രമല്ല, ഈ സംഖ്യ ലാപ്സായിപ്പോകാതെ ശരിക്കു വിനിയോഗിക്കുമെന്നും ഉദ്ദേശിക്കുന്ന പ്രയോജനം കിട്ടത്തക്ക വിധത്തിൽ തുക ചെലവാക്കുമെന്നും ഞാൻ വിശ്വസിക്കുകയാണു്.

2/1637/V

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. ചടയൻ]

മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു് കഴിഞ്ഞ കൊല്ലം വില്പന നികുതി രണ്ടു ശതമാനത്തിൽ നിന്നു മൂന്നു ശതമാനമാക്കി ഉയർത്തിയതിനെ സംബന്ധിച്ചാണു്. അതുമൂലം പൊതുവേ ചെറുകിട കച്ചവടക്കാർക്കു വലിയ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടു്. മലബാറിലെ ചെറുകിട കച്ചവടക്കാർക്കു് ഈ നികുതി വർദ്ധനവുമൂലം, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നിശ്ചയിക്കുന്ന ടേൺ ഓവർ അനുസരിച്ചു കൂടിയ നികുതി കൊടുക്കേണ്ട ഒരു സാഹചര്യം ഉണ്ടായിട്ടുണ്ടു്. അതേ സമയത്തു് വൻകിട കച്ചവടക്കാരിൽ നിന്നു നികുതി വേണ്ടതു പോലെ പിരിച്ചെടുക്കാൻ ഉദ്യോഗസ്ഥന്മാർക്കു സാധിച്ചിട്ടുമില്ല. ഉദ്യോഗസ്ഥന്മാരുടെ അവിഹിതമായ ഇടപെടൽമൂലം ചെറുകിട കച്ചവടക്കാർ കൂടുതൽ നികുതി കൊടുക്കുകയും, അവരുടെ വ്യവസായങ്ങൾ തുടർന്നുകൊണ്ടു പോകാൻ സാധിക്കാതെ വിഷമിക്കുകയും ചെയ്തിട്ടുണ്ടു്. എൻെറ ഓർമ്മ ശരിയാണെങ്കിൽ, കഴിഞ്ഞ കൊല്ലം മൂന്നേമുക്കാൽ ലക്ഷം രൂപ വില്പന നികുതി ഇനത്തിൽ കുടിശ്ശിക പിരിയാനുള്ളതു് കൂടുതലും വൻകിട കച്ചവടക്കാരിൽ നിന്നാണു്. 2 ശതമാനം എന്നുള്ളതു് 3 ശതമാനമാക്കി വർദ്ധിപ്പിച്ചതു ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുള്ളതിനാൽ, അതു 2 ശതമാക്കുന്നതു നന്നായിരിക്കുമെന്ന അഭിപ്രായമാണെനിക്കുള്ളതു്. മൈസൂർ സ്റ്റേററിൽ അതു രണ്ടു ശതമാനമാണു്. ഇങ്ങനെയൊരു ആശ്വാസം ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം നൽകാൻ വേണ്ട നടപടി സ്വീകരിച്ചാൽ നന്നായിരിക്കും.

സർ, എൻ. ജി. ഒ. മാർക്കു, 100 രൂപയിൽ തഴെ ശമ്പളമുള്ളവർക്കു 3 രൂപ വീതവും, 100 മുതൽ 200 രൂപ വരെ ശമ്പളമുള്ളവർക്കു 5 രൂപ വീതവും ഡീയർനസ്സ് അലവൻസ്സ് അനുവദിച്ചുകൊടുത്തിട്ടുണ്ടു്. ഇന്നത്തെ സാധനങ്ങളുടെ വർദ്ധിച്ച വിലനിരക്കുമായി തട്ടിച്ചുനോക്കുമ്പോൾ ഇതു് എത്രകണ്ടു ആശ്വാസകരമായിരിക്കുമെന്നു് കണ്ടുതന്നെ അറിയണം. സാധനങ്ങളുടെ വിലക്കയററത്തെ നിയന്ത്രിക്കാൻ ഗവണ്മെൻറിനു് സാധിക്കാത്ത നിലയ്ക്കു അല്പ ശമ്പളക്കാർക്കു കാര്യമായ എന്തെങ്കിലും ആശ്വാസം നൽകേണ്ടതാണു്. അവർക്കു് കൂടുതലായി എന്തെങ്കിലും ചെയ്തുകൊടുക്കണമെന്ന അഭിപ്രായമാണെനിക്കുള്ളതു്.

ഇനി എനിക്കു പറയാനുള്ളതു് എൻെറ നിയോജകമണ്ഡലമായ മഞ്ചേരിയെപ്പററിയാണു്. എൻെറ നിയോജകമണ്ഡലത്തിൽ വികസന പ്രവത്തനങ്ങൾ കാര്യമായിട്ടൊന്നുംതന്നെ നടക്കുന്നില്ല. റോഡുകൾ, പാലങ്ങൾ, വിദ്യാലയങ്ങൾ തുടങ്ങി ഒന്നുംതന്നെ അവിടെ ആവശ്യത്തിനു തക്ക വിധം ഉണ്ടായിട്ടില്ല. വികസനപരമായ പ്രവത്തനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പിന്നാക്കം നിൽക്കുന്ന ഒരു നിയോജകമണ്ഡലമാണു് എൻേറതു്. റോഡുകളുടേയും, പാലങ്ങളുടേയും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കാര്യത്തിൽ ആ നാട്ടിലെ പിന്നാക്കനില കഴിയുന്നതും പരിഹരിക്കാൻ ഗവണ്മെൻറു ആവശ്യമായ നടപടി സ്വീകരിക്കണം. കോഴിക്കോട്ടു ജില്ല അരീക്കോട്ടു് ഒരു ആശുപത്രിക്കുവേണ്ടി അനുവാദം ലഭിച്ചിട്ടുണ്ടു്. 78,000 രൂപ വരെ അതിനുവേണ്ടി വകയിരുത്തിയതുമാണു്. എന്നാൽ, അതിൻെറ യാതൊരു നടപടിയും ഇതുവരെ നടന്നിട്ടില്ല. 12 ബഡ്ഡുകളോടുകൂടിയ ഒരു ആശുപത്രി അവിടെ അനുവദിച്ചിട്ടുള്ളതാണു്. കഴിയുന്നതുംവേഗം അതിൻെറ പ്രവത്തനം ആരംഭിക്കണമെന്നു് അഭ്യത്ഥിക്കുന്നു.

ഹരിജനങ്ങൾ വളരെയധികം താമസിക്കുന്ന എൻെറ നിയോജകമണ്ഡലത്തിൽ വേണ്ടിടത്തോളം ഹൈസ്കൂളുകൾ ഇന്നില്ല. ഡിപ്പാർട്ടുമെൻറിൻെറയും, ഗവണ്മെൻറിൻെറയും ശ്രദ്ധ ഈ കാര്യത്തിൽ വേണ്ടിടത്തോളം പതിയണമെന്നും, ആവശ്യമുള്ള ഹൈസ്കൂളുകൾ അവിടെ അനുവദിച്ചാൽ, മററു പ്രദേശങ്ങളിലെപ്പോലെ ആ നാട്ടിലും പാവപ്പെട്ട പിന്നാക്ക വിഭാഗക്കാർ അഭ്യസ്തവിദ്യരായിത്തീരുന്നതാണു്. ഈ വക കാര്യങ്ങളിൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണമെന്നും അഭ്യത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, പുതിയ നികുതികൾ ഒന്നും ഈ കൊല്ലം ചുമത്തിയിട്ടില്ലെങ്കിലും, ഇപ്പോൾ തന്നെ വൻപിച്ച നികുതിഭാരംകൊണ്ടു ആളുകൾ വിഷമിക്കുകയാണെന്നു നമുക്കറിയാം. ആ സ്ഥിതിക്കു പുതിയ നികുതി ചുമത്താതിരുന്നതാണെന്നുവേണം കരുതാൻ. ഏതായാലും ഹരിജൻ വെൽഫെയറിനുവേണ്ടി കഴിഞ്ഞകൊല്ലത്തെക്കാൾ 30 ലക്ഷം രൂപ കൂടുതൽ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ ഞാൻ ഒരിക്കൽ കൂടി മുഖ്യമന്ത്രിയെ അഭിനന്ദിച്ചുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ആദിച്ചൻ: സർ, ഈ ബഡ്ജറ്റിനെ ഞാൻ സ്തുതിക്കുന്നു. 112 മുതൽ നാളിതുവരെയുള്ള കാലയളവിൽ, ഫൈനാൻസു സെക്രട്ടറിമാരുടെ ബഡ്ജറ്റു പ്രസംഗം ഞാൻ കേട്ടിട്ടുണ്ടു്. ജനകീയ മന്ത്രിസഭ വന്നതിനുശേഷം, പല ധനകാര്യമന്ത്രിമാരുടെ ബഡ്ജറ്റു പ്രസംഗങ്ങളും ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ, ഇന്നോളം പട്ടികജാതി വർഗ്ഗക്കാരെ സംബന്ധിച്ചു് ഒരക്ഷരംപോലും പറയാത്ത, ഒരു ബഡ്ജറ്റു പ്രസംഗം ഞാൻ കേട്ടിട്ടില്ല. ഇതിൽ നിന്നു മനസ്സിലാകുന്നതു്, ഈ ഗവണ്മെന്റു് പട്ടികജാതിക്കാരെ അവഗണിക്കുന്നു, അവഗണിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണു്. ചില ഉദാഹരണങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാം. കേരളത്തിലെ പട്ടികജാതിക്കാരുടെ 1951-ലെ ജനസംഖ്യ 12,55,000 ആയിരുന്നു. 1961 ആയപ്പോൾ 14,34,217 ആയിത്തീർന്നു. എന്നു പറഞ്ഞാൽ, 179217 പേർ വർദ്ധിച്ചിട്ടുണ്ടെന്നാണു്. അതുപോലെ പട്ടികവർഗ്ഗക്കാരുടെ 1951—ലെ ജനസംഖ്യ 74,000 ആണു്. 1961 ആയപ്പോൾ, അവരുടെ ജനസംഖ്യ 2,12,762 ആയിത്തീർന്നു. എന്നു പറഞ്ഞാൽ 138762 പേർ വർദ്ധിച്ചു എന്നാണു്. പട്ടികവർഗ്ഗക്കാരുടേയും, പട്ടികജാതിക്കാരുടേയും, 1961-ലെ മൊത്തം വർദ്ധനവു് 31,7979 ആണു്. ഇപ്പോൾ ജനസംഖ്യ വർദ്ധിച്ചതനുസരിച്ചു് അസംബ്ലിയിലെ അംഗസംഖ്യ 126-ൽ നിന്നു് 133 ആക്കിയില്ലേ? പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ 317979 ആയി വർദ്ധിച്ചില്ലേ? അതനുസരിച്ചു് അവരുടെ സീററിന്റെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ, ഇല്ല. ഈ ഗവണ്മെന്റു് ഈ കാര്യം ഇലക്ഷൻ കമ്മീഷണരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ? ഭരണകക്ഷിയായ കാൺഗ്രസ്സ് ഈ കാര്യം കമ്മിഷന്റെ മുൻപാകെ ഉന്നയിച്ചിട്ടുണ്ടോ? ഇല്ല സർ ഈ ഗവണ്മെന്റും, ഭരണകക്ഷിയും പട്ടികജാതി, വർഗ്ഗക്കാരെ അവഗണിക്കുകയാണു്. മറെറാരു കാര്യം ഞാൻ പറഞ്ഞുകൊള്ളട്ടെ. 1960 ജനുവരിയിൽ ആണെന്നു തോന്നുന്നു, ശ്രീ. സഞ്ജീവറെഡ്ഡി കേരളത്തിൽ വന്നപ്പോൾ, കോട്ടയത്തിനടുത്തുള്ള പുതുപ്പള്ളിയിൽ വച്ചു് അദ്ദേഹംചെയ്ത ഒരു പ്രസംഗം മലയാളമനോരമയിൽ വായിക്കാൻ ഇടയായി. അദ്ദേഹം എന്താണു് അവിടെ പറഞ്ഞതു്? കമ്മ്യൂണിസ്ററു ഗവണ്മെന്റുചെയ്ത ഒരു തെററു് ഇവിടത്തെ പബ്ലിക്ക്സർവ്വീസ് കമ്മിഷനിൽ ഒരു ഹരിജനെ എടുത്തിട്ടില്ല എന്നതാണു്. ഇവിടെ വിമോചന സമരം നടന്നു. അതിനുശേഷം ഐക്യകക്ഷി ഗവണ്മെന്റു രൂപമെടുത്തു. അവർ കുറെ നാൾ ഭരണം നടത്തി. പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽ ഒരു വേക്കൻസി ഉണ്ടായിരുന്നില്ലേ? ആ വേക്കൻസിയിൽ ഒരു ഹരിജനെ എടുക്കാൻ അവർക്കു സന്മനസ്സ് തോന്നിയോ സർ, ഇല്ല. മുസ്ലീംലീഗു ഐക്യകക്ഷിയിൽ നിന്നു പോയി, പിന്നെ കാൺഗ്രസ്സും പി. എസ്. പി. യും കൂടി ഭരിച്ചു. അന്നൊരു ഹരിജനെ പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽ എടുത്തുവോ? പി. എസ്. പി. യും പിരിഞ്ഞുപോയി. ഇപ്പോൾ കാൺഗ്രസ്സ് തനിച്ചു ഭരിക്കുകയാണു്. ശ്രീ. ആർ. ശങ്കർ മുഖ്യമന്ത്രി ആയിരിക്കുകയാണു്. പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽ ഒരു ഹരിജനെ എടുത്തോ? ഇൻഡ്യൻ നാഷണൽ കാൺഗ്രസിന്റെ സമുന്നതനേതാവായ ശ്രീ. സഞ്ജീവറെഡ്ഡി പറഞ്ഞിട്ടു് നാലുകൊല്ലം കഴിഞ്ഞിട്ടുപോലും ഇന്നുവരെ അതു നടപ്പിൽ വരുത്താതിരിക്കുകയാണു സർ, ഗവണ്മെന്റു്. അതുപോലെ തന്നെ എത്രയെത്ര പുതിയ തസ്തികകൾ ഗവണ്മെന്റു സൃഷ്ടിച്ചിട്ടുണ്ടു്. അങ്ങനെ പുതുതായി സൃഷ്ടിച്ച തസ്തികകളിൽ എത്ര ഹരിജനെ നിയമിച്ചിട്ടുണ്ടു്? ഡിപ്പാർട്ടുമെന്റു് ഹെഡ്ഡായി എത്രപേരെ നിയമിച്ചിട്ടുണ്ടു്? ന്യായമായി ലഭിക്കേണ്ട പ്രമോഷൻ എത്ര ഹരിജനങ്ങൾക്കു നൽകി? സർ, എന്റെ ഒരു ചോദ്യത്തിനു ലഭിച്ച മറുപടിയിൽ, 54000-ൽപരം ഏക്കർ ദേവസ്വംഭൂമി പുതുക്കം ചില വ്യക്തികൾക്കായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. ആദിച്ചൻ]

കൊടുത്തുകാണുന്നു. 100-ം, 500-ം, 1000-, 2000-ം ഏക്കർ ഭൂമി ചിലർക്കു കിട്ടിയതായിട്ടാണു് അറിയുന്നതു്. സർ, ഇന്നു് ഒരു സെൻറു ഭൂമിയെങ്കിലും ആ ദേവസ്വം ഭൂമിയിൽ നിന്നു് ഒററ ഹരിജനെങ്കിലും കൊടുത്തുവോ? വിമോചന സമരത്തിനു് നിങ്ങളുടെ കൂടെ ഹരിജനങ്ങൾ ഇല്ലാതിരുന്നുവോ? ത്രിവർണ്ണപതാകയുമേന്തി, ഹരിജനങ്ങൾ നിങ്ങളുടെകൂടെ നടന്നിട്ടില്ലെന്നാണോ പറയുന്നതു്? അവർ നിങ്ങളുടെകൂടെ പിക്കററുചെയ്തില്ലേ? മുദ്രാവാക്യം വിളിച്ചില്ലേ; അറസ്ററു വരിച്ചില്ലേ? പിന്നെ എന്തുകൊണ്ടു് അവരെ അവഗണിച്ചു? അവർ ഹരിജനങ്ങൾ ആയതുകൊണ്ടുതന്നെ എന്നു ഞാൻ മനസ്സിലാക്കുന്നു.

സർ സി. പി. രാമസ്വാമി അയ്യർപോലും, ഉപരി പഠനത്തിനു് ഹരിജനങ്ങളെ അമേരിക്കയിലും മററും അയച്ചിട്ടില്ലേ? ദിവാൻ ഭരണം പോയിട്ടു് ഇപ്പോൾ എത്ര കൊല്ലമായി? ജനകീയഭരണം വന്നതിനുശേഷം ഇപ്പോൾ 16 കൊല്ലമായില്ലേ? ഒററ ഹരിജനെയെങ്കിലും ഉപരിപഠനത്തിനു് അയച്ചിട്ടുണ്ടോ സർ? കാൺഗ്രസാണു ഭരിക്കുന്നതെന്നു പറയാൻ ലജ്ജയില്ലേ? ഗവണ്മെൻറു രൂപീകരിക്കുന്ന കമ്മിററികൾ നോക്കിയാലും ഹരിജനങ്ങളെ അവഗണിക്കുകയാണു്. അഥവാ ആരെയെങ്കിലും എടുക്കുന്നെങ്കിൽ വിവരമുള്ളവരെ എടുക്കുകയുമില്ല. ഹരിജനക്ഷേമവകുപ്പു മുഖേന നടക്കുന്ന ഓരോ കാര്യങ്ങളും പരിശോധിച്ചാൽ പക്ഷപാതപരമായിട്ടാണെന്നു മനസ്സിലാക്കാൻ സാധിക്കും. ഹരിജനക്ഷേമ ഡയറക്ടറുടെ ആഫീസിൽ കുറെ പുതിയ നിയമനങ്ങൾ നടന്നു. അതു മന്ത്രിക്കു പ്രത്യേക താൽപര്യമുള്ള വിഭാഗത്തിൽ നിന്നാണു് നിയമിച്ചതെന്നു കാണാൻ കഴിയും. ഗസററഡ് പോസ്റ്റിലേക്കു് ആളുകളെ എടുക്കുന്നതു നോക്കിയാലും, ചില പ്രത്യേക സമുദായക്കാർക്കു അനർഹമായ പ്രോത്സാഹനം നൽകിയിട്ടുള്ളതായി കാണാം. എന്നാൽ ചില സമുദായങ്ങളെ മനഃപൂർവ്വം അവഗണിച്ചിട്ടുള്ളതായും കാണാവുന്നതാണു്.

ഹരിജനക്ഷേമവകുപ്പിൻെറ കീഴിൽ നടക്കുന്ന വെൽഫെയർ സ്കൂളുകൾ നോക്കുക. ചില സ്കൂളുകൾ അപകടനിലയിലായിട്ടു് വർഷങ്ങൾ പലതായി. ഈ അടുത്ത കാലത്തു്, ഒരു സ്കൂൾ തകർന്നു് ഒരു മരണംവരെയുണ്ടായി. എനിക്കു നേരിട്ടറിയാം, ഒരു സ്കൂളിലെ, ഒരു ക്ലാസ്സ് ചാമ്പൽ കുടിലിലാണു നടക്കുന്നതെന്നു്. ദേഹത്തു് ഇഴഞ്ഞു കയറുന്ന ചെള്ളും മൂട്ടയും കൊല്ലുക എന്നതല്ലാതെ പഠിക്കാൻ അവർക്കു സമയമില്ല. ഈ സ്കൂൾ കെട്ടിടങ്ങൾ നന്നാക്കുന്നതിനു് ഈ ഗവണ്മെൻറിനു് ഇതുവരെ സാധിച്ചിട്ടില്ല. അതൊരു അവഗണനയല്ലേ?

സർ, കേരളത്തിൽ ഹരിജനങ്ങൾക്കു വീടു കൊടുത്തതു പരിശോധിക്കാം. കൊല്ലം ഡിസ്ട്രിക്ടിൽ പട്ടികജാതിക്കാർ എത്രയുണ്ടോ, അതിൻെറ മൂന്നിലൊന്നു മാത്രമേ കണ്ണൂർ ഡിസ്ട്രിക്ടിലുള്ളു. എന്നു പറഞ്ഞാൽ കണ്ണൂർ ഡിസ്ട്രിക്ടിൽ പട്ടികജാതിക്കാർക്കു ലഭിക്കുന്ന വീടിൻെറ മൂന്നിരട്ടി വീടുകൾ കൊല്ലം ഡിസ്ട്രിക്ടിൽ കിട്ടണം. പക്ഷേ, കൊല്ലം ഡിസ്ട്രിക്ടിൽ 1957 മുതൽ 1963 വരെ പട്ടികജാതിക്കാർക്കു കിട്ടിയ വീടു് എത്രയാണു്? കണ്ണൂർ ഡിസ്ട്രിക്ടിൽ കിട്ടിയതിനെക്കാൾ കുറവുമാത്രം. പാലക്കാട്ടു ഡിസ്ട്രിക്ടിൽ, ലഭിച്ചതു വളരെ കുറവാണു്. തിരുവനന്തപുരത്തും കുറവാണു്. ഇതെല്ലാം രാഷ്ട്രീയ പരിഗണനവച്ചുകൊണ്ടു ചെയ്തതാണു സർ. സഹകരണസംഘങ്ങൾക്കു ഗ്രാൻറു കൊടുത്തിട്ടുള്ളതു പ്രത്യേകം പരിശോധിച്ചാൽ പക്ഷപാതപരമായും, രാഷ്ട്രീയ പരിഗണനവച്ചും കൊടുത്തിട്ടുള്ളതാണെന്നു കാണാൻ കഴിയും. രാജ്യസഭയിൽ എത്രപേരെ അയച്ചു? അതിൽ എത്ര പട്ടികജാതിക്കാരുണ്ടു്? തിരുവിതാംകൂർ ദേവസ്വം ബോഡിൽ ഒരു ഹരിജനെയെങ്കിലും എടുത്തുവോ?

ഒരു ചെറിയ കാര്യം പറയാം സർ. കുന്നത്തൂർ താലൂക്കിൽ, ഏറത്തു ഒരു നിശാപാഠശാലയുള്ളതു്, അനുവദിച്ചതു് എന്നാണെന്നും, അതിൻെറ ആവശ്യത്തിനുള്ള അലമാരയും, മേശയും, കസേരയും മററും അനുവദിച്ചുകൊടുത്തുവോ എന്നും ചോദിച്ചതിനു് 1956 ലാണു് പ്രസ്തുത വായനശാല അനുവദിച്ചതെന്നും അലമാരയും, മേശയും, കസേരയും അനുവദിച്ചിട്ടുണ്ടെന്നുമാണു് മറുപടി

LIBRARY ARCHIVES Kerala Legislative Assembly

നൽകിയത്തു്. സർ, ഞാൻ ചോദിക്കുന്നു, അവിടെ മേശയും അലമാരയും കൊടുത്തിട്ടുണ്ടോ എന്നു് ചോദിച്ചതിനു് എന്തിനാണു് സത്യവ്രുമായി, വിദൂരബന്ധം പോലുമില്ലാത്ത സംഗതികൾ ഇവിടെ പ്രസ്താവിക്കുന്നതു്. സർ, ബഹുമാനപ്പെട്ട ഹരിജൻ മന്ത്രിയെ ഞാൻ വെല്ലുവിളിക്കുന്നു; ഇപ്പോൾ ഞാൻ പ്രസംഗിച്ചുകൊണ്ടു നിൽക്കുന്ന ഈ സമയത്തുപോലും ആ ഏററവു വായനശാലയിൽ, മേൽപറഞ്ഞ സാധനങ്ങൾ ഉണ്ടോ എന്നു നോക്കുവാൻ. ഇങ്ങനെ നോക്കിയാൽ, ഹരിജനങ്ങളെ അവഗണിക്കുക, വല്ലതും ചെയ്യുന്നുവെങ്കിൽ പക്ഷപാതപരമായി ചെയ്യുക, രാഷ്ട്രീയ പരിഗണനകൾവച്ചു ചെയ്യുക ഇതെല്ലാം ഈ ഗവണ്മെൻറിന്റെ ചെയ്തികളാണെന്നു കാണാൻ കഴിയും. അതുകൊണ്ടു ഞാൻ പറയുകയാണു്, പബ്ലിക്ക സർവ്വീസ് കമ്മിഷനിൽ ഒരു ഹരിജനെ എടുക്കാതിരിക്കുകയും, രാജ്യസഭയിൽ ഒരു ഹരിജനെ അയയ്ക്കാനുള്ള നടപടി സ്വീകരിക്കാതിരിക്കുകയും, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒരു ഹരിജൻ വരാൻ സന്ദർഭം ഉണ്ടാക്കാതിരിക്കുകയും, ഹരിജനങ്ങൾക്കു പ്രമോഷനുവേണ്ട പ്രോത്സാഹനങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്ന ഓരോ കാര്യങ്ങളും പക്ഷപാതപരമായും, രാഷ്ട്രീയ പരിഗണനവച്ചുകൊണ്ടുമാണു ചെയ്യുന്നതെങ്കിൽ, ഇതെല്ലാം കണ്ടുകൊണ്ടിരിക്കുന്ന ഹരിജനങ്ങൾ അവരുടെ കാര്യം നോക്കിക്കൊള്ളുമെന്നു് ഓർമ്മിപ്പിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

Shri Mahabala Bhandari : Mr. Chairman, Sir, Excepting some of the social security measures, envisaged in the Budget, there is nothing else in it, which would interest the people. The list showing the details of development works so far as they relate to my area is thoroughly disappointing and disgusting. The Kasaragod Taluk continues to be neglected as ever. Mr. Chairman, honestly speaking, I was under the impression that an occasion to present the budget for the year 1964-1965 would never arise in view of the developments that were taking place here recently. I am told that everything has been patched up now and it is not my intention to rake up the bygone things. Nevertheless, I would be doing a wrong thing if I suppress some of my own feelings which have been agitating my mind in these few days. Sir, in the course of the last one month, very interesting things have taken place both before the Assembly Chamber and outside. I had the misfortune of listening to the people and knowing what the people were freely talking about us. Suffice it to say, Sir, the people were talking about us in such terms that no one should be proud of calling himself an hon. Member of this august House. The people and a section of the Press started saying that President's rule is inevitable in this State and that alone can save the people. And now, the same people are saying that all the M. L. As of all the political parties have made friends with and joined together, because the dissolution of the Government and the dissolution of the Legislature would mean a loss to them—a loss of membership and a pecuniary loss also. I claim to be one of the several hundreds of people in the State who are now convinced beyond all doubts that no political party in this State could give the people a good Government and a stable Government. Sir, we have three alternatives before us, one, is President's rule in the State; number two is to bring the State under the direct control of the Central Government by making this State a Part 'C' State, and the third, is to bifurcate this State into two portions and merge them with the neighbouring States. I submit, Sir, if the number one proposal is not feasible for the simple reason that we cannot have President's Rule for a long time here, and if the No. 2 proposal is not acceptable foe some other reasons, then we can certainly give serious thought to thr

LIBRARY ARCHIVES Kerala Legislative Assembly

[Shri Mahabala Bhandari]

third proposal, that is, merge the respective portions, North and South, with the neighbouring States of Mysore and Madras. I submit, Sir, there is a very good support for this move and I know that various associations and eminent people in the State have hailed and welcomed the idea. No less a person than Mr. K. K. Shaw, the then Congress General Secretary, has blessed this and I can tell you, Sir, that many hon. Members of this House themselves have told me that in their heart of hearts they are for this. Very often a question was being posed whether, in that event, Mr. Kamaraj and Mr. Bhaktavalsalam on the one hand and Shri Nijalingappa on the other would be willing to take us. This question does not arise at all, and we need not be anxious about their willingness or otherwise. It is the Central Government which has to take the decision in this matter and there isno point in asking whether anybody is willing to take us. Let us prevail upon the Centre that we want this. Let us tell our leaders that we are undone here. Let us join together and put our strength to achieve our purpose. We, in Kerala, are capable of creating so many situations and so many things at any time, and I do not think, Sir, it is difficult for us to to do this also. Sometime back I gave a statement to the Press on these lines and eversince I have been getting series of letters from different parts of the State and from persons who are unknown to me. I have got one such letter and I crave your indulgence to allow me to read it before this House. It is very interesting. It is written in Malayalam :

"ഡീയർ സർ,

താങ്കളുടെ പ്രസ്താവന ഞാൻ വായിച്ചു. അതു വളരെ ശരിയാണ്. ഈ കേരളത്തിൽ ഒരു ഭരണവും ഗുണം പിടിക്കുകയില്ല. ഈ പോക്കു പോയാൽ കേരളം നശിക്കും. ഇൻഡ്യ മുഴുവൻ നശിക്കും. താങ്കൾ പറയുന്നതുപോലെ ഈ സംസ്ഥാനം വിഭജിച്ച് മദ്രാസിനോടും മൈസൂറിനോടും ചേർക്കുന്നതാണ് നല്ലതു്. പൊതുജനങ്ങൾക്കു ഇന്നത്തെ ഭരണകർത്താക്കളിൽ വിശ്വാസമില്ല. ഇവിടെ മുഴുവൻ കള്ളത്തരവും തരവഴിയും കൊള്ളയും അക്രമവുമാണ് നടക്കുന്നതു്. താങ്കളുടെ അഭിപ്രായത്തിനു പൊതുജനപിന്തുണ ലഭിക്കുന്നതാണ്. അതു കൊള്ളാം.

ഈ. പി. ഇബ്രാഹിംകുട്ടി,
കോട്ടയം."

I request the Government to give serious thought to this.

ശ്രീ. സി. എ. മാത്യു : സർ, ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ധനകാര്യമന്ത്രി എന്നുള്ള നിലയിൽ കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ചരിത്രം സൃഷ്ടിച്ചുകൊണ്ട് അഞ്ചാമത്തെ പ്രാവശ്യം അവതരിപ്പിക്കുന്ന ഈ ബഡ്ജറ്റിൽ പ്രതിപക്ഷ അംഗങ്ങൾക്കു കൂടി വളരെയൊന്നും എതിർക്കുവാൻ ഉണ്ടായിരുന്നില്ല എന്നുള്ളതു് ഈ ബഡ്ജറ്റിന്റെ ഒരു മേന്മയായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. പുതുതായിട്ടുള്ള നികുതി നിർദ്ദേശങ്ങൾ ഒന്നും കൂടാതെ തന്നെ ഈ ബഡ്ജറ്റു ബാലൻസ് ചെയ്യാൻ ധനകാര്യമന്ത്രിക്കു കഴിഞ്ഞതു് ഈ സംസ്ഥാനത്തും പുറത്തും ഉള്ള പ്രധാനപ്പെട്ട പത്രങ്ങളുടെ പ്രശംസക്കു പാത്രീഭവിച്ചിട്ടുണ്ട്. അതുപോലെ തന്നെ ക്ഷേമരാഷ്ട്രം രാഷ്ട്രീയമാക്കിയിട്ടുള്ള ലക്ഷ്യമായി വച്ചുകൊണ്ട് സമുദായത്തിൽ അവശത അനുഭവിക്കുന്ന ആളുകളുടെ ഉദ്ധാരണത്തിനുവേണ്ടി കഴിവതു ചെയ്യാനുള്ള ഒരു വാസന, ഒരു പ്രവണത ഈ ബഡ്ജറ്റിൽക്കൂടി ഗവണ്മെന്റു കാണിച്ചിട്ടുള്ളതു് തീർച്ചയായിട്ടും വളരെയധികം അഭികാമ്യമാണ്,

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞ വരുമാനക്കാർക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി നാലു ലക്ഷം രൂപ വച്ചിട്ടുള്ളതും സർവ്വീസിലിരുന്നവർക്കു പെൻഷൻ കിട്ടുന്നതു ഏററവും കുറഞ്ഞതു ഇരുപതു രൂപയായിരിക്കണമെന്നു വച്ചിട്ടുള്ളതും വളരെയധികം അഭിനന്ദനാർഹങ്ങളായ വസ്തുതകളാണ്. അതുപോലെതന്നെ കുറഞ്ഞ ശമ്പളക്കാരുടെ ഡി. എ. വർദ്ധിപ്പിച്ചതു് താരതമ്യേന ഇന്നത്തെ സാധനങ്ങളുടെ വിലയോടു വച്ചു നോക്കുമ്പോൾ വലിയ കാര്യമല്ല. എങ്കിൽകൂടിയും നല്ലൊരു തുടക്കത്തിന്റെ ആരംഭമായിട്ടു ഞാൻ കണക്കാക്കുകയാണ്. ഈ നിയമസഭയിൽതന്നെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി നിത്യോപയോഗസാധനങ്ങളുടെ വില പലതിലും 35 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ടെന്ന്. 35 ശതമാനം നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിച്ച അവസരത്തിൽ നൂറു രൂപവരെ ശമ്പളമുള്ളവർക്കു മൂന്നു രൂപ വച്ചും നൂറിനും ഇരുനൂറിനും ഇടയ്ക്കു ശമ്പളം വാങ്ങുന്നവർക്കു 5 രൂപ ക്രമമനുസരിച്ചും വർദ്ധിപ്പിച്ചിട്ടുള്ളതു ഒരു പോരായ്മയാണെന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സർക്കാർ സർവ്വീസിലുള്ള ഒരാളിന്റെ വരുമാനം കുറഞ്ഞതു നൂറു രൂപയായിരിക്കണമെന്നുള്ള രീതിയിൽ വേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്നു ഞാൻ അഭിപ്രായപ്പെടുകയാണ്. നമ്മുടെ സാമ്പത്തികപരിമിതി ഈ പരിഷ്കാരത്തിനു അവസരം നൽകുന്നില്ല എന്നുള്ള അഭിപ്രായം എത്രകണ്ടു കൊണ്ടുവന്നാലും ശരി, ഒരു മനുഷ്യൻ എന്ന നിലയിൽ മനുഷ്യത്വത്തോടുകൂടി മനുഷ്യസ്നേഹത്തോടുകൂടി ചിന്തിക്കുന്നവർക്കു സ്വീകരിക്കുവാൻ നിർവ്വാഹമില്ല. ഇന്നത്തെ സാധനങ്ങളുടെ വില വരുമാനത്തിന്റെ തോതു വച്ചു നോക്കുമ്പോൾ വലിയ വരുമാനമുള്ള ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാർക്കുപോലും മാസാവസാനം കടം വാങ്ങാതെ കഴിയുവാൻ നിവൃത്തിയില്ല എന്നു പറയുമ്പോൾ 70 രൂപയും 80 രൂപയും ശമ്പളം വാങ്ങുന്ന സർക്കാരിന്റെ ഉദ്യോഗസ്ഥന്മാർ സത്യസന്ധമായി പെരുമാറുമെന്നു ആരെങ്കിലും പ്രതീക്ഷിക്കുന്നുവെങ്കിൽ അതു വലിയ അബദ്ധമാണ്. ആന്റികറപ്ഷനിൽ മാത്രം വ്യഗ്രത കാണിച്ചുകൊണ്ട്, അതു ഊർജ്ജിതപ്പെടുത്തി ഇവിടത്തെ ഭരണം ശുദ്ധമാക്കാമെന്നു ആരു എത്ര വ്യാമോഹിച്ചാലും അതു നടപ്പാകുവാൻ പോകുന്നില്ല. ഏതായാലും ഈ വക കാര്യങ്ങൾ ഗവണ്മെന്റു സമ്മതിച്ചിട്ടുണ്ടെന്നു കാണുന്നതു് അഭികാമ്യമാണ്.

ഇലക്ട്രിസിററി വർദ്ധനവിൽ കൂടുതൽ താൽപ്പര്യം കാണിക്കാതെ കണ്ട് വ്യവസായവൽക്കരണത്തിൽ എത്രമാത്രം ശ്രമിച്ചാലും തൊഴിലില്ലായ്മ പരിഹരിക്കുവാൻ പോകുന്നില്ല. പ്ലാനിംഗ് ആണെന്നു പറഞ്ഞുകൊണ്ട് വ്യവസായം കൂടുതൽ ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും വേണ്ടിടത്തോളം ഇലക്ട്രിസിററി ലഭിക്കാത്തതുകൊണ്ടാണ് അതു ഇവിടെ വിജയിക്കാതിരിക്കുന്നതു്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു യഥാർത്ഥമായ ശക്തി എത്രത്തോളം കൊടുക്കുവാൻ കഴിയുമെന്നുള്ളതു സംശയമായിരിക്കുകയാണ്. വാസ്തവത്തിൽ ഇലക്ട്രിസിററി കൂടുതൽ ലഭിക്കുവാൻ കഴിയാത്തതാണ് വ്യവസായങ്ങൾ ഇവിടെ കൂടുതൽ ലഭിക്കാതിരിക്കുവാൻ കാരണം എന്നുള്ളതു ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല. ഭരണമണ്ഡലം ശുദ്ധമാക്കാനും അതുപോലെതന്നെ ഉദ്യോഗസ്ഥന്മാരെ നിലയ്ക്കു നിറുത്തുന്നതിനും ഗവണ്മെന്റു കൂടുതൽ താൽപ്പര്യം കാണിക്കുന്നുണ്ട് എന്നുള്ളതു അഭികാമ്യമായിട്ടുള്ള കാര്യമാണ്. അതോടൊപ്പം പല കാര്യങ്ങളെ സംബന്ധിച്ചിടത്തോളവും ഉദ്യോഗസ്ഥന്മാരുടെ നിലപാട് അങ്ങേയററം ശരിവയ്ക്കുന്നതിനുള്ള പ്രവണത കാണിക്കുന്നതു തീർച്ചയായിട്ടും അഭികാമ്യമായിട്ടുള്ള കാര്യമല്ല.

ചുരുളി കീരിത്തോട് പ്രദേശങ്ങളെ മുൻനിറുത്തിയാണ് ഞാനിതു പറയുന്നതു്. അതിനെപ്പററി വിശദമായിട്ടുള്ള അഭിപ്രായങ്ങൾ ഇവിടെ വന്നു കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഒന്നിലധികം പ്രാവശ്യം ഇതിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയുകയുണ്ടായി. പക്ഷേ ഒരു കാര്യം ഞാൻ അതിനെപ്പററി ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ, ആ വസ്തുതകളെ സംബന്ധിച്ചിടത്തോളം പറഞ്ഞിട്ടുള്ളതിൽ പോലീസിന്റെ നിലപാട് വിശദീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതു്. അവിടെ പോയി അവിടത്തെ കാര്യങ്ങൾ നേരിട്ട് അന്വേഷിക്കുന്നതിന് സാധിച്ചിട്ടുള്ള ഒരു വ്യക്തി എന്നുള്ള നിലയിൽ യാതൊരു സംശയത്തെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എ. മാത്യു]

സന്ദേഹമോ കൂടാതെ എനിക്കു് അതിനെപ്പററി പറയാൻ കഴിയും. ഇതിനെപ്പററി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു കിട്ടിയിട്ടുള്ള പല വിവരങ്ങളും ശരിയായിട്ടുള്ളതല്ലെന്നു്, അതുമായി അടുത്തു ബന്ധമുള്ളവക്കു് അറിയാവുന്നതാണു്. അവിടെ കൂടിയിരുന്നവർ വളരെയധികം അക്രമാസക്തി കാണിച്ചു എന്നുള്ളതു് ഒരു ആരോപണം ആയി ഇവിടെ ചൂണ്ടിക്കാണിച്ചു. ചെറിയ തോതിലെങ്കിലും ഒരു ലാത്തിച്ചാർജ്ജു് അവിടെ നടന്നിട്ടുള്ളതു് ഇവിടെ മുഖ്യമന്ത്രിയുടെ പ്രസ്താവനയ്ക്കു വിഷയമായിട്ടില്ല. ലാത്തിച്ചാർജ്ജിനു ശേഷം കുറെപ്പേരെ അറസ്ററു ചെയ്യുകയും അവിടെയുള്ള ഷെഡ്ഡുകളിൽ സൂക്ഷിക്കുകയും ആ ഷെഡ്ഡുകളിൽ സൂക്ഷിച്ച ആളുകളെ വളരെയധികം മർദ്ദിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണു് വൈകുന്നേരം വളരെയധികം ആളുകൾ അവിടെ കൂടിയതും അതിനെ തുടർന്നുള്ള സംഭവങ്ങൾ ഉണ്ടായതും. അവിടെ വെടിവെയ്പ്പു നടന്നോ ഇല്ലയോ എന്നുള്ളതു് മറെറാരു പ്രശ്നമാണു്. വെടിവെയ്പ്പു് നടന്നിട്ടില്ലെന്നു് പറയാൻ സാധിക്കും. പക്ഷേ അവിടെ ലാത്തിച്ചാർജ്ജു് നടന്നതിനു ശേഷമാണു് അവിടെയുണ്ടായിരുന്ന കടകളെല്ലാം തീവെയ്ക്കാൻ ഇടയായതെന്നു് പറയുന്നതു് മുഖ്യമന്ത്രിയുടെ വാദത്തെ കഴമ്പില്ലാതാക്കിത്തീർക്കുന്നതാണു്. ജനങ്ങളുടെ ഭാഗത്തുനിന്നും തീവെയ്പ്പു ഉണ്ടായിയെന്നോ, കല്ലേറു നടത്തിയെന്നോ പറയുന്ന വാദത്തോടു അനുകൂലിക്കാൻ സാദ്ധ്യമല്ല. ഏതായാലും ഇതിനെപ്പററി ഒരു പരസ്യാന്വേഷണം നടത്തണമെന്നുള്ള വാദം ഇവിടെ പൊന്തിവന്നിട്ടുണ്ടു്. ഗവണ്മെൻറിന്റെ നല്ല പേരു് നിലനിറുത്തുന്നതിനും, നിഷ്പക്ഷമായി ഇക്കാര്യം ഗവണ്മെൻറിൽനിന്നും കൈകാര്യം ചെയ്തിട്ടുണ്ടെന്നു് ജനങ്ങൾക്കു് ബോദ്ധ്യമാകുന്നതിനും ഒരു പരസ്യാന്വേഷണം നടത്തേണ്ടതാവശ്യമാണു്. വിവാദപരമായ ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന്റെ നിലപാടും, ഇന്നു് അതിനെപ്പററി പത്രങ്ങളിൽ വന്നിട്ടുള്ള വിശദ വിവരങ്ങളും ഉണ്ടായിരിക്കെ, ഇതിനെപ്പററിയുള്ള യഥാർത്ഥമായ അഭിപ്രായം ജനങ്ങൾക്കു അറിയുന്നതിനുവേണ്ടി ഒരു പരസ്യാന്വേഷണം തന്നെ നടത്തേണ്ടതാവശ്യമാണു്. വിവാദപരമായ പ്രശ്നങ്ങളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതെങ്കിലും ഒരു വിശദീകരണം നൽകിയാൽ ഈ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അതു് വിശ്വസിക്കാൻ സാദ്ധ്യമല്ലാത്ത ഒരു പരിതഃസ്ഥിതി ഇന്നു് ഈ രാജ്യത്തു് ഉണ്ടായിട്ടുണ്ടെന്നുള്ളതിനെ മുൻനിറുത്തി ഗവണ്മെൻറിൽനിന്നും ഇതിനെപ്പററി ഒരു പരസ്യാന്വേഷണം നടത്തേണ്ടതാണു്. ഒരു ജനാധിപത്യഗവണ്മെൻറിന്റെ ഏററവും പ്രധാനപ്പെട്ട ഒരു കടമയെന്നുള്ള നിലയിൽ ഇതിനെ പരിഗണിക്കണമെന്നു് ഞാൻ വീണ്ടും ഗവണ്മെൻറിനെ ഓർമ്മിപ്പിക്കുകയാണു്,

ചുരുളി കീരിത്തോടു് പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം അവിടെ താമസിക്കുന്ന കൃഷിക്കാരെ ഒഴിപ്പിക്കണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ചു് ഗവണ്മെൻറിൽ നിന്നും ഒന്നുകൂടി പുനരാലോചിക്കണം. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒഴിപ്പിക്കൽ നടപടികൾ ഊർജ്ജിതമായി നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നല്ല ഒരു അന്തരീക്ഷം ആ പ്രദേശത്തു ഉണ്ടായിട്ടു മാത്രമേ ഒഴിപ്പിക്കണമെങ്കിൽ തന്നെയും ഒഴിപ്പിക്കൽ നടിപടികൾ എടുക്കാവൂ എന്നുള്ള അഭിപ്രായവും, ഒഴിപ്പിക്കാൻ പാടില്ലെന്നുള്ള അഭിപ്രായവും ഇന്നുണ്ടു്, ഏതായാലും ഏററവും സംഭ്രമജനകമായ ഒരു അന്തരീക്ഷമാണു് ഇന്നു് അവിടെയുള്ളതു്. ഇന്നു് അവിടെയുള്ള പല വീടുകളിലും പുരുഷന്മാർ ഇല്ലയെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അവിടെ ഒഴിപ്പിക്കൽ നടപടികൾ വളരെ തിടുക്കത്തിൽ നടത്തുന്നതുകൊണ്ടു് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ടു് താൽക്കാലികമായിട്ടെങ്കിലും ഒഴിപ്പിക്കൽ നടപടികൾ മാററിവെക്കേണ്ടതാവശ്യമാണു്. ഇതിനെപ്പററി ഒരു പഠനം നടത്തി സാവധാനത്തിലുള്ള ഒരു നടപടി സ്വീകരിക്കണമെന്നാണു് എനിക്കു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു്. അവിടെയുള്ള കടകളിലുണ്ടായിരുന്ന സാധനസാമഗ്രികളെ സംബന്ധിച്ചു് വളരെയധികം അഭിപ്രായപ്രകടനങ്ങൾ ഉണ്ടായിട്ടുണ്ടു്. ഫോറസ്ററുദ്യോഗസ്ഥന്മാരും പോലീസുകാരും കൂടി

യാണ് കടയിലുണ്ടായിരുന്ന സാധനങ്ങൾ നശിപ്പിച്ചതെന്നും, അതല്ല അവിടെയുള്ള ആളുകളാണ് അവയെല്ലാം നശിപ്പിച്ചതെന്നും രണ്ടു തരത്തിലുള്ള അഭിപ്രായങ്ങളുണ്ട്. ഏതായാലും തക്വെവസ്ഥ വളരെയധികം അവിടെ നിലനില്ക്കുകയാണ്. ഇക്കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ശരിയായ രീതിയിൽ ഒരു പഠനം നടത്തി, ശരിയായ രീതിയിൽ ഒരു അന്വേഷണം നടത്തി അവിടെ നടന്നതെന്താണെന്ന് പൊതുജനങ്ങളെ മനസ്സിലാക്കിക്കൊടുക്കേണ്ട ചുമതല ഗവണ്മെൻറിനാണെന്ന് ഒരിക്കൽക്കൂടി ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഈ ബഡ്ജററിലുള്ള ജനക്ഷേമകരമായ വശങ്ങളെ ഒരിക്കൽക്കൂടി ശ്ലാഘിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ഈ സംസ്ഥാനത്തിലെ മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയുമായിരിക്കുന്ന ശ്രീ. ശങ്കർ അഞ്ചാമത്തെ പ്രാവശ്യം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിൽ പുതിയനികുതികളൊന്നും ഇല്ലെന്നുള്ള ഒരൊററ കാരണംകൊണ്ടാണ് ഇതിനു പ്രത്യേകതയുള്ളത്. മൊത്തം 3.58 കോടി രൂപ റവന്യൂ മിച്ചം കാണിക്കുന്ന ഒരു ബഡ്ജററാണെങ്കിലും, ഇതു് അവസാനം എവിടെ ചെന്നെത്തുമെന്ന് നമുക്ക് ഒടുവിലേ കാണാൻ സാധിക്കൂ. ഉദ്ദേശിക്കുന്ന വിധത്തിലുള്ള പ്രതീക്ഷകൾ കാണാത്ത പല പരിതഃസ്ഥിതികളും ഈ ബഡ്ജററിലുണ്ടെന്ന് കാണാൻ സാധിക്കും. ഈ ബഡ്ജററിന്റെ അവസാനഭാഗത്തു നാലുകോടി രൂപയുടെ പൊതുകടം എടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഈ നാട്ടിലെ പൊതുജനങ്ങൾക്ക് ഒരു ചൂണ്ടുപലകയായി, ഇപ്പോൾ തന്നെ ഗവണ്മെൻറു ചുമത്തിയിട്ടുള്ള നികുതിഭാരം കൊണ്ട് താങ്ങാൻ സാധിക്കാതെയും, അടിയന്തിരാവസ്ഥയുടെ പല കെടുതികളും കൊണ്ട് കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാധാരണക്കാരുടെ മേലാണ് ഈ നാലുകോടി രൂപയുടെ പൊതുകടം വന്നുവീഴാൻ പോകുന്നതു്. അതുകൊണ്ട് ഇതൊരു മിച്ച ബഡ്ജററായി അവസാനിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

സർ, ഈ ബഡ്ജററിൽ എന്റെ സ്നേഹിതന്മാരിൽ പലരും ഇവിടെ സൂചിപ്പിച്ചതുപോലെ നയപരമായി വിട്ടുകളഞ്ഞ കാര്യങ്ങളുണ്ട്. ഇതിൽ ഈ നാട്ടിലെ വിദ്യാഭ്യാസപോളിസിയെ സംബന്ധിച്ചിടത്തോളം ഒന്നുംതന്നെ പറഞ്ഞിട്ടില്ല. അതുപോലെതന്നെ പ്രൊഹിബിഷനെ സംബന്ധിച്ചും ഒന്നും പറഞ്ഞിട്ടില്ല. ഇക്കാര്യങ്ങൾ സൗകര്യപൂർവ്വം മറന്നുകളഞ്ഞതാണോയെന്ന് ഞാൻ സംശയിക്കുന്നു. വ്യക്തമായി ഇക്കാര്യങ്ങളിൽ ഉള്ള ഗവണ്മെൻറിന്റെ പോളിസി എന്താണെന്ന് പറയേണ്ടതാണ്. വിദ്യാഭ്യാസരംഗത്തു് ചില വ്യതിയാനങ്ങളും പരിവർത്തനങ്ങളും നടത്താമെന്നല്ലാതെ എന്താണ് ഇക്കാര്യത്തിൽ ആത്മാർത്ഥമായി ഗവണ്മെൻറിൽനിന്നും ചെയ്യാൻ പോകുന്നതെന്ന് വ്യക്തമായി പറഞ്ഞിട്ടില്ല. വിദ്യാഭ്യാസമണ്ഡലത്തിൽ ഇന്ന് വളരെയധികം അസ്വസ്ഥതകൾ ഉണ്ടെന്ന് ഈ സഭയിൽ തന്നെ പലപ്പോഴും സൂചിപ്പിച്ചിട്ടുള്ളതാണ്. നമ്മുടെ സ്റ്റേററിലെ അദ്ധ്യാപകസംഘടനകൾ, അവർക്കുള്ള നിവേദനങ്ങൾ ഗവണ്മെൻറിന്റെ മുമ്പിൽ നിരത്തിവച്ചിട്ടുണ്ട്. ഇന്നലെ സെക്രട്ടേറിയേററു പടിക്കൽ അദ്ധ്യാപകന്മാർ ഒരു കൂട്ടസത്യാഗ്രഹം നടത്തുകയും, അതിനെ സംബന്ധിച്ച് ഇന്ന് മുഖ്യമന്ത്രി ആലോചിച്ച് എന്തെങ്കിലും ചെയ്യാമെന്ന് പറയുകയും ചെയ്തു. ഇവിടത്തെ വാദം ഫൈനാൻഷ്യൽ കമ്മിററുമെൻറു ഇല്ലാത്ത കാര്യമാണ്. ഇക്കാര്യം കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഗവണ്മെൻറു അഥവാ മുഖ്യമന്ത്രി നല്ല ഒരു നിലപാടല്ല കൈക്കൊള്ളുന്നതു്. 1958-ൽ നമ്മുടെ സ്റ്റേററിലെ ഗവണ്മെൻറു ജീവനക്കാർക്ക് ശമ്പളത്തിൽ ഒരു ആനുകൂല്യം നൽകിയതിനുശേഷം ഇതുവരെയും യാതൊരുവിധത്തിലുള്ള ആനുകൂല്യവും നൽകിയിട്ടില്ല. ഈ ബഡ്ജററിൽ ഒരു ചെറിയ തുക, അതായതു് 100 രൂപയ്ക്കു താഴെ ശമ്പളമുള്ളവർക്ക് മൂന്നു രൂപയും, നൂറിനും ഇരുനൂറിനും ഇടയ്ക്ക് ശമ്പളമുള്ളവർക്ക് അഞ്ചു രൂപയും കൂട്ടിക്കൊടുത്തിട്ടുണ്ട്. ഇതു് ഇപ്പോൾ അടുത്തിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിനെ ലക്ഷ്യംവച്ചുകൊണ്ട് ചെയ്ത ഒരു പ്രവൃത്തിയല്ലേയെന്ന് ഞാൻ സംശയിക്കുന്നു. മൂന്നു രൂപയെന്നു പറഞ്ഞാൽ ഒരു ദിവസത്തേക്ക് പത്തു നയാപൈസ, ഈ പത്തു് നയാപൈസകൊണ്ട് ഇന്നത്തെ സാധനങ്ങളുടെ വർദ്ധിച്ച വിലവർദ്ധനവിനെ നേരിടാൻ എങ്ങനെ സാധിക്കും

2/1637/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

മെന്നുള്ളതിനെപ്പററി നാം ചിന്തിക്കേണ്ടതാണ്. എൻെറ സ്നേഹിതൻ ശ്രീ. രാഘവൻനായർ പറഞ്ഞതുപോലെ നമ്മുടെ അയൽ സംസ്ഥാനങ്ങളിലും, കേന്ദ്രഗവണ്മെൻറിലും ഈ ഗവണ്മെൻറിലും ജോലി നോക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെ സംബന്ധിച്ചിടത്തോളം താരതമ്യപഠനം നടത്തേണ്ടതാണ്. നമ്മുടെ സ്റ്റേററിലെ അദ്ധ്യാപകലോകത്തിലെ ശമ്പളം എന്താണെന്ന് നോക്കേണ്ടതുണ്ട്. ഇവിടെ അദ്ധ്യാപകന്മാരുടെ ശമ്പളനിരക്ക് 40–120 രൂപയാണ്. മററു സ്റ്റേററുകളിലുള്ള അദ്ധ്യാപകരുടെ ശമ്പളത്തോതു് ഞാൻ പറയാം. ഒറീസ്സായിൽ 100–150, ആന്ധ്രായിലും, മൈസൂറിലും, വെസ്ററു ബങ്കാളിലും 80-150, മദ്രാസിലും, മദ്ധ്യപ്രദേശത്തും 90–140, രാജസ്ഥാനിൽ 75–160, ജമ്മു കാശ്മീരിൽ 70–150 രൂപയുമാണ്. ഇതിൽ ഏററവും ചുരുങ്ങിയ ശമ്പളമുള്ളതു് കേരളസംസ്ഥാനത്തു മാത്രമാണ്. മാത്രമല്ല തൊഴിലില്ലായ്മ കൂടുതലുള്ള സംസ്ഥാനവും കേരളമാണ്. അതിൽ അഭ്യസ്ത വിദ്യർക്ക് തൊഴിലില്ലായ്മയുള്ള സംസ്ഥാനവും കേരളമാണ്. നല്ല രീതിയിലുള്ള അദ്ധ്യാപകന്മാരെ നമുക്ക് സമ്പാദിക്കാൻവേണ്ടി പല നടപടികളും എടുക്കാൻ പോകുന്നുണ്ടെന്ന് ഇവിടെ മുഖ്യമന്ത്രി പറയുകയുണ്ടായി. എന്തു നടപടിയാണ് ഈ സംരംഭത്തിൽ ഗവണ്മെൻറിൽനിന്നും എടുക്കാൻ ഉദ്ദേശിക്കുന്നതു്? ഈ ശമ്പളവും വെച്ചുകൊണ്ടു് അദ്ധ്യാപകന്മാരുടെ ജീവിതനിലവാരം ഉയർത്താൻ എന്തു നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നുള്ളതിനെപ്പററി തുറന്നുതന്നെ പറയേണ്ടതാണ്. ഏററവും ചുരുങ്ങിയ ശമ്പളം നൂറു രൂപയെങ്കിലും ആയിരിക്കണമെന്ന് അദ്ധ്യാപകന്മാർ ആവശ്യപ്പെട്ടിട്ടും, അതു ചെയ്യാതെ എല്ലാ ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കും മൂന്നു രൂപാ മാത്രമാണ് കൂട്ടിയിരിക്കുന്നതു്. എൻ. ജി. ഒ. മാർ അവരുടെ ചുരുങ്ങിയ ശമ്പളത്തിൻെറ കൂടെ ചുരുങ്ങിയതു് 25 രൂപയെങ്കിലും കൂട്ടണമെന്ന് ഗവണ്മെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുക്കുമ്പോൾ നമ്മുടെ സാമ്പത്തികബാദ്ധ്യതയെ കുറെയധികം കാര്യമായി ബാധിക്കാൻ ഇടവരുമെന്ന് പറയുമായിരിക്കും. പക്ഷെ അസംതൃപ്തരായ ഒരു വിഭാഗം ആളുകളെക്കൊണ്ടു് ഈ നാട്ടിലെ കാര്യങ്ങൾ നടത്തിക്കൊണ്ടു് പോകാൻ സാധിക്കുമെന്ന് ഗവണ്മെൻറു വിചാരിക്കുന്നുണ്ടെങ്കിൽ, അതു് ഉദ്യോഗസ്ഥന്മാരെ കൈക്കൂലി വാങ്ങിക്കുന്നതിനും, മററു അഴിമതികൾ പ്രവർത്തിപ്പിക്കുന്നതിനും പ്രേരിപ്പിക്കുകയും, അങ്ങനെ അവരുടെ ജീവിതനിലവാരം നീങ്ങുമെന്നുള്ളതിൽ രണ്ടുപക്ഷമില്ല. ഇന്നു് നമ്മുടെ പോലീസു വകുപ്പാണെങ്കിൽ കൈക്കൂലിയും അഴിമതിയും നിറഞ്ഞ ഒരു വകുപ്പായി രൂപാന്തരപ്പെട്ടിരിക്കുകയാണ്. പോലീസിനെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ അവർക്ക് കിട്ടുന്ന വേതനം വളരെ തുച്ഛമാണ്. മലബാർ പ്രദേശത്തുള്ള പോലീസുകാർക്ക്, മദ്രാസിൻെറ കീഴിലായിരുന്നപ്പോൾ അവർക്ക് കിട്ടിക്കൊണ്ടിരുന്ന യൂണിഫാറം പോലും ഇപ്പോൾ കിട്ടുന്നില്ല. അവരുടെ ടി. എ. യിൽ ആണെങ്കിൽ ഒരു സീലിംഗ് വച്ചിരിക്കുകയാണ്. ഒരു ഹെഡ് കോൺസ്റ്റബിളിൻെറ കാര്യം നോക്കുകയാണെങ്കിൽ, ഉദ്യോഗപരമായ പല കാര്യങ്ങൾക്കുവേണ്ടിയും സ്വന്തം പോക്കററിൽനിന്നും പണം എടുത്തു ചെലവാക്കേണ്ട ഗതികേടാണ് ഉണ്ടായിരിക്കുന്നതു്. ഇതിൻെറയെല്ലാം ഫലമായി നമ്മുടെ ഡിപ്പാർട്ടുമെൻറുകളിൽ അഴിമതിയും കൈക്കൂലിയും വളരെയധികം ഉണ്ടാകുന്നു. ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിക്കുമ്പോൾ, അതു് വാങ്ങാതിരിക്കാനുള്ള ആത്മാർത്ഥമായ പ്രേരണ ഗവണ്മെൻറിൻെറ ഭാഗത്തുനിന്നും ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെയുണ്ടാകുന്നതു്.

അടുത്തതായി എനിക്കു് പറയുവാനുള്ളതു് പി. ഡബ്ലിയു. ഡി.യെപ്പററിയാണ്. ഇന്നത്തെ അടിയന്തിരാവസ്ഥയെ പരിഗണിച്ച് പൊതുമരാമത്തു പ്രവർത്തനങ്ങൾക്ക് 1963–64 വർഷത്തിൽ 2.52 കോടി രൂപയായിരുന്നു. 1964–65-ലേയ്ക്കു് 2.64 കോടി രൂപയാണ് പൊതുമരാമത്തു പ്രവർത്തനങ്ങൾക്ക് വേണ്ടി നീക്കിവെച്ചിരിക്കുന്നതു്. ഇതു് കഴിഞ്ഞ കാലത്തെക്കാൾ വലിയ വ്യത്യാസമൊന്നുമില്ല. സ്വാഭാവികമായി നമ്മുടെ സംസ്ഥാനത്തിൻെറ പല ഭാഗത്തും പൊതുമരാമത്തു പണികൾ വളരെ കുറഞ്ഞ രീതിയിലാണുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരുടെ സ്വഭാവത്തെപ്പററി ഇന്നു് എല്ലാവക്കും പ്രത്യേകമായിട്ടുള്ള ഒരു ധാരണയുണ്ടു്. അതായതു് ആരെങ്കിലും ഒരു വക്കിന്റെ കാര്യം അറിയുന്നതിനോ മററെന്തെങ്കിലും ആവശ്യത്തിനോ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ കൈക്കൂലി ഇല്ലാതെ ചെന്നാൽ പേപ്പട്ടിയെപ്പോലെ കുരയ്ക്കുന്ന സ്വഭാവക്കാരാണു് ഉദ്യോഗസ്ഥന്മാർ. കോഴിക്കോട്ടു് ഇൻജിനീയറിംഗ് ഓഫീസിലേയും, എക്സിക്യൂട്ടീവു് ഓഫീസിലേയും, ഉദ്യോഗസ്ഥന്മാർ ലജ്ജാകരമായ ഒരു നിലപാടാണു് പുലർത്തിവരുന്നതെന്നു് ആ പ്രദേശത്തുള്ള എല്ലാവക്കും പരസ്യമായി അറിയാവുന്ന ഒരു സംഗതിയായിരിക്കുകയാണു്. ഓഫീസിൽ വരുന്നതു് മദ്യനിരോധനമേഖലയിൽ നിന്നാണെങ്കിലും അതിനെയെല്ലാം ലംഘിച്ചാണു് വരുന്നതെന്നുള്ളതു് ഒരു പാട്ടായിത്തീർന്നിരിക്കുകയാണു്. അതുകൊണ്ടു് നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ നിലപാടു് എന്താണെന്നുള്ളതിനെപ്പററി മനസിലാക്കേണ്ടതാണു്.

എനിക്കു് അടുത്തതായി പറയുവാനുള്ളതു് തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ കാര്യത്തെ സംബന്ധിച്ചാണു്. ഇവിടെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നാലുകോടിയിലധികം രൂപ വിലവരുന്ന മത്സ്യം ഈ നാട്ടിൽനിന്നു കയററി അയച്ചിട്ടുണ്ടെന്നു ഗവണ്മെൻറു കണ-
11 A.M.] ക്കിൽതന്നെ പറയുന്നുണ്ടു്. കൂടുതൽ മെച്ചപ്പെട്ട നിലവാരം ഈ കൊല്ലത്തിൽ പ്രതീക്ഷിക്കാമെന്നും പറയുന്നു. ഈ ബഡ്ജററു പ്രസംഗത്തിൽ മത്സ്യവ്യവസായത്തിന്റെ പ്രോത്സാഹന മാർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയല്ലാതെ ഈ തീരദേശവാസികളുടെ വിഷമങ്ങൾ പരിഗണിക്കുന്ന കാര്യത്തിൽ എന്തു നടപടികളാണു് ഗവണ്മെൻറു് എടുക്കാൻ പോകുന്നതു് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഒരു സൂചനപോലും നൽകിയിട്ടില്ല. തീരദേശവാസികൾ ഒരാണ്ടിന്റെ മിക്കമാസങ്ങളിലും മുഴു പട്ടിണിയിലാണു്. മത്സ്യമുണ്ടാകുന്ന കാലത്തു് എന്തെങ്കിലും സമ്പാദിച്ചുവയ്ക്കുന്ന സ്വഭാവമല്ല അവക്കുള്ളതു്. അങ്ങനെയുള്ള ഒരു ജനാവലിയെ, സമ്പത്തുണ്ടാകുന്ന അവസരത്തിൽ സൂക്ഷിച്ചുവച്ചു് അതു പട്ടിണിക്കാലത്തു് ഉപയോഗപ്പെടുത്താൻ സാധിക്കുമോ എന്നുള്ള കാര്യം പരീക്ഷിപ്പിക്കുവാനുള്ള ആത്മാർത്ഥമായ ഒരു സമീപനം ഗവണ്മെൻറിന്റെ ഭാഗത്തുനിന്നു ഉണ്ടായിട്ടുണ്ടോ എന്നാണു് എനിക്കു് ചോദിക്കുവാനുള്ളതു്.

ഹരിജനക്ഷേമത്തെ സംബന്ധിച്ചിടത്തോളം വളരെ ഭീമമായ പ്രശ്നങ്ങളുണ്ടു്. ഹരിജനക്ഷേമപ്രവർത്തനം ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രമേ നടത്തുന്നുള്ളു എന്നുള്ള പരാതി മിക്ക ഹരിജൻ സുഹൃത്തുക്കളിൽനിന്നും ഉണ്ടായിട്ടുള്ളതാണു്. ഞാൻ ഹരിജനക്ഷേമവകുപ്പു മന്ത്രിയെ കുററം പറയുകയല്ല. പക്ഷേ ആ വകുപ്പിന്റെ നടത്തിപ്പു വളരെ പരിതാപകരമാണു്. ഹരിജനക്ഷേമ നിധിയിൽനിന്നു് സ്കാളർഷിപ്പും സ്റ്റൈപ്പൻറും കിട്ടാവുന്ന കുട്ടികൾക്കു് അതു് ശരിയായി സമയത്തു ലഭിക്കുന്നില്ലെന്നുള്ള പരാതി ഇന്നത്തെ പത്രത്തിലുമുണ്ടു്. തവന്നൂർ റൂറൽ ഇൻസ്റ്റിററ്യൂട്ടിൽ പഠിക്കുന്ന കുട്ടികൾക്കു് കഴിഞ്ഞ കൊല്ലം ലഭിക്കേണ്ട ലംപ്സം ഗ്രാൻറു് ഈ കൊല്ലമായിട്ടും അവക്കു കിട്ടിയിട്ടില്ലെന്നുള്ള പരാതി പത്രത്തിൽ കാണുകയുണ്ടായി. കേളപ്പജിയെപ്പോലെ ആത്മാർത്ഥമായി ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ആളുകൾ മെനക്കെട്ടാലെ ഈ കാര്യം ശരിപ്പെടുകയുള്ളു എന്നു വരികയാണെങ്കിൽ ആരു വിചാരിച്ചാലാണു് ഈ കാര്യങ്ങൾ നടപ്പിൽ വരാൻപോകുന്നതെന്നു ഞാൻ ചോദിക്കുകയാണു്. വിദ്യാഭ്യാസ കാര്യത്തിൽ മുസ്ലിം പെൺകുട്ടികൾക്കു് ചില ആനുകൂല്യങ്ങളുടെ അപ്പക്കഷണങ്ങൾ എറിഞ്ഞുകൊടുത്തിട്ടുണ്ടു്. ഞങ്ങൾ അതിൽ സന്തോഷിക്കുകയാണു്. ആ ആനുകൂല്യങ്ങൾ മലബാറിൽ നേരത്തെ ഉണ്ടായിരുന്നതാണു്. മലബാറിൽ റെസിഡൻഷ്യൽ സ്കാളർഷിപ്പുകൾ പല സ്ഥലത്തും മുൻപു നിലവിലുണ്ടായിരുന്നു. തിരൂരിൽ ഒരു ഗവണ്മെൻറു ഗേൾസ് ഹൈസ്കൂളുണ്ടു്. അതു മുൻപു മുസ്ലീം ഹൈസ്കൂളായിരുന്നു. അവിടെ 60-ഓളം കുട്ടികൾക്കു് റസിഡൻഷ്യൽ സ്കാളർഷിപ്പു നൽകിയിരുന്നു. മുൻപു് ഈ റസിഡൻഷ്യൽ സ്കാളർഷിപ്പു നൽകിയിരുന്നതു് മുസ്ലിം പെൺകുട്ടികളെ വിദ്യാഭ്യാസ രംഗത്തേക്കു് ആകർഷിക്കാനായിരുന്നു. എന്നാൽ ഇന്നു ഈ സ്കാളർഷിപ്പു നൽകുന്നതു് സാമ്പത്തിക നിലവാരത്തിന്റെ അടിസ്ഥാനത്തിലാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

ഏതു ഉദ്ദേശത്തിലായിരുന്നോ ഈ റസിഡൻഷ്യൽ സ്കാളർഷിപ്പിനു് സംഖ്യ നൽകിയിരുന്നതു്, ആ ഉദ്ദേശം വീണ്ടും പ്രാവർത്തികമാക്കിത്തീർക്കാൻ ഗവണ്മെൻറു് തയ്യാറാകണം. ഈ നാട്ടിൽ സ്വാഭാവികമായും മുസ്ലിം പെൺകുട്ടികളം വിദ്യാഭ്യാസ രംഗത്തേക്കു് കടന്നുവരാത്തതു് അവർക്കു ശരിയായ ആനുകൂല്യങ്ങളം ലഭിക്കാത്തതുകൊണ്ടാണു്. അതുകൊണ്ടു് ഗവണ്മെൻറിനു് ചെയ്യാൻ സാധിക്കാവുന്നിടത്തോളമുള്ള എല്ലാ ആനുകൂല്യങ്ങളും വളരെ കാര്യമായി ചെയ്യണമെന്നു ഞാൻ ഈ അവസരത്തിൽ ഉണർത്തുകയാണു്.

സർ, പിന്നൊരുകാര്യം മലേറിയാ യൂണിററു ഈ മാർച്ച് അവസാനത്തോടുകൂടി നിറുത്തൽ ചെയ്യാൻ പോകുന്നുണ്ടെന്നു കേൾക്കുന്നു. രണ്ടായിരത്തിൽപരം അഭ്യസ്തവിദ്യരായ, നാലഞ്ചുകൊല്ലം സർവ്വീസുള്ള ഉദ്യോഗസ്ഥന്മാർ പുറംതള്ളപ്പെടുമെന്നുള്ള രീതി സ്വാഭാവികമായും ഈ ഉദ്യോഗസ്ഥന്മാരിൽ കടന്നുകൂടിയിട്ടുണ്ടു്. 14 ശതമാനത്തോളം തൊഴിലില്ലാത്തവർ ഇനിയും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നുണ്ടെന്നു പറയുന്ന ഈ അവസ്ഥയിൽ അവരെ പിരിച്ചുവിടുന്നതു് തൊഴിലില്ലാത്തവരുടെ എണ്ണത്തിനു് മുതൽ കൂട്ടുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഈ മലേറിയാ യൂണിററിലെ പ്രവർത്തകരെ പിരിച്ചുവിടരുതെന്നാണു് എനിക്കു് ഇതിൻെറ ചാർജ്ജുവഹിക്കുന്ന മന്ത്രിയോടു അഭ്യർത്ഥിക്കുവാനുള്ളതു്. ഇതിൽ വളരെയധികം ആളുകൾക്കു് ഏജു്ബാർ കഴിഞ്ഞിട്ടുണ്ടു്. ഗവണ്മെൻറു് സർവ്വീസിൽ അവർക്കു രണ്ടാമതു ഉദ്യോഗം കിട്ടുകയില്ല. ആ ഒരു പരിതസ്ഥിതിയിൽ ഇവരെ മുഴുവൻ മറേറതെങ്കിലും ഡിപ്പാർട്ടുമെൻറിൽ അബു്സാർബു്ചെയ്തു അവരുടെ ഒരു ദിവസത്തെ സർവ്വീസു്കൂടി നഷ്ടപ്പെടാത്ത ഒരു പരിതസ്ഥിതി ഉണ്ടാക്കിത്തീർക്കണമെന്നു് ഞാൻ ഈ അവസരത്തിൽ ഗവണ്മെൻറിനോടു് ഉണർത്തുകയാണു്.

സർ, സർവ്വീസിലെ കൺഫർമേഷനെ സംബന്ധിച്ചിടത്തോളം മലബാർ ഡിസ്ട്രിക്ററു ബോർഡിൻെറ കീഴിലുണ്ടായിരുന്ന സ്കൂളുകളം ഗവണ്മെൻറു ഏറെറടുത്തതിനെ തുടന്നു് അതിലുള്ള അദ്ധ്യാപകരിൽ സിംഹഭാഗവും പെൻഷൻപററി പിരിയുവാൻ പോകുന്ന ഈ അവസരത്തിൽ അവരുടെ സർവ്വീസ് ഇനിയും കൺഫേം ചെയ്തിട്ടില്ല. ഇൻക്രിമെൻറു് കൊടുത്തതു് അക്കൗണ്ടൻറു് ജനറൽ തടഞ്ഞുവച്ചിരിക്കുകയാണു്. അവർക്കു് ഇൻക്രിമെൻറു് കിട്ടുകയില്ല. പെൻഷൻ പററിപ്പോയാൽ അവർക്കു പെൻഷൻ കിട്ടുകയില്ല. ഇതു വളരെ ഗൗരവതരമായി ചിന്തിക്കേണ്ട ഒരു കാര്യമാണു്. വിദ്യാഭ്യാസ രംഗത്തു് പല പരിഷ്ക്കാരങ്ങളും വരുത്തുന്ന ഗവണ്മെൻറു ഇത്തരം കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധചെലുത്തണമെന്നു ഞാൻ ഈ അവസരത്തിൽ ഉണർത്തുകയാണു്.

പിന്നെ ഈ 28-ം 30-ം കൊല്ലം സർവ്വീസുള്ള സബു് ഇൻസ്പെക്ടർമാർ അവർ സർവ്വീസിൽനിന്നു് പിരിഞ്ഞുപോകാറായിട്ടും അവരെ സർവ്വീസിൽ കൺഫേം ചെയ്തിട്ടില്ല. ഹെഡു്കാൺസ്ററബിളായിട്ടോ പോലീസുകാരായിട്ടോ അവരെ കൺഫേം ചെയ്തിട്ടുണ്ടായിരിക്കും. അങ്ങനെയുള്ള ഒരു ഗതികേടിലേക്കു് അവരെ തള്ളിവിടാതെ അവർ സർവ്വീസിൽനിന്നു് പിരിഞ്ഞുപോകുന്നതിനു മുൻപായിതന്നെ അവരെ കൺഫേം ചെയ്യണമെന്നു് ഞാൻ ഈ അവസരത്തിൽ ഉണർത്തുകയാണു്.

മലബാറിൽ 1954, 1955, 1956 കാലഘട്ടത്തിൽ—എഡ്യൂക്കേറെറഡു് അൺ എംപ്ലോയ്മെൻറു് നീക്കാൻവേണ്ടി കേന്ദ്രഗവണ്മെൻറിൻെറ സഹായത്തോടുകൂടി സിംഗിൾ ടീച്ചേഴ്സ് എന്നു പറയുന്ന ഒരു വിഭാഗത്തെ നിയമിച്ചിട്ടുണ്ടായിരുന്നു. ഇങ്ങനെ എടുത്തിട്ടുള്ള 240—ൽ പരം ആളുകളുടെ കാര്യം ഇന്നൊരു പ്രശ്നമായിത്തീർന്നിരിക്കുകയാണു്. 1960-ൽ ഇവരെ ട്രെയിനിംഗിനു് എടുത്തു് രണ്ടുകൊല്ലത്തെ ട്രെയിനിംഗ് ഇവർക്കു കൊടുക്കുകയുണ്ടായി. അതിനുശേഷം ഇന്നു ഗവണ്മെൻറു സർവ്വീസിൽ മററു അദ്ധ്യാപകരെ നിയമിക്കുന്നതുപോലെതന്നെ അവരേയും നിയമിക്കുകയാണു് ചെയ്തിട്ടുള്ളതു്. പക്ഷെ കോഴിക്കോടു് ആർ. ഡി. ഡി. ആഫീസിൽ ഒരു പുതിയ കണ്ടുപിടിത്തം ഉണ്ടായിട്ടുണ്ടു്. അവരുടെ ഇന്നത്തെ സ്കെയിൽ എസ്. എസ്. എൽ.സി.

LIBRARY ARCHIVES Kerala Legislative Assembly

ക്കാക്ക് 40+ഡി. എ. ഗ്രാഡ്വേറ്റിന് 50—ഡി. എ.; ഒരു ഫിക്സഡ് ശമ്പളമാണ് ഇന്നവർക്ക് ലഭിക്കുന്നത്. അതുകൊണ്ട് അവർക്ക് ഇൻക്രിമെൻറ് അനുവദിച്ചുകൊടുക്കാൻ പാടില്ലെന്ന് കോഴിക്കോട് ആർ. ഡി. ഡി. പുതിയതായി ഭൂതക്കണ്ണാടിവച്ചു കണ്ടുപിടിച്ചിരിക്കുകയാണ്. ഈ അദ്ധ്യാപകർ, 1960 മുതൽ അവരുടെ ഇൻക്രിമെൻറു അനുവദിച്ചുകൊടുക്കണമെന്നും, അവർക്കു ഒരു പേ സ്കെയിൽ നിശ്ചയിക്കണമെന്നും കാണിച്ചുകൊണ്ട് പല നിവേദനങ്ങളും, ഗവൺമെൻറിൽ നടത്തിയിട്ടും യാതൊരു ഫലവുമില്ലാതെ ഇരിക്കുകയാണ്. ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം അവരുടെ കാര്യം ഗവൺമെൻറ് പരിശോധിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ഉണർത്തുകയാണ്. ഏതായിരുന്നാലും ഈ ബഡ്ജറ്റ് ഈ ഗവൺമെൻറിന്റെ അവസാനത്തെ നാഴികക്കല്ല് കുറിക്കുകയാണ്. ഇനിയൊരു ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള അവസരം ഈ ഗവൺമെൻറിനുണ്ടാകുകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുകയാണ്. ഈ അവസരത്തിലെങ്കിലും സഹായത്തിന്റെ ഒരപ്പക്കഷണം ഈ നാട്ടിലെ താഴ്ന്ന നിലവാരത്തിൽ കിടക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് എറിഞ്ഞുകൊടുക്കാൻ സന്മനസ് കാണിച്ചതിൽ ഞാൻ ഗവൺമെൻറിനെ അനുമോദിക്കുകയാണ് ചെയ്യുന്നത്.

കൃഷി വികസന കാര്യത്തിൽ കാര്യമായ യാതൊന്നും ചെയ്യുന്നില്ലെന്നു ഈ കൊല്ലത്തിൽ മൈനർ ഇറിഗേഷൻ വർക്കിന് ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ കൊണ്ട് നമുക്കു കാണാൻ സാധിക്കും. കൃഷി വിഭവങ്ങൾ ധാരാളം അഭിവൃദ്ധിപ്പെടുത്തുകയാണ് നമ്മുടെ ലക്ഷ്യം. പുതുക്കിയ ബഡ്ജററുപ്രകാരം 42,84,000 രൂപാ മൈനർ ഇറിഗേഷൻ വർക്കുകൾക്ക് നീക്കിവച്ചിട്ടുള്ളതു ഈ വർഷത്തിൽ 29,20,100 രൂപയാണ്. 13,63,900 രൂപ ഈ ഇനത്തിൽ കുറവു വന്നിട്ടുണ്ട്. ഇതു നാം കാര്യമായി പരിശോധിക്കേണ്ട ഒരു സംഗതിയാണ്. ഭക്ഷ്യവിഭവങ്ങൾ വർദ്ധിപ്പിക്കാൻവേണ്ടി ഇറിഗേഷൻ ആവശ്യത്തിനുവേണ്ടി നീക്കിവക്കുന്ന സംഖ്യ പരിപൂർണ്ണമായി ചെലവാക്കുന്നുണ്ടോ എന്നുള്ള കാര്യം ഗവൺമെൻറ് പരിശോധിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ബഡ്ജറ്റിന്റെ ഉള്ളിൽ അടങ്ങിയിരിക്കുന്ന മററു സംഗതികളിലേക്കു കടക്കുന്നതിനു മുമ്പായി കാൺഗ്രസ്സ് ബഞ്ചുകളിൽനിന്നുതന്നെ കീരിത്തോട്—ചുരുളി സംഭവത്തെ സംബന്ധിച്ച് വ്യത്യസ്തമായിട്ടുള്ള അഭിപ്രായഗതികൾ വന്നതു നമ്മളിൽ പലരും മനസ്സിലാക്കിയതാണ്. ശ്രീമാൻ മാലേത്തു ഗോപിനാഥപിള്ള സംസാരിച്ചപ്പോൾ "പുത്തനച്ചി പുരപ്പുറം തൂക്കു"മെന്നുള്ള നിലയിൽ ലാത്തിച്ചാർജ്ജ് നടത്തേണ്ടിടത്തു നടത്തുമെന്നു പറഞ്ഞു. ശ്രീമാൻ സി. എ. മാത്യു സംസാരിച്ചപ്പോൾ ശക്തിയായിട്ടല്ല ചെറുതായിട്ടാണ് ലാത്തിച്ചാർജ്ജ് നടത്തിയതെന്നും ഇങ്ങനെ ഓരോരുത്തരും വ്യത്യസ്തമായിട്ടുള്ള അഭിപ്രായഗതികൾ പുറപ്പെടുവിക്കുകയും, ചിലർ അന്വേഷണം വേണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുള്ളതിനെ പരിഗണിച്ചുകൊണ്ടും, എന്തെങ്കിലും നടപടി എടുക്കേണ്ടതാണ്. എനിക്കു മുഖ്യമന്ത്രിയോടു പറയാനുള്ളതു, അദ്ദേഹം ആദ്യം ഒരു നിലപാടെടുത്തു, ആ നിലപാടിൽനിന്നു പുറകോട്ടു പോകുന്നതു അപമാനകരമാണ്, തോൽവിയാണ് എന്നു ചിന്തിക്കാതെ ഇതിനെ സംബന്ധിച്ച് അന്വേഷിക്കണമെന്നാണ്. ഞങ്ങൾ കീരിത്തോട് സംഭവത്തിൽ ഗവൺമെൻറിന്റെ നിലപാടിനെ ശക്തിയായി എതിർക്കുന്നതു ആ സ്ഥലത്തു കുടിയേറിത്താമസിക്കുന്ന ആളുകളെ ബലം പ്രയോഗിച്ച് ഇറക്കി അവരുടെ ഇടയിൽ സംഭ്രമം ഉണ്ടാക്കി ആ ആളുകളെ പോലീസിനെക്കൊണ്ടു ശിക്ഷിപ്പിക്കുന്നതിനു എടുത്തിട്ടുള്ള നടപടിമൂലമാണ്. ഈ സംഭവങ്ങളെ സംബന്ധിച്ച് ഒരുപക്ഷേ മുഖ്യമന്ത്രി തെററായ ധാരണയിലായിരിക്കാം അല്ലെങ്കിൽ ശരിയായി ധരിച്ചുകൊണ്ടു അതു സഭയുടെ മുമ്പിൽ മറച്ചുവച്ചുകൊണ്ടായിരിക്കാം പറഞ്ഞതെന്നാണ് ഇവിടെ പറഞ്ഞതിൽനിന്നും തോന്നുന്നതു. പ്രധാനമായും ആ സ്ഥലത്തു പോയ ജനപ്രതിനിധികളുടക്കമുള്ള ആളുകളെ അതിനകത്തു കയറാതിരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ന്നതിന്റെ കാരണമായി അദ്ദേഹം പറയുന്നതു് ഒരു ഫോറസ്റ്റു നിയമമുണ്ടു്, അതനുസരിച്ചാണെന്നാണു്; അതുകൊണ്ടു് ഗവണ്മെന്റിനു് അധികാരമുണ്ടെന്നാണു്. ഈ നിയമങ്ങളുടെ വ്യാഖ്യാനങ്ങളെല്ലാം ഈ നാട്ടിലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായാൽ അതു സങ്കടകരമാണു്. ഇതുപോലുള്ള സംഭവത്തെ സംബന്ധിച്ചു് പോലീസു് അക്രമപരമായി പെരുമാറിക്കഴിഞ്ഞതിനുശേഷം മനുഷ്യനു നിരക്കാത്ത തരത്തിലുള്ള റിപ്പോർട്ടുകൾ അയച്ചു് നിയമസഭയുടെ മുമ്പിൽ അതു് വയ്ക്കുകയാണു്. ഇവിടെ പറയുന്നു വെടിവച്ചില്ല എന്നു്. പക്ഷേ അവിടെ പോയ എല്ലാവരും വിശ്വസിക്കുന്നു, സർ, വെടിവയ്പു നടത്തിയെന്നു്. അവിടെയുള്ള പോലീസുകാരോടുതന്നെ ഞങ്ങൾ സംസാരിച്ചു. പോലീസുകാർതന്നെ പറയുന്നതു് ലാത്തിച്ചാർജ്ജു് നടന്നു, ടിയർഗ്യാസ് പ്രയോഗം നടന്നു ആളുകളെ പിരിച്ചുവിടുന്നതിനു് ടിയർഗ്യാസ് ഷെല്ലുകൾ പ്രയോഗിച്ചു എന്നൊക്കെയാണു്. പിരിച്ചുവിട്ടതിനുശേഷം കടയ്ക്കു അവർ തീവച്ചു. ഈ കടകൾ നിൽക്കുന്ന സ്ഥലം കുന്നിൻപുറത്താണു്. അവിടെയാണു് ഫോറസ്റ്റു് ആഫീസു്. താഴെനിന്നുകൊണ്ടു് ചൂട്ടുകത്തിച്ചു് മുകളിലോട്ടു് എറിഞ്ഞു എന്നാണറിയുന്നതു്. ഇതിൽ കാണുന്ന ഒരു വിചിത്രമായ സംഗതി എന്താണെന്നുവച്ചാൽ അവിടെ ഒരു ഫോറസ്റ്റു് ആഫീസ് ഉണ്ടായിരുന്നു. ഫോറസ്റ്റു് ആഫീസ്സിലെ പല സാധനങ്ങളും എടുത്തു മാററിയിരിക്കുന്നു. ആ പോലീസുകാർക്കു് അവിടെചെന്ന അന്നുമുതൽ ചായ കൊടുക്കുന്ന ഒരു കടക്കാരൻ കുറുപ്പുണ്ടു്. കുറുപ്പിന്റെ എല്ലാ സാധനങ്ങളും എടുത്തു മാററിയിരിക്കുന്നു. പിന്നെയാണു് തീവച്ചതു്. ബാക്കിയുള്ളതെല്ലാം കത്തി നശിച്ചുപോയിരിക്കുന്നു. ഇങ്ങനെ അവക്കു വേണ്ടതെല്ലാം മാററിയിട്ടു് ആളുകൾ തീവച്ചു എന്നു പറഞ്ഞാൽ ഞങ്ങൾ വിശ്വസിക്കുകയില്ല. ഈ വിധത്തിലുള്ളതായ റിപ്പോർട്ടിനെപ്പററി അന്വേഷിക്കയില്ലെന്നു പറഞ്ഞാൽ പിന്നെ എന്താണു പറയാനുള്ളതു്. എനിക്കു പറയാനുള്ളതു് ഇങ്ങനെ പറയുന്നതു് തെററാണു്, അന്വേഷിക്കണമെന്നാണു്. അവിടത്തേക്കു് നിയമിച്ചിട്ടുള്ള പോലീസോ, റവന്യൂ അധികാരികളോ തന്നിട്ടുള്ള റിപ്പോർട്ടു് തെററാണു്. അതുകൊണ്ടു് അന്വേഷിക്കുകതന്നെ വേണം. പിന്നെ പറഞ്ഞു വെടിവയ്പു നടന്നിട്ടില്ലെന്നു്. 3—4 ദിവസം കഴിഞ്ഞു് സംഭവസ്ഥലത്തു ചെന്നപ്പോൾ ശ്രീ. ടി. ഓ. ബാവയ്ക്കു് അറിയേണ്ടതു് വെടിവച്ചോ, ഇല്ലയോ എന്നു് ഞാൻ അവിടെവച്ചു പറയണമെന്നാണു്. അവിടെ ദീപികയുടെ പ്രതിനിധിയൊന്നും ചെന്നിട്ടില്ല. അവിടെ 500 മുതൽ 700 വരെ കുടുംബങ്ങൾ ഉണ്ടു്. ഈ കുടുംബങ്ങളിലുള്ള എല്ലാ ആളുകളും കേസിൽ പ്രതികളാണോ? അവിടെ ഉള്ളവർ പട്ടിണിയിലും ദാരിദ്ര്യത്തിലുമാണു് കഴിയുന്നതു്. ഇന്നും പോലീസു ആഫീസർമാർ സാധനങ്ങൾ വാങ്ങാൻ അനുവദിക്കുന്നില്ല. സുഖക്കേടായ കൊച്ചുകുട്ടികൾക്കു് മരുന്നുവാങ്ങിക്കൊടുക്കാൻ ആശുപത്രിയിൽ കൊണ്ടുപോകാനും നിവൃത്തിയില്ല. മൂന്നു നാലു ദിവസത്തോളം അവിടെയുള്ള സ്ത്രീകൾക്കും കുട്ടികൾക്കും പെരിയാററിന്റെ തീരത്തുള്ള പാറക്കെട്ടുകളുടെ ഇടയിൽ കഴിഞ്ഞുകൂടേണ്ട ദുഃസ്ഥിതി ഉണ്ടായിട്ടുണ്ടു്. ഇവരെല്ലാവരും കേസിൽ ഉൾപ്പെട്ട പുരുഷന്മാരുടെ സ്ത്രീകളല്ല. അല്ലാത്തവരുമുണ്ടു്. ഞങ്ങളവിടെ കണ്ടതു് കേസിൽ പ്രതിയായ പുരുഷന്മാരുടെ സ്ത്രീകളെയല്ല. പോലീസിന്റെ ഭാഗത്തുനിന്നും പ്രയോഗിക്കുന്നതായിട്ടുള്ള ഭീഷണിയെപ്പററിയും ഞങ്ങൾ അറിഞ്ഞിട്ടുണ്ടു്. ഇവിടെ ഇന്നലെ രാത്രി അറിഞ്ഞു, 100 പേർ സ്വമനസ്സാലെ ഒഴിഞ്ഞുപോയിരിക്കുന്നു എന്നു്. എന്നാൽ ആർ. ഡി. ഓ, ബ്ലോക്കു് ഡെവലപ്പ്മെന്റു് ആഫീസർ, പോലീസുകാർ ഇവരെല്ലാം സ്ഥലത്തുചെന്നു് നേരിട്ടു് അവരോടു് നിങ്ങൾ ഇന്ന സ്ഥലത്തു് പോകണമെന്നു പറയുന്നു. അവക്കുവേണ്ടി അലോട്ടു ചെയ്തിരിക്കുന്ന സ്ഥലം വെള്ളം കിട്ടാത്തതായിരിക്കും. അങ്ങനെയുള്ള സ്ഥലങ്ങൾ നോക്കിയാണു് അവക്കു തെരഞ്ഞെടുത്തു കൊടുക്കുന്നതു്. അങ്ങനെയുള്ള സ്ഥലത്തേക്കു് നിങ്ങൾ മാറണം ചിറെറഴുതിത്തരാമെന്നു് പറയും. പാവപ്പെട്ട സ്ത്രീകൾ ഒററ ആൾ മാത്രമാണെങ്കിൽ കുറെനേരം മിണ്ടാതെ നിന്നിട്ടു് ചീററു് വാങ്ങിക്കഴിയുകയാണു്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

സ്വമനസ്സാലെ ഒഴിഞ്ഞുപോകുന്ന സ്വഭാവത്തെപ്പററിയാണ് ഞാൻ പറഞ്ഞത്. പിന്നെ ചിലരുണ്ട് എന്നെപ്പോലുള്ളവർ; അവരാണെങ്കിൽ പിററു വാങ്ങാറില്ല. അവിടെ ലാത്തിച്ചാർജ്ജ് നടന്നാൽ അന്വേഷിക്കാൻ പാടില്ലെന്നുണ്ടോ? വെടിവയ്പുതന്നെ നടക്കണമെന്നുണ്ടോ? അവിടെ വെടിവയ്പു നടന്നില്ലായിരിക്കാം. വെറുംഷെല്ലേ പ്രയോഗിച്ചുള്ളായിരിക്കാം. എന്നാൽ ഞങ്ങൾ അവിടെ ചെന്നപ്പോൾ അവിടെയുള്ള ആളുകൾ പറഞ്ഞു, കട കത്തി എരിഞ്ഞുകൊണ്ടിരിക്കുമ്പോൾ 11 വയസ്സായ ഒരു കുട്ടിയെ എടുത്ത് എറിയുന്നത് അവർ കണ്ടിട്ടുണ്ടെന്നാണ്. എന്നോടുമാത്രമല്ല ശ്രീ. കെ. എം. ജോർജ്ജിനോടും, ശ്രീ. ടി. ഒ. ബാവയോടും, ശ്രീ. സി. എ. മാത്യുവിനോടും അപ്രകാരം പറഞ്ഞിട്ടുണ്ട്. ഇങ്ങനെ സംഭ്രമജനകമായിട്ടുള്ള വാർത്തയാണ് ദീപിക എത്താത്ത പ്രദേശങ്ങളിലെ ജനങ്ങൾ പറഞ്ഞത്. ഞങ്ങൾ അവിടെ ചെന്നപ്പോൾ ആ സ്ഥലത്ത് ആകെ പ്രവേശിക്കാൻ കഴിഞ്ഞ ഒരേയൊരു പത്രപ്രവർത്തകൻ മലയാളമനോരമയുടെ സ്റ്റാഫ് പ്രതിനിധി മാത്രമായിരുന്നു. പത്രങ്ങൾപോലും അവിടെ കിട്ടാതിരുന്ന കാലത്ത് പനംകുട്ടിയിലേയും അടിമാലിയിലേയും ആളുകൾ അവിടെയുള്ള സംഘർഷാവസ്ഥ അറിയാൻ ഉൽക്കണ്ഠപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. അവിടത്തെ സംഭ്രമജനകമായ വാർത്ത വെടിവച്ചു എന്നും തീവച്ചു എന്നും മററുമാണ് അവിടെയുള്ള നാട്ടുകാരും, അവിടെചെന്നു കണ്ടവരും പറയുന്നത്. ഗവണ്മെൻറു പറയുന്നത് പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയിട്ടില്ല, കണ്ണീർവാതകം മാത്രമേ പ്രയോഗിച്ചിട്ടുള്ളു എന്നാണ്. അക്രമപരമായി കുറെ ആളുകൾ ഇടയ്ക്കുവന്നു കയറിയതുകൊണ്ട് ചെയ്തതാണ്; അതുകൊണ്ട് അതേപ്പററി അന്വേഷിക്കണമെന്നില്ലെന്നാണ് ഗവണ്മെൻറു പറയുന്നത്. ഞങ്ങൾ എടുക്കാനുള്ള നടപടികളെല്ലാം എടുക്കാമെന്നാണ് പറയുന്നത് ഇതുപോലുള്ള ഒരു പ്രവർത്തനം നടന്നുകഴിഞ്ഞിരിക്കുകയാണ്. ഗവണ്മെൻറിൻെറ സൽപ്പേരു നിലനിറുത്തുന്നതിനെപ്പററി എനിക്കഭിപ്രായമില്ല. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഇതുപോലുള്ള ബലപ്രയോഗങ്ങൾ നടക്കുകയാണെങ്കിൽ ലാത്തിച്ചാർജായാലും കണ്ണീർവാതകം പ്രയോഗിച്ചതായാലും അവിടെ നടന്ന സംഭവങ്ങളെപ്പററി അന്വേഷണം നടത്തണം. ജുഡീഷ്യൽ അന്വേഷണമോ, പരസ്യാന്വേഷണമോ എന്തുതന്നെയായാലും നടത്തണം. അങ്ങനെ ഒരന്വേഷണം നടത്തിയില്ലെങ്കിൽ നാളെ ഇങ്ങനെയുള്ള സംഭവങ്ങൾ ഇനിയും ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്. സർ, പ്രതിപക്ഷ നേതാവ് അമരാവതിയിൽ നടന്ന കാര്യത്തെപ്പററി ഇവിടെ സംസാരിച്ചു. ശ്രീമാൻ ചാക്കോ അദ്ദേഹത്തിൻെറ ടൈപ്പിസ്റ്റിനെക്കൊണ്ട് ടൈപ്പു ചെയ്യിപ്പിച്ച് അദ്ദേഹം ഒപ്പിട്ടുതന്ന കടലാസ് ഇന്നും ഞങ്ങളുടെ കയ്യിലുണ്ട്. ഇതുപോലുള്ള പ്രധാനപ്രദേശങ്ങൾ പ്രോജക്ററ് ഏരിയായായാലും, വന സംരക്ഷണത്തിനായാലും ഒഴിപ്പിക്കപ്പെടുന്ന അവസരത്തിൽ മററു പ്രതിപക്ഷ പാർട്ടികളോടും മററു കാർഷിക സംഘടനകളോടും ആലോചിച്ച്, മാററേണ്ട ആളുകൾ ആരൊക്കെയാണെന്ന് തീരുമാനിക്കുകയും ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യാമെന്ന് എഴുതി ഒപ്പിട്ടു തന്നുകഴിഞ്ഞതിനുശേഷം മൂന്നുനാലു മാസം കഴിഞ്ഞപ്പോൾ ഈ നാട്ടിൽ കാർഷികസമരം നടന്നു. കാർഷിക സമരത്തിൻെറ ആവശ്യങ്ങളെക്കുറിച്ച് ഒരു സ്റ്റേററുമെൻറുണ്ടാക്കി. കാർഷികസമരം പിൻവലിച്ചു. അതിനു ശേഷം നടന്ന കമ്മിററിയിൽ ആരൊക്കെ വന്നു. ഞങ്ങൾ കമ്മിററിയിൽ വരണമെന്നു പറഞ്ഞപ്പോൾ ടി. എ. വാങ്ങാനാണെന്നു പറഞ്ഞ് കമ്മിററിയിൽ എടുത്തില്ല. നിങ്ങൾ സ്വന്തം ആളുകളെക്കൊണ്ട് ഒരു കമ്മിററി ഉണ്ടാക്കി, റിപ്പോർട്ടു വരുത്തി. സ്വന്തക്കാരായിട്ടുള്ള ആളുകളുടെ കാര്യങ്ങൾ നേടുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു. അവർക്ക് കൊടുക്കേണ്ടതെല്ലാം കൊടുത്തു, അതു കഴിഞ്ഞതിനുശേഷം ഇതുപോലുള്ള പ്രവർത്തനങ്ങളിൽ നിങ്ങൾ വന്നു സഹകരിക്കണം, സഹായിക്കണം എന്നു പറയുന്നു. എന്താണ് സഹായിക്കേണ്ടത്? ഏതു വിധത്തിൽ സഹായിക്കണം. ഈ വനം സംരക്ഷിക്കുന്ന കാര്യത്തിൽ നിങ്ങളെക്കാൾ വളരെക്കൂടുതൽ ആഗ്രഹം ഞങ്ങൾക്കുണ്ട്. പക്ഷേ അതിനൊരു നയമുണ്ട്. പ്രധാനമായും വന സംരക്ഷണത്തിൻെറ പേരിൽ എടുക്കുന്ന നടപടികൾ അതിനെ സംബന്ധിച്ച്

[ശ്രീമതി കെ. ആർ. ഗൗരി]

എല്ലാ കക്ഷികളുമായി ആലോചിച്ച്, ഒഴിപ്പിക്കുന്നതു് ആവശ്യമാണോ എന്നു് തീരുമാനിക്കുന്നതുവരെ അവിടെ താമസിക്കുന്ന ആളുകളെ ഇറക്കിവിടാൻ പാടില്ല. കുറെ കൊല്ലങ്ങൾക്കുമുമ്പു് ആരെല്ലാം പ്രേരണ ചെലുത്തിയാണു് അവരെ അവിടെ കയററിയതെന്നു് ഇപ്പോൾ പറയുന്നില്ല. പക്ഷേ അതെല്ലാവർക്കുമറിയാവുന്ന കാര്യമാണു്. ഇന്നു് അവിടെ ഉണ്ടായിട്ടുള്ള ഭയങ്കരമായ സ്ഥിതിഗതികൾ വച്ചുകൊണ്ടു് അവരെ ഇറക്കിവിടുക എന്നുള്ളതു് തൽക്കാലത്തേക്കു നിറുത്തിവയ്ക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. അതു് ഗവണ്മെൻറിനു് അപമാനകരമാണെന്നുള്ള സമീപനം മാററണം. കിഴക്കൻ ഏരിയായിൽ മുഴുവനും ഇന്നു് അടിയന്തിരാവസ്ഥയുണ്ടു്. അമരാവതിയിൽനിന്നു് മാററിയിട്ടുള്ള എത്രയോ ആളുകൾ ഒരു തുള്ളി വെള്ളവും കിട്ടാത്ത സ്ഥലത്തു കിടന്നു കഷ്ടപ്പെടുന്നുണ്ടു്. അതുകൊണ്ടു് ഈ പ്രശ്നത്തെ സംബന്ധിച്ച് ശരിയായിട്ടുള്ള നിലയിൽ ആലോചിച്ച് തീരുമാനമെടുക്കുകയും, അവിടെ വേണ്ടവിധത്തിൽ അന്വേഷിപ്പിക്കുകയും അതുവരെയുള്ള നടപടികൾ നിറുത്തി വയ്ക്കുകയും ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. ഏതായാലും ഇക്കാര്യം സംബന്ധിച്ച് കിട്ടിയിട്ടുള്ള റിപ്പോർട്ടുകൾ തെററാണു്. അതുകൊണ്ടു് തീർച്ചയായിട്ടും സ്ഥിതിഗതികൾ ശാന്തമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുകയും, ഒഴിപ്പിക്കലുകൾ തൽക്കാലത്തേക്കു നിറുത്തിവയ്ക്കുകയും ചെയ്യുന്നതിനുള്ള ഒരു തീരുമാനമെടുക്കുകയും അവിടെ ഉണ്ടായിരുന്നതായ സംഭവത്തെ സംബന്ധിച്ച് പരസ്യമായി ഒരന്വേഷണം നടത്തുകയും വേണം. ആളുകളുടെ നഷ്ടപ്പെട്ട സാധനങ്ങൾ തിരിയെ കൊടുക്കാൻവേണ്ട നടപടിയും എടുക്കണമെന്നഭ്യർത്ഥിക്കുകയാണു്.

ശ്രീ. മാലേത്തുഗോപിനാഥപിള്ള : വനം സംരക്ഷിക്കേണ്ടതാണെന്നു പറയുന്നു. തൽക്കാലത്തേക്കു് ഒഴിപ്പിക്കൽ നിറുത്തിവയ്ക്കണമെന്നും പറയുന്നു. ഒരു കമ്മിററി ഉണ്ടാക്കി പ്രതിപക്ഷങ്ങളുമായി ആലോചിച്ച് ഒഴിപ്പിക്കണമെന്നാണെങ്കിൽ പ്രോജക്ട് ഏരിയായിൽനിന്നും റിസർച്ചുവനങ്ങളിൽനിന്നും കൈയ്യേററക്കാരെ ഇറക്കിവിടണമെന്നാണോ വേണ്ട എന്നാണോ അഭിപ്രായം എന്നറിഞ്ഞാൽ കൊള്ളാം. കമ്മ്യൂണിസ്ററു പാർട്ടിയുടെ നിലപാട് എന്താണെന്നാണു് അറിയേണ്ടതു് ?

ശ്രീമതി കെ. ആർ. ഗൗരി : അനധികൃതമായി വനത്തിൽ കയ്യേറിയവരെ മുഴുവനും ഒഴിപ്പിക്കണമെന്നു നിങ്ങൾക്കും അഭിപ്രായമുണ്ടാവുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഇതിനെ സംബന്ധിച്ച് നിങ്ങളുടെ നയമെന്താണു് ? ഇതു പറയുമ്പോൾ പറയും കമ്മ്യൂണിസ്ററുകാരുടെ നയമെന്താണു് എന്നു്. ഇതൊന്നും പറഞ്ഞിട്ടു കാര്യമില്ല. നമുക്കു് പ്രശ്നത്തെ സമീപിക്കേണ്ടതു്, വനസമ്പത്തു് രക്ഷിക്കുന്നതിനുള്ള നടപടികൾ നമ്മൾ ജോയിൻറായിട്ടു് ചെയ്യണം. ഏതു് ഏരിയായിൽനിന്നു് ഒഴിപ്പിക്കണം, അവർക്കു് എവിടെ സ്ഥലം കൊടുക്കണം ഇതെല്ലാം തീർച്ചയായിട്ടും നമ്മൾ ഒന്നിച്ചിരുന്നു് തീരുമാനിച്ചു ചെയ്യേണ്ട കാര്യങ്ങളാണു്. ഇതു് ആരുടെയും സ്വന്ത പ്രശ്നമല്ല. രാജ്യത്തിൻെറ പ്രശ്നമാണു്. അതുകൊണ്ടാണു് ഒന്നിച്ചിരുന്നു തീരുമാനിക്കണമെന്നും നടപടികൾ എടുക്കണമെന്നും ആവശ്യപ്പെടുന്നതു്.

ബഡ്ജററിനെ സംബന്ധിച്ച് ഇവിടെ മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടു. 5 സംവത്സരക്കാലമായി നമ്മുടെ നാട്ടിൽ വ്യവസായരംഗത്തു്, കാർഷികരംഗത്തു്, മററു ഗവണ്മെൻറിൻെറ ഉന്നത തലത്തിൽ അതുപോലെതന്നെ ഉദ്യോഗസ്ഥവൃന്ദങ്ങളുടെ ഇടയിൽ, ഗവണ്മെൻറിനുള്ളിലുള്ള ആളുകളുടെ ഐക്യത്തെ സംബന്ധിച്ച് ഇതിനെയെല്ലാം സംബന്ധിച്ച് — ദീർഘമായ ഒരു സ്റ്റേററ്മെൻറിനെക്കുറിച്ച് ശ്രീ. സ്റ്റീഫൻ സംസാരിച്ചു. ഈ കഴിഞ്ഞ കുറെക്കാലമായി 1960—61 മുതൽ, ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററായും ചീഫ്മിനിസ്റ്റർ ആയും ശ്രീ. ശങ്കർ അവതരിപ്പിച്ച ബഡ്ജററു പ്രസംഗങ്ങളിലെല്ലാം വ്യാവസായിക രംഗത്തെപ്പററി പറയുന്നതു് ഒന്നിനും ചേർച്ച

LIBRARY ARCHIVES Kerala Legislative Assembly

യില്ലാത്ത വിധത്തിലാണ്. ആദ്യത്തെ ബഡ്ജററിലുള്ളത് രണ്ടാമത്തെ ബഡ്ജററിൽ കാണുകയില്ല. രണ്ടാമത്തെ ബഡ്ജററിലുള്ളത് മൂന്നാമത്തെ ബഡ്ജററിൽ കാണുകയില്ല. ഞാൻ നമ്മുടെ നാട്ടിലെ ചില പ്രധാനപ്പെട്ട വ്യവസായങ്ങളെ സംബന്ധിച്ചു പറയാം. ഇവിടെ കൂടുതലാളുകൾക്ക് ജോലി കൊടുക്കുന്ന പ്രധാന വ്യവസായങ്ങൾ കയർ, കശുവണ്ടി, ഹാൻറൂലം ഇവയാണ്. കയറിന്റെ സ്ഥിതിതന്നെ എടുക്കാം. ഇന്ന് കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സ്ഥിതി എന്താണ്? കയർ വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി എടുത്തിട്ടുള്ള നടപടി എന്താണ്. കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് 50—ലോ, 57—ലോ കിട്ടിക്കൊണ്ടിരുന്ന കൂലി കിട്ടുന്നുണ്ടോ ? ആ വ്യവസായ ശാലകൾ ഇന്നുണ്ടോ ? കയർബോർഡ് സംഘടിപ്പിച്ചിട്ടുപോലും ആ വ്യവസായശാലകളുടെ സ്ഥിതി എന്താണ് ? ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റും കേന്ദ്രഗവണ്മെന്റും അതിനെ തകർക്കുന്നതിനുള്ള നടപടികൾ കരുതിക്കൂട്ടി എടുക്കുന്നുണ്ടെന്ന് ഉറപ്പിച്ചു പറയാം. കയററുമതിയുള്ള ഒരു വ്യവസായത്തിനു കേന്ദ്രത്തിന്റെ സഹായമില്ലെങ്കിൽ അഭിവൃദ്ധിപ്പെടാൻ സാധിക്കുകയില്ല. സർ, തൊഴിലാളിയൂണിയന്റെ പ്രസിഡന്റായിരുന്ന കാലത്ത് ഞാൻ മുദ്രാവാക്യം വിളിച്ചിട്ടുണ്ട്, കയർബോർഡ് സംഘടിപ്പിക്കണമെന്ന്. അതു സാധിച്ചു. അതിനുശേഷം തൊഴിലാളികൾക്ക് ജോലിസ്ഥിരത കിട്ടിയോ, ഇല്ല. ശ്രീമതി നബീസത്ത്ബീവി മുമ്പൊരിക്കൽ പറയുകയുണ്ടായി 1952 മുതൽ—60 വരെ കമ്മ്യൂണിസ്റ്റുകാരെ തെരഞ്ഞെടുത്തതുകൊണ്ടാണ് ആലപ്പുഴ പട്ടണം നശിച്ചതെന്ന്. 1960–നുശേഷം 1964 വരെ ആലപ്പുഴ പട്ടണത്തിന്റെ പുരോഗതി അസ്തമിച്ചിരിക്കുന്നു. അവിടെ എത്ര ഫാക്ടറികൾ പൂട്ടിയിട്ടു. പിയേഴ്സ് ലസ്ലി കമ്പനി പൂട്ടിയിട്ടു. ബോംബേ കമ്പനി പൂട്ടിയിട്ടു ; ഡ്രഡേക്കർ കമ്പനി പൂട്ടിയിട്ടു ; ധാരാസ്മെയിൽ കമ്പനി പൂട്ടിയിട്ടു. ഇങ്ങനെ എത്രയെത്ര കമ്പനികൾ പൂട്ടിയിട്ടു. കയററുപായ് കയററി അയയ്ക്കുന്നത് വളരെ കുറഞ്ഞു. ഇതിനൊന്നിനും കയർബോർഡും, ഈ ഗവണ്മെന്റും യാതൊന്നും ചെയ്തില്ല. മുതലാളിമാർ തൊഴിലാളികളെ കഷ്ടപ്പെടുത്തുകയും അവരെ പിരിച്ചുവിടുകയും ചെയ്തു. ചെറിയ ഫാക്ടറികളിൽ പോകേണ്ടിവരുന്ന തൊഴിലാളികൾക്ക് ശമ്പളത്തോടുകൂടിയ അവധിയോ അലവൻസോ വേണ്ടത്ര ജോലിയോ കിട്ടുന്നില്ല ; മിനിമം കൂലിയും കിട്ടുന്നില്ല. ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യം കിട്ടുന്നതിന് നിങ്ങൾ എന്തു ചെയ്തിട്ടുണ്ടെന്നാണ് ഞാൻ ചോദിക്കുന്നത്. ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നു എന്നാണ് പറയുന്നത്. തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതാക്കി വളരെ കുറഞ്ഞ കൂലിക്ക് ജോലി ചെയ്യേണ്ടിവരുന്ന സ്ഥിതിയുണ്ടാക്കുന്നതു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കലാണെന്നു പറഞ്ഞാൽ ഞങ്ങൾക്ക് അതിനെ ശക്തിയായി എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. ഫാക്ടറികൾ പൂട്ടി. ഫാക്ടറികൾ നടത്തിക്കൊണ്ടിരുന്ന കുറേപ്പേർ ഇന്നത്തെ നിലയിൽ ഒരു ടൈപ്പിസ്റ്റിനേയും കുറേ ക്ലാർക്കന്മാരേയും വച്ചുകൊണ്ട് ആർഡർ വാങ്ങിക്കുകയാണ്. അതു കുറഞ്ഞ കൂലിക്ക് ചെറിയ ഫാക്ടറികൾവഴി ചെയ്യിപ്പിക്കും. പഴയ കാലത്ത് 1114–ലും മററും നല്ലപോലെ സംഘടിച്ചിട്ടില്ലാതിരുന്ന കാലത്ത് ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് ശരിയായ കൂലി കിട്ടുമായിരുന്നില്ല. ആ കാലത്ത് തൊഴിലാളികളെ ചൂഷണം ചെയ്തിട്ടുള്ള ആളുകൾതന്നെയാണ് ഇന്ന് വ്യവസായശാലകൾ പൂട്ടിയിട്ടിട്ടുള്ളതും. പീയേഴ്സ് ലെസ്ലി കമ്പിനി പൂട്ടുന്നതിനുമുമ്പുതന്നെ അവിടത്തെ തൊഴിൽതർക്കം അഡ്ജൂഡിക്കേഷനു വിട്ടതാണ്. അഡ്ജൂഡിക്കേഷനു വിട്ടശേഷം ഏതെങ്കിലും ഫാക്ടറി പൂട്ടിയതായി കേട്ടിട്ടുണ്ടോ? എന്നാൽ ഈ ഫാക്ടറി അങ്ങനെ പൂട്ടിയിട്ട് ഇതുവരെ മുതലാളിയുടെ പേരിൽ നടപടിയെടുത്തിട്ടില്ല. പൂട്ടിയിട്ട ഫാക്ടറിയുടെ മുററത്ത് തൊഴിലാളികൾ അവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾക്കുവേണ്ടി സത്യാഗ്രഹം നടത്തേണ്ട നിലപോലും വന്നു. ഈ വ്യവസായം തകരുന്നതിനും തൊഴിലാളികൾക്ക് ശരിയായ കൂലി കിട്ടാതിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

തിനും ഇന്ന് ലൈസൻസുകൾ മുതലാളിമാർക്കുമാത്രം കൊടുക്കുന്ന ഏർപ്പാട് നിർബാധം തുടരുകയാണ്. ഈ വ്യവസായം ശരിയാകണമെങ്കിൽ, ഇതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ശരിയായ കൂലി കിട്ടണമെങ്കിൽ, തൊഴിലാളികളെ വച്ച് ജോലി ചെയ്യിപ്പിക്കുന്ന ആളുകൾക്കുമാത്രം ലൈസൻസു കൊടുക്കുന്ന ഏർപ്പാടുണ്ടാകണം. അതുണ്ടായിട്ടില്ല. രണ്ട് എക്സ്പോർട്ടു ലൈസൻസിന് അപേക്ഷിച്ചതു് കയർബോർഡ് ചെയർമാൻ ആദ്യം നിഷേധിച്ചു. അതിനുശേഷം ഇവിടെയുള്ള ചില കാൺഗ്രസ്സ് പ്രമാണികൾ ശ്രീ. മനുഭായ്ഷായെ പ്രേരിപ്പിച്ചതുമൂലം അദ്ദേഹത്തിന്റെ ഫോൺ സന്ദേശം ചെയർമാനു ലഭിക്കുകയും, ലൈസൻസു നിഷേധിച്ച ആളുകളെ വിളിച്ചുവരുത്തി ലൈസൻസു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ലൈസൻസ് വാങ്ങിക്കുന്നവർ പാവപ്പെട്ട തൊഴിലാളികളെ വഞ്ചിക്കുകയാണ്. എക്സ്പോർട്ടു പ്രമോഷൻ കൗൺസിലിന്റെ ആനുകൂല്യം വാങ്ങിച്ചുകൊണ്ട് ഒരു ലക്ഷം രൂപയുടെ കയററുമതി നടത്തുമ്പോൾ, പതിനായിരം രൂപയുടെ ഇംപോർട്ടു ചെയ്യാനുള്ള ലൈസൻസു വാങ്ങാം. ഈ നാട്ടിൽ കറപ്ഷൻ ഉണ്ടാകാതിരിക്കാൻ സെൻട്രൽ ഗവണ്മെൻറു മുതൽ സംസ്ഥാന ഗവണ്മെൻറുവരെ ശ്രമിക്കുന്നുണ്ടെന്നു പറയുന്നുണ്ടെങ്കിലും ഞാൻ പറഞ്ഞ പതിനായിരം രൂപയുടെ ഇംപോർട്ടു ലൈസൻസ് തൊഴിലാളികൾക്ക് ജോലിയില്ലാതാകത്തക്ക വിധത്തിൽ ഇരുപതിനായിരത്തിനും ഇരുപത്തയ്യായിരത്തിനും വിൽക്കുകയാണ്. നാട്ടിൽ പട്ടിണി, അരാജകത്വം, മനുഷ്യന്റെ ജീവിതച്ചെലവ് 36 പായിൻറുവരെ കൂടിയിരിക്കുകയാണ്. അതേയവസരത്തിൽ തൊഴിലാളികൾക്ക് ശരിയായ കൂലി ലഭിക്കുന്നില്ല. കഴിഞ്ഞ പ്രാവശ്യം ചേർത്തല-അമ്പലപ്പുഴ ഭാഗത്തെ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു തൊഴിലില്ലായ്മക്കമ്മിററി സംഘടിപ്പിക്കാൻ പോകുന്നുവെന്ന് പറയുകയും അതനുസരിച്ച് കമ്മിററി സംഘടിപ്പിക്കുകയും ചെയ്തു. ഇത്തവണത്തെ ബഡ്ജററു പ്രസംഗത്തിലും ഗവർണ്ണറുടെ പ്രസംഗത്തിലും ഇതിനെപ്പററിയൊന്നും പറഞ്ഞിട്ടില്ല. കഴിഞ്ഞ പ്രാവശ്യം കമ്മിററി സംഘടിപ്പിച്ചശേഷം പത്ത് കോവാപ്പറേററീവ് സൊസൈററികൾ ഉണ്ടാക്കി. കാൺഗ്രസ്സ് പ്രമാണികളേയും കാൺഗ്രസ്സുകാരുടെയിടയിൽതന്നെ വ്യവസായ മന്ത്രിക്ക് ഇന്നത്തെ നിലയിൽ ആനുകൂല്യം കിട്ടേണ്ട ആളുകളേയും ചേർത്താണ് കമ്മിററി സംഘടിപ്പിച്ചതു്. ഇതാണ് ചേർത്തല-അമ്പലപ്പുഴ ഭാഗത്തുള്ള സ്ഥിതിവിശേഷം. ഒന്നുകൂടി എനിക്കു പറയുവാനുണ്ട്.

ചെയർമാൻ: സമയം അവസാനിച്ചിരിക്കുകയാണ്.

ശ്രീ. ഈ. പി. ഗോപാലൻ: രണ്ടുമിനിട്ടുകൂടി അനുവദിച്ചു കൊടുക്കണം.

ശ്രീമതി കെ. ആർ. ഗൗരി: കാർഷികരംഗത്തു് സ്റ്റെബിലൈസേഷൻ എങ്ങനെ ഉണ്ടാകും? ഈ പുതിയ കാർഷിക നിയമംമൂലം ആണോ അതു വരുത്തുന്നതു്? കൃഷിക്കാരനെ ഒഴിപ്പിക്കാനും, ഇന്നു് നിലവിലുള്ള പാട്ടം കൂട്ടാനുമുള്ള വ്യവസ്ഥകൂടി പുതിയ നിയമത്തിൽ ചേർത്തിരിക്കുകയാണ്. കായൽ നിലമെന്നു പറഞ്ഞു് പുഞ്ചനിലംവരെ ഷെഡ്യൂളിൽ ചേർത്തിട്ടുണ്ട്. ഞാൻ അതിന്റെ ലിസ്ററു തരാൻ തയാറാണ്. ഈ നാട്ടിൽ നിയമനിർമ്മാണം നടത്തുന്നതിൽപോലും അക്രമപരവും നിയമവിരുദ്ധവും ആയ നടപടികൾ സ്വീകരിച്ച് സ്വന്തം ചിലർക്ക് കുറെ രൂപാ ലഭിക്കത്തക്ക വിധത്തിൽ അക്രമവും കൊള്ളയും നടത്തുന്ന പ്രവണത കാർഷിക രംഗത്തെ തുലയ്ക്കുകയേ ഉള്ളു.

ഇന്നത്തെ ഗവണ്മെൻറ് സർവ്വീസിനെ സംബന്ധിച്ച് പറയുമ്പോൾ ഈ ഗവണ്മെൻറ് വന്നതിനുശേഷം, ഈ ഗവണ്മെൻറിന്റെ പ്രവർത്തനഫലമായി സർവ്വീസിന്റെ മുറയും ചിട്ടയും മററും തകർന്നിരിക്കുകയാണ്. ഉദ്യോഗസ്ഥന്മാർക്ക്, ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥന്മാർ, കളക്ടർ, ഐ. ജി. തുടങ്ങിയ ഉദ്യോഗസ്ഥന്മാർക്ക് ലായൽട്ടി ഈ രാജ്യത്തോടല്ലേ ഉണ്ടായിരിക്കേണ്ടതു്? അതോ മന്ത്രിമാരോടാണോ? അല്ലതന്നെ. ചീഫ്മിനിസ്റററാണെങ്കിൽ.

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തനിലയിൽ ഈ ഉദ്യോഗസ്ഥന്മാരുടെ ലായൽട്ടി ഉപയോഗിക്കുന്നു. പോലീസുമന്ത്രി ശ്രീ. ചാക്കോ ഇരുന്നപ്പോൾ അദ്ദേഹവും അങ്ങനെ ചെയ്തു. അങ്ങനെ ഇന്നത്തെ സർവ്വീസിനെ വ്യക്തികളോട് ലായൽട്ടി കാണിക്കത്തക്ക വിധത്തിൽ ഉപയോഗിക്കുന്നതുകൊണ്ടു് ന്യായവും നീതിയും നടക്കുന്നില്ല. ഇവിടെ റൂൾ ആഫ് ലാ ആണ് നടക്കുന്നതെന്നു പറഞ്ഞിട്ടുണ്ട്. റൂൾ ആഫ് ലാ നടത്തുക എന്നു പറഞ്ഞാൽ നിയമത്തിൽ എഴുതിയിരിക്കുന്നതു് അനുസരിച്ചു് നടത്തുകയെന്നാണർത്ഥം. ഇവിടെ എന്താണ് നടക്കുന്നതു്? തൈക്കൽ മുതൽ തൃശ്ശൂർവരെയുള്ള സംഭവങ്ങൾ നമുക്കറിയാം. നിയമം ലംഘിച്ചുകൊണ്ടു് പല കാര്യങ്ങളും നടത്തിയിട്ടുള്ളതായി നമുക്കറിയാം. അങ്ങനെ നിയമത്തെ സ്വന്തം കാര്യങ്ങൾക്കായി ഉപയോഗിക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നതു്. നിങ്ങൾ ഈ ഭരണത്തിൽ വന്നിട്ട് 5 വർഷമാകുന്നു. ആ കസേര നിങ്ങളുടേതാണെന്ന ഒരു പ്രവണതയാണ് ഇന്നുവരെ നിങ്ങൾ കാണിച്ചിട്ടുള്ളതു്. ആ കസേര പല ആളുകളുടെ കയ്യിലേയ്ക്കു് മാറിയിട്ടുണ്ട്, ഇനിയും മാറും. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും, ഞാനും മററു പലരും ആ കസേരകളിൽ ഇരുന്നിട്ടുണ്ട്. അങ്ങനെ ആളുകൾ മിറിമാറിയിരിക്കുന്ന കസേരയാണതു്. ഈ നാട്ടിൽ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുകയില്ലെങ്കിൽ, ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ കഴിയുകയില്ലെങ്കിൽ, ജനങ്ങൾക്കു് അഭിമാനകരമായി ജീവിക്കാനുള്ള ഒരു അന്തരീക്ഷമെങ്കിലും ഉണ്ടാക്കണമെന്നാണ് എനിക്കു് നിങ്ങളോടു് പറയാനുള്ളതു്. അഭിമാനകരമായി ജീവിക്കുവാനുള്ള അന്തരീക്ഷംവരെ നിങ്ങൾ തകർത്തിരിക്കുകയാണ്. ഇന്നു് നിങ്ങൾ പാച്ചപ്പ് നടത്തി പത്തുമാസംകൂടി ഇരുന്നേക്കും. നിങ്ങൾ വളരെ യോജിപ്പിലാണെന്നു പറഞ്ഞാൽ ആളുകൾ വിശ്വസിക്കുകയില്ല. 1965-ൽ ആളുകൾ ഈ ഗവണ്മെൻറിനെതിരായി വിധിയെഴുതുമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണ്.

Shri. K. Chandrasekharan: Sir, as desired by the Chief Minister during the course of my speech, I have given him the necessary information.

ശ്രീ. പി. എസ്സ്. കാർത്തികേയൻ: ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് ഞാൻ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം തുടർച്ചായി അഞ്ചാമത്തെ ബഡ്ജററു അവതരിപ്പിക്കാൻ അവസരം ലഭിച്ച മുഖ്യമന്ത്രിയെ ഞാൻ ഹാർദ്ദമായി അനുമോദിക്കുകയാണ്, 3.58 കോടിരൂപ റവന്യൂമിച്ചം പ്രതീക്ഷിക്കുന്ന ബഡ്ജററാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. സംസ്ഥാനത്തെ വ്യവസായവൽക്കരിക്കുന്നതിനും അതുപോലെതന്നെ അഭിവൃദ്ധികരങ്ങളായ പരിപാടികൾ രാജ്യത്തു് നടപ്പിലാക്കുന്നതിനും കാര്യമായ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുതന്നെ സാമൂഹ്യരക്ഷാപരമായ പല പരിപാടികളും പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് ബഡ്ജററിൽ തുക കൊള്ളിച്ചുകാണുന്നതു് അഭിനന്ദനാർഹമാണ്. സമുദായത്തിലെ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കു് സംരക്ഷണം നൽകുകയെന്നുള്ളതു് ക്ഷേമരാഷ്ട്രം ലക്ഷ്യമായി സ്വീകരിച്ചിരിക്കുന്ന ഒരു ഗവണ്മെൻറിൻെറ കടമയാണ്. നമ്മുടെ സംസ്ഥാനത്തിൻെറ സാമ്പത്തികശേഷി അങ്ങനെയുള്ള ക്ഷേമകരമായ പദ്ധതികളുടെ അളവു കുറച്ചിട്ടുണ്ടെങ്കിൽതന്നെയും ക്ഷേമരാഷ്ട്രത്തിൻെറ കാതലായി കണക്കാക്കുന്ന സാമൂഹ്യക്ഷേമത്തിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടുതന്നെയാണ് ധനകാര്യമന്ത്രി ഈ ബഡ്ജററും ഇതിനുമുമ്പുള്ള ബഡ്ജററുകളും അവതരിപ്പിച്ചിട്ടുള്ളതെന്നു കാണാവുന്നതാണ്. സാമൂഹ്യമായി അവശതയനുഭവിക്കുന്ന വിഭാഗങ്ങളെ കൂടുതൽ കൂടുതൽ സഹായിക്കുന്നതിനുള്ള ഈ ഗവണ്മെൻറിൻെറ സന്നദ്ധത ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള എല്ലാ ബഡ്ജററുകളിലും കൂടുതൽ കൂടുതൽ വെളിവായി കാണാവുന്നതാണ്. അബലാമന്ദിരങ്ങൾ, വിധവാമന്ദിരങ്ങൾ, കുഷ്ഠരോഗികളുടെ ആരോഗ്യമുള്ള കുട്ടികളേയും, മാനസികവൈകല്യമുള്ള കുട്ടികളേയും രക്ഷിക്കുന്നതിനുള്ള മന്ദിരങ്ങൾ എന്നിവ സ്ഥാപിക്കുകയും ഭൂരഹിതരായ കാർഷിക തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം നൽകുക മുതലായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്സ്. കാർത്തികേയൻ]

പദ്ധതികൾ മുൻപു നടപ്പിലാക്കിയതു തുടർന്നു നടത്തുന്നതിനും പുറമെ അഗതികളായ ആളുകൾക്കു ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനു് ഒരു പുതിയ പദ്ധതി ഈ ബഡ്ജറ്റുമുഖേന പ്രയോഗത്തിൽ കൊണ്ടുവരികയാണു്. അതു പോലെതന്നെ പട്ടികജാതിക്കാർക്കു് അനുവദിച്ചിട്ടുള്ള സൗജന്യങ്ങൾ ക്രിസ്ത്യൻ കൺവെർട്ടുകൾക്കുകൂടി അനുവദിച്ചുകൊടുത്തതും താണ വരുമാനമുള്ള ആളുകളുടെ കുട്ടികൾക്കു് ഉന്നത സാങ്കേതികവിദ്യാഭ്യാസം നടത്തുന്നതിനു് പലിശകൂടാതെയുള്ള വിദ്യാഭ്യാസവായ്പകൾ നൽകുക എന്നതിനും പുറമേ അശരണരും നിർദ്ധനരുമായ കുട്ടികൾക്കു് പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയും അടുത്തവർഷം നടപ്പിൽ വരുത്തുകയാണു്. വാർദ്ധക്യകാല പെൻഷൻ, വികലാംഗർക്കു് ധനസഹായം, മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമനിധി, ക്ഷയരോഗികൾക്കു് സഹായം നൽകുന്ന പദ്ധതി വിധവകൾക്കുള്ള പെൻഷൻ പദ്ധതി ഇവയെല്ലാം ഈ ഗവണ്മെൻറു നടപ്പിലാക്കിയ പദ്ധതികളാണു്. വാർദ്ധക്യകാല പെൻഷൻെറ പ്രായപരിധി എഴുപതിൽ നിന്നും ഇപ്പോൾ അറുപത്തിഅഞ്ചായി കുറച്ചിട്ടുണ്ടു്. ഇതുസംബന്ധിച്ചു് ഇന്നലെ ഇവിടെ സംസാരിച്ച ശ്രീ. വിശ്വംഭരൻ മദ്രാസിൽ ഇപ്പോൾ 60 വയസായി കുറച്ചിട്ടുള്ളതുപോലെ ഇവിടെയും കുറക്കാൻ പാടില്ലേയെന്നു് ചോദിക്കുകയുണ്ടായി. അദ്ദേഹം ഈ ചോദ്യം ഉന്നയിച്ചതു് ഈ സംസ്ഥാനത്തിൻെറ സാമ്പത്തികശേഷിയും, പ്രായപരിധി 60 ആയി കുറച്ചാൽ വരാവുന്ന കൂടുതൽ ചെലവും എന്താണെന്നു് ആലോചിച്ചശേഷമാണോ എന്നു ഞാൻ സംശയിക്കുകയാണു്. നമ്മുടെ സംസ്ഥാനത്തു് ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് മരണനിരക്കു് കുറവാണെന്നാണു് പ്രസിദ്ധപ്പെടുത്തിയ കണക്കുകൾകൊണ്ടു കാണുന്നതു്. ടെക്നൊ എക്കണോമിക് സർവേയുടെ എട്ടാം പുറത്തു പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്.

In fact a comparative data of different States show that the death rate in Kerala is the lowest in the whole of India."

അങ്ങനെ നോക്കുമ്പോൾ പ്രായപരിധി 60 ആക്കി കുറക്കുകയാണെങ്കിൽ നമ്മുടെ സാമ്പത്തിക പരാധീനതവച്ചുനോക്കുമ്പോൾ വളരെയേറെ വൈഷമ്യമുണ്ടാകുമെന്നു മനസ്സിലാക്കാൻ കഴിയും. മറെറാരു നല്ലകാര്യം ഈ ബഡ്ജററിൽ കാണുന്നതു്, കുടുംബപെൻഷൻ ലഭിക്കുന്നതിനുള്ള അർഹത ഒരു വർഷത്തെ സർവ്വീസായി കുറച്ചതാണു്. മദ്രാസിൽ ഈ അടുത്ത ദിവസം അവതരിപ്പിച്ച ബഡ്ജററിൽ അഞ്ചു വർഷത്തെ സർവ്വീസാണു് പറഞ്ഞിട്ടുള്ളതെന്നു് കാണാനിടയായി. അതിലും വളരെ ഏറെ സൗകര്യപ്രദമായ രീതിയിൽ ആണു് ഈ ഒരു വർഷത്തെ സർവ്വീസ് പരിധി എന്നു നിശ്ചയിച്ചിട്ടുള്ളതു്. അങ്ങനെ കുടുംബപെൻഷൻെറ കാര്യത്തിൽ വരുത്തീട്ടുള്ള അയവും ഏററവും കുറഞ്ഞ പെൻഷൻകാരുടെ പെൻഷൻ വർദ്ധിപ്പിച്ചുകൊണ്ടുള്ള ആ പ്രഖ്യാപനവും അതർഹിക്കുന്ന ആളുകൾക്കു വളരെ ഏറെ ആശ്വാസപ്രദമാണു്. വളരെ ഏറെ കാലം താമസിപ്പിക്കാതെ കഴിയുന്നതുംവേഗം ഇതിൻെറ പ്രയോജനം അവർക്കു ലഭിക്കത്തക്കവണ്ണമുള്ള നടപടികൾ ഗവണ്മെൻറു സത്വരമായി സ്വീകരിക്കണം എന്നീയവസരത്തിൽ ഞാൻ ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുകയാണു്.

അതുപോലെതന്നെ താഴ്ന്ന വരുമാനമുള്ള ഉദ്യോഗസ്ഥന്മാരുടെ ഡിയർനസ് അലവൻസ് വർദ്ധിപ്പിച്ചതും അതു സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കുകൂടി ബാധകമാക്കിയതും വളരെ നല്ല ഒരുകാര്യമാണു്. പക്ഷെ, ഇന്നത്തെ വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ വർദ്ധനവു തീരെ അപര്യാപ്തമാണെന്നു എല്ലാവരും സമ്മതിക്കുന്ന ഒരു വസ്തുതയാണു്. എങ്കിലും അതു നടപ്പിൽ വരുത്തുന്നതിനു ഒരുകോടി രൂപയുടെ സാമ്പത്തികബാദ്ധ്യത ഗവണ്മെൻറിനു വരുമെന്നു നാം ഓർക്കേണ്ടതാണു്. എൻ. ജി. ഒ. മാരുടെ അവശതകൾ ഇനിയും അവശേഷിക്കുകയാണു്. അതു പരിഹരിക്കുന്നതിനു ഇനിയും ന്യായമായ നടപടികൾ ഗവണ്മെൻറു സ്വീകരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഗവണ്മെൻറു ഇക്കാര്യത്തിൽ അനുഭാവപൂർവ്വ

LIBRARY ARCHIVES Kerala Legislative Assembly

മായ തരത്തിലുള്ള നടപടികളാണെടുത്തിട്ടുള്ളത് എന്നു മുൻനടപടികളിൽ നിന്നും വ്യക്തമാകുന്നതാണ്. അവർക്കു വീട്ടുവാടക അലവൻസു നൽകി, ഡിയർനസ് അലവൻസ് ഡിയർനസ് പേയിൽ ലയിപ്പിച്ചു എന്നുള്ളതും ഈ ഗവണ്മെന്റു അധികാരത്തിൽവന്നതിനുശേഷം അവരുടെ അവശതകൾ കുറയ്ക്കുന്നതിനായിട്ടു എടുത്തിട്ടുള്ള നടപടികളാണെന്നു കാണാം.

എനിക്കു മറെറാരുകാര്യം പറയാനുള്ളത്, ഈ ഗവണ്മെന്റു പാസ്സാക്കിയ ഭൂപരിഷ്ക്കരണനിയമം ഏററവും വേഗം നടപ്പിലാക്കണമെന്നുള്ളതാണ്. നമ്മുടെ സാമ്പത്തികാഭിവൃദ്ധിയുടെ ഗതിവേഗംകൂട്ടുന്നതിനു അതു ഏററവും വേഗം നടപ്പിലാക്കേണ്ടതു അത്യാവശ്യമാണ്. ആ നിയമം നടപ്പാക്കുന്നതിനുവേണ്ടി ലാൻറു ട്രിബ്യൂണലുകളെ നിയമിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടിയും ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ട് എന്നു അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതു നിയമനം നടന്നുവരുന്നതിനു താലതാമസം നേരിടുമെന്നു കാണുന്നതുകൊണ്ടു ഇന്നു നമ്മുടെ സംസ്ഥാനത്തു ആവശ്യമുള്ളിടത്തോളം കേസുകളില്ലാത്ത മുൻസിഫ്കോടതികളിൽ അവിടെയുള്ള മുൻസിഫ്മാർക്കു ഈ ജോലികൂടി നടത്താൻവേണ്ടി ചുമതലപ്പെടുത്തുകയാണെങ്കിൽ അതു ജനങ്ങൾക്കു കൂടുതൽ സൗകര്യപ്രദമായിരിക്കും. ഗവണ്മെന്റു അക്കാര്യം പരിശോധിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണ്. (ബെൽ) സമയമില്ലാത്തതുകൊണ്ടു ഒന്നു രണ്ടു കാര്യങ്ങൾകൂടി പറയാനുള്ളതു സാധിക്കാതെവന്നതിൽ ഖേദമുണ്ട്. ഈ ബഡ്ജററിനെ അനുകൂലിച്ചുകൊണ്ടു ഞാനെന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. എം. എ. ആൻറണി</u>: സർ, ഈ ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. നമ്മുടെ രാജ്യത്തിനു സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം അഞ്ചെട്ടു മന്ത്രിസഭകൾ ഈ രാജ്യത്തു ഭരണം നടത്തുകയുണ്ടായി. ഒരു മന്ത്രിസഭയ്ക്കും ഇങ്ങനെ അഞ്ചാം കൊല്ലവും ഒരു ബഡ്ജററു അവതരിപ്പിക്കുന്നതിനു അവസരം ലഭിച്ചിട്ടില്ല. കേരളത്തിന്റെ പ്രത്യേക പരിതഃസ്ഥിതിവച്ചു നോക്കുമ്പോൾ പുതിയ നികുതികൾ കൂടാതെ ഒരു ബാലൻസ്ഡ് ബഡ്ജററു അവതരിപ്പിക്കാൻ കഴിഞ്ഞതു ഏററവും അഭിനന്ദനാർഹമായ ഒരു കാര്യമാണ്. എന്നാൽ പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരിൽനിന്നും ജനോപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടി കൂടുതൽ സംഖ്യ ബഡ്ജററിൽ നീക്കിവച്ചിട്ടില്ല എന്നുള്ളതിനെ സംബന്ധിച്ചു വളരെ അധികം വിമർശനങ്ങളുണ്ടായി. ഇന്നത്തെ കേരളത്തിന്റെ പ്രത്യേക സാമ്പത്തികനില കണക്കാക്കുകയാണെങ്കിൽ കൂടുതൽ ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനു പുതിയ നികുതികൾ ചുമത്തിയേ മതിയാകൂ. അങ്ങനെ ഇനിയും നികുതി ജനങ്ങളുടെമേൽ ചുമത്തേണ്ടിവരുന്ന സാഹചര്യം ഒട്ടും സ്വാഗതാർഹമായിരിക്കുകയില്ല. എങ്കിലും ഇത്രയും ശുഷ്കമായ ഒരു സാമ്പത്തികസ്ഥിതി വച്ചുകൊണ്ടു വാർദ്ധക്യകാല പെൻഷൻ 70 വയസ്സ് എന്നുള്ളതു അറുപത്തിഅഞ്ചു വയസ്സാക്കി കുറച്ചതു ഏററവും നല്ല കാര്യമാണ്. പക്ഷെ, അതോടൊപ്പംതന്നെ ഈ ആനുകൂല്യങ്ങൾ അവർക്കു ലഭിക്കുന്നതിനുള്ള തടസ്സങ്ങൾകൂടി നീക്കണമെന്നാണെനിക്കു പറയുവാനുള്ളത്. രണ്ടുമൂന്നു കൊല്ലംമുമ്പു വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുവേണ്ടി കൊടുത്തിട്ടുള്ള വളരെ അപേക്ഷകൾ കളക്ടറന്മാരുടെ ആഫീസുകളിൽ തീരുമാനമാകാതെ കിടക്കുന്നുണ്ട്. അതിനുള്ള കാരണം വളരെ ജോലിത്തിരക്കുള്ള കളക്ടറന്മാർക്കു അതിനെ സംബന്ധിച്ചുള്ള അവസാന തീരുമാനം എടുക്കുന്നതിനുള്ള അധികാരം കൊടുക്കുന്നതുകൊണ്ടാണ്. ഈ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി അതാതു സ്ഥലത്തെ വാർദ്ധക്യകാല പെൻഷനുവേണ്ടിയുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനു അതാതു സ്ഥലത്തെ ബ്ലോക്കു ആഫീസറന്മാർക്കു അധികാരം കൊടുക്കുകയാണെങ്കിൽ അതു വളരെ ഉപകാരപ്രദമായിരിക്കും.

ഈ സംസ്ഥാനത്തു പുതിയതായി സ്കൂളുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നു ബഡ്ജററുപ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. അതു വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. പുതിയ സ്കൂളുകൾ അനുവദിക്കുന്നതു പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലായിരിക്കണം. പക്ഷെ, കഴിഞ്ഞ കൊല്ലങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എ. ആൻറണി]

അനുഭവം അങ്ങനെയല്ല. കഴിഞ്ഞ പത്തു കൊല്ലങ്ങൾക്കുള്ളിൽ ഒരു ഹൈസ്കൂളു പോലും അനുവദിച്ചിട്ടില്ലാത്ത എൻെറ നിയോജകമണ്ഡലംപോലുള്ള സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനു മുൻഗണന നൽകേണ്ടതാണ്.

പ്രൈവററു സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാർ ഇന്നലെ ഈ സെക്രട്ടറിയേററിനു മുൻപിൽ ഒരു സത്യാഗ്രഹം നടത്തിയതായി കണ്ടു. അവരുടെ അവശതകളെസംബന്ധിച്ചിടത്തോളം ഗവണ്മെൻറു കാര്യമായി പരിഗണിച്ചു ന്യായമായ എല്ലാ ആനുകൂല്യങ്ങളും അവക്കു ചെയ്തുകൊടുക്കേണ്ടതാണ്.

വേറെ ഒരു വസ്തുത എനിക്കു ഈയവസരത്തിൽ പറയാനുള്ളതു്, ഇന്നിവിടെ എറണാകുളം, തൃശ്ശൂർ ഈ ഡിസ്ട്രിക്ററുകളിൽനിന്നും വെള്ളക്കരം ഈടാക്കുന്നതു സംബന്ധിച്ചു എടുത്തിട്ടുള്ള അനീതിപരമായ നടപടികളെസംബന്ധിച്ചാണ്. യാതൊരു നീതിക്കും നിരക്കാത്ത വിധത്തിലാണ് വെള്ളക്കരം ചുമത്തിയിരിക്കുന്നതും, അതു ഈടാക്കി എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതും. വെള്ളം കിട്ടാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പേരിലും വെള്ളം ഉപയോഗപ്പെടുത്താത്തവരുടെ പേരിലും, വെള്ളംകൊണ്ടു കൃഷിനാശം വന്നിട്ടുള്ളവരുടെ പേരിലും എല്ലാമാണു എട്ടും പത്തും കൊല്ലത്തെ നികുതി ഒന്നിച്ചുകൂട്ടി ഇപ്പോൾ ഈടാക്കിവരുന്നതു്. അതു ഈടാക്കി എടുക്കുന്നതിനു അധികാരികൾ പോലീസിനെ സഹായത്തിനായി വിളിക്കുന്നു. അവിടെയുള്ള ആളുകളിൽനിന്നും മനുഷ്യത്വപരമല്ലാത്ത രീതിയിൽ അവരുടെ ജംഗമസാധനങ്ങൾ ജപ്തി ചെയ്തുകൊണ്ടു പോകുകയും ഭീഷണിപ്പെടുത്തി വെള്ളക്കരം ഈടാക്കുകയും ചെയ്യുന്നു. നികുതി കൊടുക്കുന്ന കാര്യത്തിൽ ജനങ്ങൾക്കു വിരോധമില്ല. പക്ഷെ വെള്ളം ഉപയോഗിക്കാത്ത ആളുകളിൽനിന്നും ഇതു ഇങ്ങനെ അനീതിപരമായി ഈടാക്കുന്നതിനെ സംബന്ധിച്ചാണ്, പരാതിയുള്ളതു്. ഈ പരാതികളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ചില ഉദ്യോഗസ്ഥന്മാരെ വച്ചിട്ടുണ്ട്. ജനങ്ങളിൽനിന്ന് ആയിരക്കണക്കിനു കിട്ടിക്കൊണ്ടിരിക്കുന്ന പരാതികളെ സംബന്ധിച്ച് അന്വേഷിക്കുവാൻ ഓരോ ജില്ലയിലേക്കും ഓരോ തഹശീൽദാരന്മാരെ മാത്രം നിയമിച്ചതുകൊണ്ടു ഒന്നും നടക്കുവാൻ പോകുന്നില്ല. സർ, വെള്ളക്കരം സംബന്ധിച്ചുള്ള പരാതികൾക്കു ഒരു പരിഹാരമുണ്ടാക്കുന്നതിനു ഇന്നത്തെ ഇറിഗേഷൻ ആക്ററിലും റൂളുകളിലും ആവശ്യമായ ഭേദഗതി വരുത്തിയേ പററൂ. ഉദ്യോഗസ്ഥന്മാർക്കു എന്തെല്ലാം നിർദ്ദേശങ്ങൾ കൊടുത്താലും ഇറിഗേഷൻ ആക്ററും റൂൾസും അനുശാസിക്കുന്ന രീതിയിൽ അവർ ഇന്നു വെള്ളക്കരം പിരിച്ചുകൊണ്ടുതന്നെയിരിക്കും. അതിനു നിയമത്തിൽ വേണ്ട ഭേദഗതികൾ വരുത്താമെന്നു കഴിഞ്ഞ നിയമസഭയിൽ തന്നെ പറയുകയുണ്ടായി. പക്ഷെ ഇതുവരെയായിട്ടും ആക്ററിലും റൂൾസിലും യാതൊരു ഭേദഗതിയും വരുത്തിയുമില്ല. ഇപ്പോഴത്തെ നിയമമന്ത്രിയെങ്കിലും ആ കാര്യം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അടുത്തതായി എനിക്കു പറയാനുള്ളതു്, കീരിത്തോട്ടിൽ ഈയിടെ നടന്ന ഭയങ്കരമായ സംഭവത്തെസംബന്ധിച്ചാണ്. പത്രത്തിൽ അതിശയോക്തിപരമായ വിവരങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ പത്രങ്ങൾ മാത്രമല്ല, ഇവിടെയുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർകൂടി അവിടെ നടന്ന ഭയങ്കരമായ സംഭവങ്ങളെപ്പററി പരാമർശിക്കയുണ്ടായി. ഏതായാലും ഭയങ്കരമായ ഒരു ലാത്തിച്ചാർജ്ജ് അവിടെ നടന്നു. അവിടെനിന്നും പോലീസ് അറസ്ററു ചെയ്തുകൊണ്ടുപോയ ആളുകളെ ലാക്കപ്പുകളിൽവച്ചു ഭയങ്കരമായി മർദ്ദിക്കുകയുണ്ടായി. ഭർത്താക്കന്മാർ നഷ്ടപ്പെട്ട ഭാര്യമാരുടേയും, മാതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങളുടെയും ദീനരോദനം അവിടെ മാറെറാലിക്കൊള്ളുകയാണ്. അവിടെ ഭയാനകമായ പലതും നടന്നുവെന്നു പത്രങ്ങളിൽനിന്നും മററും മനസ്സിലാക്കുന്നു. എന്നാൽ ചീഫ് മിനിസ്റററുടെ പ്രസ്താവനയിൽനിന്നും അങ്ങനെ ഭയങ്കരമായ സംഭവങ്ങൾ ഒന്നും, ലാത്തിചാർജ് അല്ലാതെ, അവിടെ ഉണ്ടായിട്ടില്ലാ എന്നുള്ള രീതിയിലാണ് അദ്ദേഹം ഇവിടെ പ്രസ്താവിച്ചു കേട്ടതു്. ചീഫ് മിനിസ്ററുടെ ഈ പ്രസ്താവനയും പത്രങ്ങളിൽ കണ്ടതായ വാർത്തകളും എല്ലാം വച്ചു നോക്കുമ്പോൾ ഈ രാജ്യത്തു ഒരു വിഭാഗം ആളുകൾ അവിടെ എന്തോ പൈശാ

ചികമായ സംഭവങ്ങൾ നടന്നിട്ടുണ്ടെന്നു വിശ്വസിക്കുന്നവരായിട്ടുണ്ട്. എന്നാൽ അതു തെററാണെന്നു കാണിക്കേണ്ട ചുമതല ഗവൺമെൻറിനുണ്ട്. അതിനു ഒരു പരസ്യാന്വേഷണം നടത്തി അതിന്റെ സത്യാവസ്ഥ ജനങ്ങളുടെ മുമ്പിൽ വയ്ക്കേണ്ടതാണ്. എങ്കിൽ മാത്രമേ തെററിദ്ധാരണകൾ മാററി ശാന്തമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളു. വനഭൂമിയിൽ അനധികൃതമായി കയ്യേറിയിട്ടുള്ളവരെ ഇറക്കിവിടണം. അതേസമയം ഗവൺമെൻറു ഒരു കാര്യം പരിഗണിക്കേണ്ടതാണ്. ഈ രാജ്യത്തെ ഭക്ഷ്യപ്രശ്നം ഗുരുതരമായപ്പോൾ കൂടുതൽ കൃഷിചെയ്യുന്നതിനു ഗവൺമെൻറിന്റെ അനുവാദപ്രകാരം അവർ കാട്ടിൽ കയറി കാടു വെട്ടിതെളിച്ചു കാട്ടുമൃഗങ്ങളോടു മല്ലിട്ടു കൃഷിചെയ്ത് അവിടെ താമസിക്കുന്നവരാണു അവരിൽ അധികം ആളുകളെന്നും ഗവൺമെൻറു മനസ്സിലാക്കണം. അവക്കു യാതൊരു സഹായവും ചെയ്തുകൊടുക്കാതെ അവരെ അവിടെനിന്നും ആട്ടി ഓടിക്കുന്നതു് ശരിയാണോയെന്നു നാം ചിന്തിക്കേണ്ടതാണ്. സർ. കുടിയിറക്കു ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. എല്ലാവരുടേയും സഹകരണത്തോടുകൂടി വേണ്ടപ്പെട്ടവരോട് ആലോചിച്ച് ഇതു് ചെയ്തിരുന്നെങ്കിൽ ഇത്രയും കുഴപ്പങ്ങൾ അവിടെ ഉണ്ടാകുകയില്ലായിരുന്നു. അവിടെ പല അനാശാസ്യമായ സംഭവങ്ങൾ നടന്നുവെന്നു ആളുകൾ വിശ്വസിക്കുന്നു. അതുകൊണ്ടു അതിനെസംബന്ധിച്ചു ഈ രാജ്യത്തെ ജനങ്ങൾക്കു അറിയേണ്ട ആവശ്യമുണ്ട്. ഗവൺമെൻറിന്റെ നില വ്യക്തമാക്കുന്നതിനു വേണ്ടിയും, അതിന്റെ സത്യാവസ്ഥ ജനങ്ങളെ മനസ്സിലാക്കുന്നതിനു വേണ്ടിയും ഒരു അന്വേഷണം നടത്തിയേ മതിയാകൂ എന്നു തുറന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനു ഗവൺമെൻറിൽനിന്നും അനുകൂലമായ പ്രതികരണമുണ്ടാകുമെന്നാണു ഞാൻ പ്രതീക്ഷിക്കുന്നതു്.

സർ, ഇറിഗേഷനെ സംബന്ധിച്ചു ചിലതുകൂടി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇറിഗേഷൻ സൌകര്യം വർദ്ധിപ്പിക്കുവാൻ ഗവൺമെൻറു ധാരാളം പണം ചെലവുചെയ്യുന്നുണ്ട്. പക്ഷെ പെരിയാററിൽനിന്നും വെള്ളം ഉപയോഗപ്പെടുത്തിയുള്ള ഒററ ലിഫ്ററു ഇറിഗേഷൻ പദ്ധതിപോലും ഇനി അനുവദിക്കുന്നില്ല എന്നു ഞാൻ മനസ്സിലാക്കുന്നു. അതിനുള്ള കാരണം എനിക്കു അറിയാൻ കഴിഞ്ഞിട്ടുള്ളതു, ഇറിഗേഷനു ഇനി പെരിയാററിലെ വെള്ളം ഉപയോഗപ്പെടുത്തുകയാണെങ്കിൽ ആവശ്യത്തിനു ശുദ്ധജലം ഉണ്ടാകുകയില്ലാ എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ലിഫ്ററ് ഇറിഗേഷൻ പദ്ധതികൾ ഒന്നും ഗവൺമെൻറ് അനുവദിക്കുന്നില്ലെന്നാണ്. അങ്ങനെയാണെങ്കിൽ നമ്മുടെ കൃഷി എങ്ങിനെ വർദ്ധിപ്പിക്കുവാൻ സാധിക്കും. ആവശ്യത്തിനു വെള്ളം കിട്ടുകയാണെങ്കിൽ കൃഷിചെയ്യുന്നതിനു ധാരാളം സൗകര്യങ്ങൾ അവിടെയുണ്ട്.

വ്യവസായങ്ങളെസംബന്ധിച്ച് ചില കാര്യങ്ങൾ പറയാനുണ്ട്. കഴിഞ്ഞ മൂന്നുനാലു കൊല്ലമായി ഇവിടെ വ്യവസായങ്ങൾ വരുന്നു എന്നു പറയുന്നതല്ലാതെ ഒരു വ്യവസായവും ഇവിടെ ആരംഭിച്ചില്ല എന്നു ചിലർ പറയുകയുണ്ടായി. ഒരു വ്യവസായം വരുന്നു എന്നു പറഞ്ഞാൽ അതു നാളെയോ മററന്നാളോ ആരംഭിക്കുകയില്ലാ എന്നറിയാം.

ശ്രീ. ഈ. പി. പൗലോസ് : ഇപ്പോൾതന്നെ കൃഷിക്കായി പെരിയാററിൽ നിന്നും പമ്പുചെയ്തെടുക്കുന്നതു ഉപ്പുവെള്ളമാണെന്നും അതു കൃഷിക്കു ദോഷം ചെയ്യുന്നതാണെന്നും ശ്രീമാൻ വിജയൻ പറഞ്ഞിട്ടുള്ളതറിയാമോ ?

ശ്രീ. എം. എ. ആൻറണി : ശ്രീമാൻ വിജയനും ഞാനും പറയുന്നതു ഗവൺമെൻറു കണക്കിലെടുക്കേണ്ട. അവിടെനിന്നും കിട്ടുന്നതു നല്ല വെള്ളമാണോ ഉപ്പുവെള്ളമാണോ എന്നുള്ളതു ശരിയായ വിദഗ്ദ്ധന്മാരെ കൊണ്ടു അന്വേഷിപ്പിച്ചതിനുശേഷം തീരുമാനം എടുക്കേണ്ടതാണ്.

ഇന്നു ഈ സംസ്ഥാനത്തു പല വൻകിട വ്യവസായങ്ങളും ആരംഭിക്കാൻ വേണ്ടി അതിന്റെ കല്ലിടീലും കെട്ടിടങ്ങളുടെ പണിയും ആരംഭിച്ചിരിക്കുകയാണ്. അതിനു ഏതാനുംകാലത്തെ പ്രാരംഭപണികൾ കഴിഞ്ഞുമാത്രമെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എ. ആന്റണി]

വ്യവസായം തുടങ്ങുകയുള്ളു. പക്ഷെ, ഈ വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ അതാതു സ്ഥലത്തു താമസക്കാരായ ജനങ്ങൾക്കു ജോലി കൊടുക്കുന്നതിൽ മുൻഗണന നൽകാൻവേണ്ടിയുള്ള നിർദ്ദേശം ഗവണ്മെന്റു കൊടുക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്.

സർ, പൊതുമരാമത്തുവകുപ്പിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വർഷവും ഈ വർഷവും റോഡുകൾ ഉണ്ടാക്കുന്നതിനു യാതൊരു സംഖ്യയും നീക്കിവച്ചിട്ടില്ല. ഗതാഗതകാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങൾ നമ്മുടെ രാജ്യത്തുണ്ടു്. കഴിഞ്ഞകൊല്ലം എമർജൻസിയുടെ പേരിൽ യാതൊരു ജോലിയും ആരംഭിച്ചിട്ടില്ല. വളരെ അത്യാവശ്യമായ ചില പണികൾ നടത്തുന്നതിനെങ്കിലും ഗവണ്മെന്റു ഇക്കൊല്ലം ശ്രദ്ധിക്കണമെന്നു എനിക്കു് ഒരു അഭ്യർത്ഥനയുണ്ടു്.

[Mr. Speaker in the chair]

ശ്രീ. ആർ. കൃഷ്ണൻ: സർ, സാധനങ്ങളുടെ വിലക്കയറ്റംകൊണ്ടു വീർപ്പുമുട്ടുന്ന സാധാരണക്കാരായ ജനങ്ങൾക്കു ആശ്വാസം നൽകാൻ കഴിവി

12 noon

ല്ലാത്ത ഒരു ബഡ്ജറ്റാണിതു്. കഴിഞ്ഞ ബഡ്ജറ്റിൽ ചുമത്തിയ നികുതിഭാരത്തിന്റെ വിഷമം ജനങ്ങൾ ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുകയാണു്. എല്ലാ സാധനങ്ങൾക്കും ഇന്നു വില വർദ്ധിച്ചിട്ടുണ്ടു്. ഏതാണ്ടു് 15 ശതമാനംമുതൽ 40 ശതമാനത്തിലധികം വില വർദ്ധിച്ചിട്ടുണ്ടു്. അധികൃതമായ കണക്കുകൾകൊണ്ടുതന്നെ ഈ വസ്തുത മനസ്സിലാകുന്നതാണു്. ഇങ്ങനെ വില വർദ്ധിച്ചിട്ടുള്ളതിനനുസരണമായി ചുരുങ്ങിയ കൂലിയും ശമ്പളവും പററുന്ന സാധാരണക്കാരായ തൊഴിലാളി വിഭാഗത്തിനു് വരുമാനം വർദ്ധിച്ചിട്ടില്ലാത്തതിനാൽ വളരെയധികം വിഷമം നേരിടുന്നുണ്ടു്. അവരെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജററിൽ യാതൊരു ആശ്വാസ നടപടിയും എടുത്തിട്ടുള്ളതായി കാണുന്നില്ല. ഗവണ്മെന്റു വ്യവസായ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾ മാത്രമല്ല, വളരെയധികം ലാഭകരമായി നടത്തപ്പെടുന്ന വ്യവസായസ്ഥാപനങ്ങളിലും ഗവണ്മെന്റിന്റെ വികസന പദ്ധതികൾ ഉപയോഗിച്ചു് ധാരാളം സമ്പാദ്യം ഉണ്ടാക്കുന്ന സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്കുപോലും ജീവിത സൂചികയുടെ തോതനുസരിച്ചു കൂലി വർദ്ധിപ്പിക്കാൻ വേണ്ട നടപടി ഗവണ്മെന്റു് എടുത്തുകാണുന്നില്ല. ഈ സമ്മേളനം ആരംഭിച്ചതിനുശേഷം, ഈ സെക്രട്ടറിയേററു പടിക്കൽതന്നെ, ഒരുതരത്തിൽ അല്ലെങ്കിൽ മറെറാരുതരത്തിൽ ജീവിത സൂചിക വർദ്ധിച്ചതിനു് അനുസരണമായി വരുമാനം വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചുകൊണ്ടു ട്രെയിഡ് യൂണിയൻ സംഘടനകളും, അദ്ധ്യാപകരും ഗ്രൂപ്പ്കാർഡുകളും പിടിച്ചു്, മുദ്രാവാക്യങ്ങളും മുഴക്കി സമരം നടത്തുന്നതായി കാണാൻ കഴിയുന്നുണ്ടു്. ഇങ്ങനെ സമരത്തിനൊന്നും തയ്യാറാകാതെതന്നെ, സ്വന്തം ജീവിതഭാരം താങ്ങാൻ വയ്യാതെ രാജ്യത്താകമാനം ആയിരക്കണക്കിനു് തൊഴിലാളികൾ ഇന്നു വിഷമിക്കുന്നുണ്ടു്. നമ്മുടെ രാജ്യത്തെ കർഷകത്തൊഴിലാളികളുടെ കാര്യംതന്നെ അതിനു് മതിയായ തെളിവാണു്. ഈ ഗവണ്മെന്റു അധികാരത്തിൽ വന്നു് അധികം താമസിയാതെതന്നെ, കർഷകത്തൊഴിലാളികൾക്കു മിനിമം കൂലി നിശ്ചയിക്കാൻ ഒരു ബില്ലവതരിപ്പിച്ചു. അഭിപ്രായവ്യത്യാസമില്ലാതെ ഈ സഭ അതു പാസ്സാക്കി. അതിനുശേഷം അവരുടെ സ്ഥിതി പഠിച്ചു് കൂലി വ്യവസ്ഥയും മററും ശുപാർശചെയ്യാൻ ഒരു കമ്മിററിയെ നിയോഗിച്ചു. ആ കമ്മിററി സമർപ്പിച്ച ശുപാർശകൾ ഇനിയും ഈ ഗവണ്മെന്റു് നടപ്പാക്കിയിട്ടില്ല. ആ ശുപാർശയനുസരിച്ചുള്ള മിനിമം കൂലി നടപ്പാക്കാൻ ഇനിയും ഗവണ്മെന്റിനു സാധിച്ചിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായിട്ടു് വിളവുകൾ വർദ്ധിച്ചിട്ടുണ്ടു്. മററുതരം അഭിവൃദ്ധികൾ ഉണ്ടായിട്ടുണ്ടു്. അതേ അവസരത്തിൽ ആയിരക്കണക്കിനുള്ള തൊഴിലാളികൾ ഏററവും കഷ്ടപ്പാടുകൾ അനുഭവിച്ചുകൊണ്ടു്, വർദ്ധിച്ച വില നിരക്കിന്റെയും, നികുതിഭാരത്തിന്റെയും ക്ലേശങ്ങൾ സഹിക്കുകയാണു്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിററി ശുപാർശചെയ്തിട്ടുള്ള കുറഞ്ഞ കൂലിപോലും അവർക്ക് കിട്ടാനുള്ള നടപടി ഗവണ്മെൻറു സ്വീകരിക്കുന്നില്ല. ഇതുമൂലം ലക്ഷക്കണക്കിനുള്ള തൊഴിലാളികളാണ് കഷ്ടത അനുഭവിക്കുന്നത്. സാധനങ്ങളുടെ വിലക്കയററം മൂലം വീർപ്പുമുട്ടിക്കഴിയുന്ന തൊഴിലാളികൾ ഇനി എത്രകാലം ക്ഷമിച്ചിരിക്കണം? അതുപോലെതന്നെ ബീഡിത്തൊഴിലാളികളുടെ കാര്യവും. കഴിഞ്ഞ മാസം 22000-ൽ പരം ബീഡിത്തൊഴിലാളികൾ, വടക്കേ മലബാറിൽ ഗംഭീരമായ ഒരു സമരം ആരംഭിക്കുകയുണ്ടായി. സംസ്ഥാനത്തിൻെറ മററു ഭാഗങ്ങളിലെന്നപോലെ, ഇന്നത്തെ വിലസൂചികയുടെ അടിസ്ഥാനത്തിൽ മിനിമം വേജസിൻെറ തോതു വർദ്ധിപ്പിക്കണമെന്നായിരുന്നു അവരുടെ അവകാശവാദം. ഇത്രയൊക്കെയായിട്ടും ഈ വക കാര്യങ്ങളെപ്പററി ഗവണ്മെൻറ് ഒന്നും കൂട്ടാക്കുന്നില്ല. മിനിമം വേജസ് ആക്ററ് അനുസരിച്ച് പണിയെടുക്കുന്ന ഫാക്ടററികളിൽപ്പോലും തൊഴിലാളികൾക്ക നിശ്ചയിച്ചിരിക്കുന്ന കൂലി കൊടുക്കാൻ ഇന്നും പണി എടുപ്പിക്കുന്നവർ തയ്യാറാകുന്നില്ല. മിനിമം കൂലി നിശ്ചയിച്ചിട്ടുള്ള P.W.D. തൊഴിലാളികൾക്ക ഗവണ്മെൻറുദ്യോഗസ്ഥന്മാരായ എൻജിനീയറന്മാരും മററു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും മേൽനോട്ടം വഹിക്കുന്ന വർക്കുകളിൽപോലും തൊഴിലാളികൾക്ക നിയമപ്രകാരം നിശ്ചയിച്ച കുറഞ്ഞ കൂലി കിട്ടുന്നില്ലെങ്കിൽ പരിതാപകരമെന്നല്ലാതെ എന്താണു പറയുക: ഗവണ്മെൻറു മിനിമംകൂലി നിശ്ചയിച്ചിട്ടുണ്ടെങ്കിലും, അതിനു വേണ്ടത്ര സംഖ്യ പൊതുമരാമത്തിൻെറ എസ്റ്റിമേററുകൾക്ക അനുവദിക്കുന്നുവെങ്കിലും നടപ്പാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ തയ്യാറാകാത്തത് ഏററവും പരിതാപകരമാണ്. തൊഴിലാളികൾ പട്ടിണികിടന്നു പ്രവൃത്തിയെടുത്ത് ലാഭകരമായി വ്യവസായശാലകൾ നടത്തിക്കൊണ്ടുപോകണമെന്ന നയം ഒരുതരത്തിലും സ്വീകാര്യമല്ല. ചില പദ്ധതി പ്രവർത്തനങ്ങളിലേർപ്പെട്ട 5-, 6-, 8-ം കൊല്ലത്തെ സർവ്വീസുള്ള തൊഴിലാളികളെ ന്യായമായ അവകാശങ്ങൾ നൽകാതെ പിരിച്ചുവിടുന്ന സംപ്രദായവും ഇന്നുനിലവിലുണ്ട്. ഒരു ഉദാഹരണം പറയാം. മംഗലം ഡാമിൽ 5-ം, 8-ം കൊല്ലത്തെ സർവ്വീസുള്ളവരെ പിരിച്ചുയച്ചപ്പോൾ അവർക്ക ഗ്രാററുവിററി കൊടുത്തിട്ടില്ല. ഡിസ്ട്രിക്ററ് ലേബർ ആഫീസറും, അസിസ്റ്റൻറു എൻജിനീയറും, തൊഴിലാളി പ്രതിനിധികളും അടങ്ങിയ ഒരു കൺസിലിയേഷനു് ആ പ്രശ്നം വിടുകയുണ്ടായി. തൊഴിലാളികൾക്ക കാമ്പൻസേഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് സെൻട്രൽ ആക്ടിൽ 25-ാം വകുപ്പിൽ, ഗ്രാററുവിററിക്ക് അർഹതയുണ്ടെങ്കിൽ കൊടുക്കണമെന്നു പറയുന്നുണ്ട്. എൻജിനീയർ ഈ തൊഴിലാളികൾക്ക ഗ്രാററുവിററി നൽകാൻ തനിക്കു നിർദ്ദേശമില്ലെന്നും ഗ്രാററുവിററിക്ക അർഹതയില്ലെന്നും വാദം ഉന്നയിച്ചു. ആ യോഗ നടപടികളുടെ മിനിട്ട്സ് ബഹുമാനപ്പെട്ട മന്ത്രിക്കു കിട്ടിയിട്ടുണ്ട്. ഏതായാലും അർഹതയുണ്ടെങ്കിൽ ഗ്രാററുവിററി കൊടുക്കുന്നതിനു മന്ത്രി സമ്മതിച്ചതായിട്ടറിയാം. എന്നാൽ മാസം മൂന്നായിട്ടും ഇതുവരെ തൊഴിലാളികൾക്ക ഗ്രാററുവിററി കിട്ടിയിട്ടില്ല. അടുത്തദിവസം എനിക്കു കിട്ടിയ ഒരു മറുപടിയിൽ ഈ കാര്യം പരിശോധിക്കുകയാണെന്നു കാണുന്നു. പരിശോധന എത്രകാലം നീണ്ടുനിൽക്കുമെന്നറിയില്ല. ഈ വക കാര്യങ്ങൾക്കു പോലും തൊഴിലാളികൾ സമരം നടത്തിയാൽ മാത്രമേ ഒരു തീരുമാനം ഉണ്ടാകുകയുള്ളൂ എന്നു വരുന്നതു കഷ്ടമാണ്.

സർ, ഏതു രംഗത്തുനോക്കിയാലും ഇന്നു തൊഴിലാളികളുടെ സ്ഥിതി വളരെയധികം ദയനീയമാണ്. സാധനങ്ങളുടെ വിലക്കയററം ഇരുനൂറു രൂപയിൽ താഴെ വരുമാനമുള്ള സകല ആളുകളേയും ബാധിക്കുന്നതാണ്. ഇന്നത്തെ വിലക്കയററത്തിൻെറ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ മിനിമംവേജസ് റിവൈസ് ചെയ്യണമെന്നാണു അവർ ആവശ്യപ്പെടുന്നത്. അതിനു സാധിക്കുന്നില്ലെങ്കിൽ വിലക്കയററം നിയന്ത്രിക്കണം. രണ്ടിൽ ഒന്നുസാധിക്കാത്തിടത്തോളം ഇന്നത്തെ വിഷമം തുടർന്നുപോകും. ഇന്നു നെല്ല് ഒരു പറയ്ക്ക് മൂന്നര രൂപവരെയായിട്ടുണ്ട്. അതിനുകാരണം എന്താണെന്നു മനസ്സിലാകുന്നില്ല. കാരണം അന്വേഷിച്ചതിൽ, ആന്ധ്രായിൽനിന്നു കേരളത്തിലേക്ക് കച്ചവടക്കാർക്ക് നെല്ലു കൊണ്ടുവരാൻസാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണുള്ളതെന്നു അറിയുന്നു. പാലക്കാട്ടുജില്ല ഒരു മിച്ചപ്രദേശമാണെന്നാണു പറയുന്നത്. പക്ഷേ,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. കൃഷ്ണൻ]

അവിടെ കൃഷിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നെല്ലായിട്ട് ഇന്നു കൂലി കിട്ടുവാൻ വിഷമമാണ്. പണമായിട്ടേ കൂലി കിട്ടുകയുള്ളു, അവിടെയാണെങ്കിൽ ന്യായവിലഷാപ്പുകൾ ആവശ്യമുള്ളിടത്തോളം ഇന്നില്ല. മിച്ചപ്രദേശമായതിന്റെ ഗുണഫലമായിരിക്കും. പദ്ധതിപ്രവർത്തനങ്ങൾക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ മനപ്പൂർവ്വം ചില കാര്യങ്ങൾ നടപ്പാക്കാൻ അലസത കാണിക്കുന്നുണ്ട്.

സർ, ഗവണ്മെന്റിൽനിന്നു കിട്ടുന്ന ഹ്രസ്വകാല വായ്പകളും, മീഡിയം ലോണും, ദീർഘകാല വായ്പകളും സാധാരണക്കാർക്ക് കിട്ടാൻ വളരെ വിഷമമാണ്. ദീർഘകാലത്തേക്കുള്ള വായ്പകളും, മീഡിയം ലോണും കിട്ടാൻ ഇന്നു കർഷകർ വളരെ വിഷമിക്കുന്നുണ്ട്. മീഡിയം ലോൺ കിട്ടുന്നതിനു് തഹശീൽദാരുടെ സർട്ടിഫിക്കററു വാങ്ങണം. വെറും പാട്ടക്കാർക്ക് സർട്ടിഫിക്കററു വാങ്ങാൻ വളരെ പ്രയാസം നേരിടുന്നുണ്ട്. മതിയായ രേഖകൾ കാണിക്കാതെ തഹശീൽദാർ സർട്ടിഫിക്കററു കൊടുക്കുകയില്ല. ഈ നിലയിൽ പണക്കാർക്കുമാത്രമേ ഈ ലോൺ വാങ്ങാൻ സാധ്യതയുള്ളു.

ശ്രീ. ഇ. പി. പൗലോസ്: പാലക്കാട്ടുജില്ലയിൽ പലരും മീഡിയം ലോൺ വാങ്ങിക്കുന്നുണ്ടല്ലോ.

ശ്രീ. ആർ. കൃഷ്ണൻ: 500 രൂപവരെയുള്ള ലോൺ ഒരു കർഷകനു് കിട്ടണമെങ്കിൽ, ആയിരം രൂപയുടെ രണ്ടു ജാമ്യക്കാർ വേണം. തഹശീൽദാർ സർട്ടിഫൈ ചെയ്യണമെങ്കിൽ ശരിയായ രേഖകൾ ഹാജരാക്കണമെന്നു പറയും. ആവശ്യപ്പെടുന്ന രേഖകൾ കാണിച്ച് കടം വാങ്ങാൻ സാധാരണക്കാർക്ക് സാധിക്കുകയില്ല. വെറുമ്പാട്ടക്കാർക്ക് രേഖകൾ കാണിക്കാൻ പ്രയാസമാണല്ലോ. ജന്മിമാർക്ക് പണം കടം ആവശ്യമില്ല. പാട്ടകൃഷിക്കാർക്ക് ആവശ്യമുള്ളവർക്ക് പണം കടം വാങ്ങാൻ ഇത്തരത്തിലുള്ള പ്രയാസങ്ങൾ ഇന്നുണ്ട്. ഇങ്ങനെ പല തരത്തിലുള്ള പ്രയാസങ്ങൾ നേരിടുന്നതിനെ ചൂണ്ടിക്കാണിക്കാൻ ഉണ്ട്. അവസരം വരുമ്പോൾ ഇനി കൂടുതൽ പറയാമെന്നു കരുതി എന്റെ പ്രസംഗം സമയമില്ലാത്തതിനാൽ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കൃഷ്ണൻ: സ്പീക്കർ സർ, ഞാൻ ഈ ബഡ്ജററിനെ ആത്മാർത്ഥമായി അനുകൂലിച്ചുകൊണ്ടു സംസാരിക്കുകയാണ്. ഭരണതന്ത്രജ്ഞനായ ഒരു മന്ത്രി നാലു പ്രാവശ്യം ബഡ്ജററ് അവതരിപ്പിച്ചതിനു ശേഷം, 5-ാമത്തെ പ്രാവശ്യം അദ്ദേഹത്തിൽ നിക്ഷിപ്തമായ അവകാശം ഉപയോഗിച്ച് ഈ രാജ്യത്തിന്റെ ഭാവിക്കു രൂപം കൊടുക്കാൻ തയ്യാറാക്കിയിട്ടുള്ള ഈ ബഡ്ജററിന്റെ ചർച്ചാവേളയിൽ, മററു ചില മെമ്പറന്മാർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കീരിത്തോട്ടിലെ സംഭവത്തെപ്പററിയാണ് ആമുഖമായി എനിക്ക് ഊന്നിപ്പറയാനുള്ളത്. ഈ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഏററവും അത്യന്താപേക്ഷിതവും, വളരെക്കാലമായി ഈ ഗവണ്മെന്റിന്റെ സാമ്പത്തികഭദ്രതയെ നിലനിറുത്തുന്നതുമായ ഒരു സമ്പത്താണ് നമ്മുടെ വനസമ്പത്ത്. ആ വനസമ്പത്തിനെ അവിഹിതമായി ആരെങ്കിലും നശിപ്പിക്കാൻ മുതിർന്നാൽ, നിയമവിരുദ്ധമായി വനം കൈയേറി കൈവശപ്പെടുത്താൻ തുനിഞ്ഞാൽ അങ്ങനെയുള്ളവരെ അവിടെനിന്നു് ഇറക്കിവിടുന്നതിനും, അവരുടെമേൽ കർശനമായ നടപടികൾ എടുക്കുന്നതിനും ഗവണ്മെന്റു് ഒരു തരത്തിലും മടിക്കാൻ പാടില്ലാത്തതാണ്. ഇത്തരം നടപടികളെ അങ്ങേയററം ധീരമായും, ബോധപൂർവ്വമായും നേരിടുന്നതിനു് ഗവണ്മെന്റിനു് കടമയുണ്ട്. ആ നടപടികളെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നു ഇവിടെ ചിലർ അഭിപ്രായം പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. പക്ഷേ, ഗവണ്മെന്റു മുമ്പ് ഇറക്കിവിടുമെന്ന് ഒരു തീരുമാനം എടുത്തതിനു ശേഷം, അവിടെ ആരെല്ലാം അധികൃതമായി നിയമവിരുദ്ധമായി കയറിയിട്ടുണ്ടെന്നു ശരിയായി കണ്ടുപിടിച്ചു അവരെ കർശനമായി ശിക്ഷിക്കേണ്ടതാണെന്നുകൂടി എനിക്ക് അഭിപ്രായമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, പല ബഹുമാനപ്പെട്ട മെമ്പറന്മാരും ബഡ്ജററിനെ പരാമർശിച്ചു സംസാരിച്ചു. രാജ്യത്തിൻെറ സാമ്പത്തിക ശ്രേയസ്സും സാമൂഹ്യക്ഷേമത്തിനും വേണ്ടി ഗവണ്മെൻറു ഭരണം നടത്തുമ്പോൾ ഈ രാജ്യത്തെ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തെ ഈ ഗവണ്മെൻറ് അവഗണിച്ചു എന്ന മട്ടിൽ ശ്രീ. പി. സി. ആദിച്ചൻ പ്രസംഗിക്കുന്നതു കേട്ടു. പട്ടികജാതിക്കാരുടേയും, പട്ടികവർഗ്ഗക്കാരുടേയും കാര്യത്തിൽ ഈ ഗവണ്മെൻറു ഒന്നും പറഞ്ഞിട്ടില്ലെന്നു അദ്ദേഹം ആരോപണം ഉന്നയിക്കുകയുണ്ടായി.

<u>ശ്രീ. പി. സി. ആദിച്ചൻ :</u> ഈ ബഡ്ജററു പ്രസംഗത്തിൽ എവിടെയെങ്കിലും അവരുടെ കാര്യം പറയുന്നതായി കാണിക്കാമോ ?

<u>ശ്രീ. ടി. കൃഷ്ണൻ :</u> 20—ാമത്തെ പേജിൽ 69—ാമത്തെ ഖണ്ഡികയിൽ പറയുന്നുണ്ട്, കഴിഞ്ഞ കൊല്ലം ഹരിജനങ്ങളുടെ സാമൂഹ്യക്ഷേമപദ്ധതികൾക്കായി, 151·98 ലക്ഷം രൂപ കൊള്ളിച്ചിരുന്ന സ്ഥാനത്തു് ഈ വർഷം 181.76 ലക്ഷം രൂപയാണു് കൊള്ളിച്ചിരിക്കുന്നതു്. ഇതു സംബന്ധിച്ച വിവിധ വശങ്ങളിൽ പ്രവർത്തിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുണ്ട്. അവർ അതു സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇതിനെല്ലാം പരിഹാരം കാണാവുന്നതാണു്.

സർ, എൻെറ സ്നേഹിതൻ ശ്രീ. ആദിച്ചൻ പറഞ്ഞു, ഭരണപരമായി ഹരിജനങ്ങൾ ഇന്നു് വളരെയധികം അവഗണിക്കപ്പെട്ടിരിക്കുകയാണെന്നു്. പി. എസ്സ്. സി—യിൽ ഒരു മെമ്പറെ എടുത്തില്ല എന്നുംമററും പറഞ്ഞു. 1956—നു ശേഷം എൻെറ സ്നേഹിതൻ ഉൾപ്പെടുന്ന പാർട്ടി ഇവിടെ ഭരണം നടത്തിയപ്പോൾ, പി. എസ്സ്. സി. മെമ്പറന്മാരുടെ അംഗസംഖ്യ അഞ്ചായി വർദ്ധിപ്പിച്ചപ്പോൾ ഒരു ഹരിജനെ എടുക്കാതിരുന്നതു് എന്തുകൊണ്ടാണ് ? ഇന്നു് അദ്ദേഹം ആത്മവിശ്വാസത്തോടു കൂടിയാണോ, ഈ ഗവണ്മെൻറിനെ ഇതിൻെറ പേരിൽ വിമർശിക്കുന്നതു് ? അതോ പാർട്ടിക്കുവേണ്ടി പ്രസംഗം നടത്തുകയാണോ ? അതുപോലെതന്നെ ദേവസ്വംബോർഡിലെ മെമ്പറന്മാരുടെ കാര്യം പറഞ്ഞു. കമ്മ്യൂണിസ്ററുപാർട്ടി അധികാരത്തിൽ വന്നതിനു ശേഷം, ദേവസ്വം ബോർഡിലേക്കു് അംഗങ്ങളെ എടുത്തിട്ടുണ്ട്. അന്നും ഒരു ഹരിജനെ എടുത്തില്ല. വസ്തുതകളുടെ അടിസ്ഥാനത്തിൽ, ആത്മവിശ്വാസത്തോടുകൂടി വിമർശിക്കാൻ എൻെറ സ്നേഹിതൻ തയ്യാറായി കാണാത്തതിൽ ഖേദിക്കുന്നു. സർ, പിന്നാക്കസമുദായങ്ങളുടെ സ്ഥിതി ഇന്നു കാലോചിതമായി അഭിവൃദ്ധി പ്രാപിച്ചുവരികയാണെന്നു കാണാൻ പ്രയാസമില്ല. വിദ്യാഭ്യാസരംഗത്തു നോക്കുകയാണെങ്കിൽ, ജനസംഖ്യാനുപാതികമായി, ശ്രീ നാരായണ ധർമ്മപരിപാലനയോഗത്തിലെ അംഗങ്ങളായ 37 ലക്ഷം വരുന്ന സമൂഹത്തിനു് 1962 വരെ ലഭിച്ചിട്ടുള്ളതു് ഒററ ഐ. എ. എസ്. കാരനാണു്. അതേ അവസരത്തിൽ പട്ടികജാതിക്കാർക്കു ആ രംഗത്തു രണ്ടോ, മൂന്നോ ഐ. എ. എസ്. സ്ഥാനം കിട്ടിയിട്ടുണ്ടെന്നുള്ളതു ഏററവും അഭിമാനാർഹമല്ലേ ? ഐ. എ. എസ്. എന്നു കേട്ടാൽ അത്ഭുതം തോന്നുമായിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ഇപ്പോഴാകട്ടെ കാലോചിതമായ മാററം വന്നിരിക്കുകയാണു്. ഈ മാററത്തെ നാം സ്വാഗതം ചെയ്യാതിരിക്കുന്നതു് ശരിയാണോ ? എനിക്കു് ഈ അവസരത്തിൽ അദ്ദേഹത്തോടു് ഒരു കാര്യം പ്രത്യേകം ഓർമ്മിപ്പിക്കാനുണ്ട്. പട്ടികജാതിക്കാർ, 14,31,000 ആളുകളും ഒററക്കെട്ടായി നിന്നു് നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടി വാദിക്കാം. ഒരു മേശയ്ക്കു ചുററും ഇരുന്നു് നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിക്കാം. അതിനു നിങ്ങൾ തയ്യാറുണ്ടോ ? പാർട്ടിക്കു വേണ്ടിയുള്ള പ്രസംഗങ്ങളും, മററു പ്രചരണങ്ങളും അവസാനിപ്പിക്കാം. കാൺഗ്രസ്സിൻെറയും, പി. എസ്. പി. യുടെയും, കമ്മ്യൂണിസ്ററു പാർട്ടിയുടെയും, ആർ. എസ്. പി. യുടെയും വാലിൽ തൂങ്ങി പാർട്ടിതാല്പര്യങ്ങൾക്കുവേണ്ടി പ്രസംഗിക്കുകയല്ല, നമ്മുടെ അവശതയനുഭവിക്കുന്ന പിന്നാക്ക വിഭാഗങ്ങൾക്കുവേണ്ടി നമുക്കു ഒന്നിച്ചു നിൽക്കാം. അതിനുവേണ്ടി പ്രായോഗികമായ, ക്രിയാത്മകമായ പദ്ധതികൾ ആവിഷ്ക്കരിച്ചു് പാവപ്പെട്ട ജനലക്ഷങ്ങൾക്കുവേണ്ടി നമുക്കു പ്രവർത്തിക്കാം. അതു ചെയ്യാതെ, പാർട്ടിക്കുവേണ്ടി, ഇന്നത്തെ ഭരണകക്ഷിയെ വിമർശിക്കാനും, യാഥാർത്ഥ്യങ്ങൾ കാണാതിരിക്കാനും ശ്രമിക്കുന്നതു ശരിയല്ല. നല്ല കാര്യങ്ങളെ നാം സ്വാഗതം ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കൃഷ്ണൻ]

സർ, സാമൂഹ്യക്ഷേമത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്ന സംഖ്യ വേണ്ടവിധം ചെലവഴിക്കാതിരിക്കുന്നതിനെപ്പററി എനിക്കും ചിലതു പറയാനുണ്ട്. സാമ്പത്തികമായി സാമൂഹ്യക്ഷേമം കൈവരുത്താൻ പററിയ പ്രസ്ഥാനം സഹകരണപ്രസ്ഥാനമാണ്. എന്റെ ഒരു ചോദ്യത്തിനു് ഹരിജനക്ഷേമവകുപ്പുമന്ത്രി മറുപടി പറഞ്ഞു, 50,000 രൂപവരെ പിന്നാക്കസമുദായങ്ങൾ സംഘടിപ്പിച്ചിട്ടുള്ള സഹകരണസംഘങ്ങൾക്കു ഗ്രാൻറു കൊടുത്തിട്ടുണ്ടെന്നു്. പക്ഷേ, ആ സംഖ്യ എത്രത്തോളം എങ്ങനെ ചെലവഴിച്ചു എന്നു പരിശോധിച്ചാൽ ഇതിന്റെ പ്രയോജനം എത്രമാത്രം ഉണ്ടായിട്ടുണ്ടെന്നു ബോധ്യപ്പെടുന്നതാണ്. സംഘടനാ നേതാക്കന്മാരും മററും 5000-ം 6000-ം വാങ്ങിയെടുത്തിട്ട് കാര്യമായ പ്രവർത്തനമൊന്നും നടത്താതെ ജയിലിൽ പോയിട്ടുള്ള കേസ്സുകളും ഉണ്ടായിട്ടുണ്ട്. ഇതിനെപ്പററി നാം അവഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു. സഹകരണപ്രസ്ഥാനംമൂലം പാവപ്പെട്ട ഹരിജനങ്ങൾക്കു ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകാൻ, പിന്നാക്കസമുദായങ്ങൾക്കു സാമ്പത്തികമായ പുരോഗതി ഉണ്ടാകാൻ, ഈ പ്രസ്ഥാനത്തെ എത്രമാത്രം ഫലപ്രദമായി കൈകാര്യം ചെയ്യണമെന്നുള്ളതിനു് ചില നിർബ്ബന്ധനിയമങ്ങൾ ഉണ്ടായിരിക്കണം. അതു വേണ്ടവിധം കാര്യക്ഷമമായി നടപ്പാക്കാൻ നേതാക്കന്മാരെ പ്രേരിപ്പിക്കണം. അതു ചെയ്യാതെ, ഗവണ്മെൻറിനെയും, ഭരണകക്ഷിയേയും വിമർശിച്ചതുകൊണ്ടുമാത്രം കാര്യമായില്ല. പാവപ്പെട്ട പട്ടികജാതിക്കാരുടെ പുരോഗതിയാണു നാം ലക്ഷ്യമാക്കുന്നതെങ്കിൽ അതിനു പററിയ പരിപാടികൾ പുരോഗമിപ്പിക്കാൻ നോക്കണം.

ഏതുഗവണ്മെൻറു് ഇവിടെ ഉണ്ടായാലും നമ്മൾ അഭയാർത്ഥികളാണ്. അഭയാർത്ഥികളായ നമ്മളെ സഹായിക്കാതിരിക്കുവാൻ ഒരു താൽപ്പര്യവും ആർക്കും കാണുകയില്ല. ശ്രീ. പി. സി. ആദിച്ചൻ ഇവിടെ പട്ടികജാതിക്കാർക്കുവേണ്ടി വളരെയെല്ലാം വാദിച്ചു. ചില കണക്കുകളും ഇവിടെ പറയുകയുണ്ടായി. എന്നാൽ അതെല്ലാം ആത്മസാക്ഷിയില്ലാതെ പറയുന്നതാണെന്നു എനിക്കു പറയുവാൻകഴിയും. എല്ലാം പാർട്ടിക്കുവേണ്ടി പ്രസംഗിക്കുകയാണ്. ഇവിടെ കൊല്ലം നിയോജകമണ്ഡലത്തിൽ കരുനാഗപ്പള്ളിതാലൂക്കു റിസർവ്വേഷനായി സംവരണം ചെയ്യണമെന്നു പറഞ്ഞുകൊണ്ടു് ഒരു ഹരിജനെ സ്ഥാനാർത്ഥിയായി നിറുത്തിയപ്പോൾ പ്രതിപക്ഷത്തുള്ളവരാണ് അതിനെ എതിർത്തിട്ടുള്ളതു്. പട്ടികജാതിക്കാരുടെപേരിൽ മുതലക്കണ്ണീർ ഒഴുക്കുന്നതു എന്തിനാണു്? ഇങ്ങനെ ഇതെല്ലാം ശരിയാണോ എന്നു ഈ രാജ്യത്തുള്ള ഹരിജനങ്ങൾ ഒന്നു മനസ്സിരുത്തി ചിന്തിക്കണം. ഈ പ്രസംഗങ്ങളെല്ലാം രാഷ്ട്രീയ പ്രസംഗങ്ങളാണു്. പാർട്ടിക്കുവേണ്ടി പ്രസംഗിക്കുകയാണു്. ഹരിജനങ്ങളോടുള്ള താൽപ്പര്യം വളരെ കുറവാണു്. അതില്ലാത്തിടത്തോളംകാലം എത്ര പ്രസംഗിച്ചാലും ഫലം നാസ്തിയാണു്. കപടനാടകം അഭിനയിച്ചുകൊണ്ടു് പാവപ്പെട്ട ഹരിജനങ്ങളുടെ കണ്ണിൽ മണ്ണിടുവാനുള്ള ശ്രമങ്ങളാണു് ഇതെല്ലാം എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഹരിജനങ്ങളോടു എനിക്കു ഒന്നേ പറയുവാനുള്ളു. ഇന്നു ഇവിടെ ഭരിക്കുന്ന ഗാന്ധിയൻ തത്വം സ്വീകരിച്ചിട്ടുള്ള കാൺഗ്രസ്സ് ഗവണ്മെൻറു ഭരിക്കുന്ന കാലത്തോളം ഇവിടെ രക്ഷയുണ്ടു്. മററു ഏതൊരു ഗവണ്മെൻറു വന്നാലും ഫലം നാസ്തിയാണു്. ഒരു കാൺഗ്രസ്സ് ഗവണ്മെൻറിനുമാത്രമേ ക്രിയാത്മകമായി, സൃഷ്ടിപരമായി പ്രവർത്തിക്കുവാൻ കഴിയുകയുള്ളു. അതിലേയ്ക്കുള്ള ഒരു പ്രഖ്യാപനമായി ഈ ബഡ്ജററിനെ ഞാൻ കണക്കാക്കുകയാണു്. ഈ ബഡ്ജററിനെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ടു് എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. എം. വി. വാസു: 3·58 ലക്ഷം രൂപയുടെ മിച്ച ബഡ്ജററു എന്നു പറഞ്ഞുകൊണ്ടു് പാസ്സാക്കുവാനായി നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജററിൽ ക്ഷേമനിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തുമ്പോൾ 2·76 രൂപയുടെ കമ്മി ബഡ്ജററാണെന്നു അദ്ദേഹം തന്നെ സമ്മതിച്ചിട്ടുണ്ടു്. പൊതുവേ ഈ ബഡ്ജററിനെക്കുറിച്ചു് പറയുകയാണെങ്കിൽ ഈ രാജ്യത്തു കൊല്ലംതോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന നികുതി നിർദ്ദേശങ്ങൾകൊണ്ടു് ബുദ്ധിമുട്ടിക്കൊണ്ടി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്ന പാവപ്പെട്ട ഇടത്തരക്കാർക്കും കർഷകത്തൊഴിലാളികൾക്കും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനും ഈ കൊല്ലത്തെ ബഡ്ജറ്റിൽ ചില നികുതിയിളവു കാണുമെന്നു പ്രതീക്ഷിച്ചിരുന്നു. അതുപോലെതന്നെ പുതിയ വരുമാനമാർഗ്ഗമായി പുതിയ നികുതിയല്ലാതെ ചില മാർഗ്ഗങ്ങൾ ഗവണ്മെന്റു ആരായുമെന്നും വിശ്വസിച്ചിരുന്നു. കഴിഞ്ഞ ബഡ്ജററു വന്നപ്പോൾ 5 നയാപൈസ ബസ്സ്ചാർജ്ജ് ഉണ്ടായിരുന്നതു് പത്തു നയാപൈസയായും, പത്തു നയാപൈസയായിരുന്നതു ഇരുപതു നയാപൈസയായും, വർദ്ധിപ്പിച്ചിരുന്നു. അതു കുറയ്ക്കുന്നതിലേയ്ക്കു വളരെയധികം പ്രക്ഷോഭണം ഉണ്ടായിട്ടുണ്ടു്. അതേപ്പററി അന്വേഷിക്കാൻ ഒരു കമ്മിററിയെ നിയമിച്ചു. ഇന്നുവരെ കുറയ്ക്കുന്നതിനുള്ള യാതൊരു നടപടിയും കണ്ടില്ല. ഈ ബഡ്ജററിലും കാണുന്നില്ല. പ്രധാനപ്പെട്ട പദ്ധതികൾക്കു പണം ഇല്ല. കാഞ്ഞിരപ്പുഴ പദ്ധതി നാലുകോടി അമ്പത്തഞ്ചുലക്ഷംരൂപ വേണ്ടിവരുന്ന ഒരു പദ്ധതിയാണു്. ഈ പദ്ധതികൊണ്ടുള്ള ഗുണം വളരെവേഗം ആ നാട്ടുകാർക്കു ലഭിക്കുന്നതിനു ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നു കാണിച്ചു ചില എം. എൽ. എ. മാരും ആ നാട്ടുകാരും ഒപ്പിട്ടിട്ടുള്ള ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ചിട്ടുള്ള പ്രക്ഷോഭണം നിരന്തരം നടന്നുകൊണ്ടിരിക്കുകയാണു്. ഈ സഭയിൽതന്നെ പലപ്പോഴും ചോദ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ടു്. ഇതെല്ലാം കഴിഞ്ഞിട്ടു ഈ പദ്ധതിക്കുവേണ്ടി ഈ ബഡ്ജററിൽ വകകൊള്ളിച്ചിട്ടുള്ളതു് ഒരുലക്ഷത്തി എഴുപത്തിയാറായിരം രൂപയാണു്. ഇതു വച്ചുകൊണ്ടു് എന്തുചെയ്യാൻ പോകുന്നു. ഗവണ്മെൻറിനു ആദായം ഉണ്ടാക്കുന്ന മാർഗ്ഗങ്ങൾ ഈ സഭയിലെ പ്രതിപക്ഷങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. മലബാർ ഭാഗത്തുള്ള മൂന്നു ജില്ലകളിലും തിരുവനന്തപുരത്തും ഇപ്പോൾ മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുകയാണു്. ഈ മദ്യനിരോധനസംപ്രദായം ഏററവും പരാജയപ്പെട്ടിരിക്കുകയാണെന്നു മുഖ്യമന്ത്രിതന്നെ സമ്മതിച്ചിട്ടുള്ളതാണു്. ഒരു ദിവസം തിരുവനന്തപുരം വിമാനത്താവളത്തിൽവച്ചു മുഖ്യമന്ത്രിതന്നെ പറയുകയുണ്ടായി ഇന്നു ഇവിടെ മദ്യം കുടിക്കാത്തവരായി ആരും കാണുകയില്ല എന്നു്. ഇതുമൂലം ചെത്തു തൊഴിലാളികളുടെ ജോലി നഷ്ടപ്പെട്ടു എന്നു മാത്രമല്ല മദ്യനിരോധനം നടപ്പിലാക്കുവാൻവേണ്ടി വളരെയധികം പണം എക്സൈസ് പോലീസ് മുതലായ ഡിപ്പാർട്ടുമെൻറുകൾക്കു ചെലവാക്കിക്കൊണ്ടിരിക്കുകയുമാണു്. ഇങ്ങനെ വളരെയധികം പണം ഇതിൻെറ പേരിൽ ഖജനാവിൽ നിന്നും ചെലവാക്കുന്നുണ്ടു്. ഈ മദ്യനിരോധനം പിൻവലിക്കുകയാണെങ്കിൽ നാലഞ്ചു കോടി രൂപയുടെ ലാഭമുണ്ടാകും. അങ്ങനെ കിട്ടുന്ന പണം കാഞ്ഞിരപ്പുഴ പദ്ധതിപോലുള്ള പദ്ധതികൾക്കു ചെലവാക്കുവാനും കഴിയും. ഖജനാവിൻെറ മുതൽക്കൂട്ടുന്നതിനുള്ള ഒരു പദ്ധതിയായിട്ടെങ്കിലും ഈ നിരോധനം പിൻവലിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

രണ്ടാമതു, ഇവിടെ ആ ഭാഗത്തുനിന്നും പ്രസംഗിച്ച പലരും പറയുകയുണ്ടായി ഭൂപരിഷ്ക്കരണ നിയമം നടപ്പിൽ വരുത്തിയിട്ടുള്ളതു ഈ ഗവണ്മെൻറിൻെറ വലിയൊരു നേട്ടമാണെന്നു്. പഴയ കാർഷികബന്ധനിയമമാണു് ഇവിടെ നടപ്പിൽവരുത്തേണ്ടിയിരുന്നതു്. 1958-ൽ നിയമസഭ പാസ്സാക്കിയിട്ടുള്ളതും പ്ലാനിംഗു കമ്മീഷനും ഇൻഡ്യാഗവണ്മെൻറിൻെറ ലാ ഡിപ്പാർട്ടുമെൻറും ഈ നിയമസഭയും പാസ്സാക്കിയിട്ടുള്ളതും പിന്നീടു് ഇപ്പോഴത്തെ ഗവണ്മെൻറു ചില ഭേദഗതികളോടുകൂടി പാസ്സാക്കിഎടുത്തിട്ടുള്ളതുമായ ആ നിയമമാണു് ഇവിടെ നടപ്പാക്കാനുള്ളതു്. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മേൽ പിന്നെയും ഭാരം കെട്ടിവയ്ക്കുകയാണു് ഈ ഗവണ്മെൻറു ചെയ്തിരിക്കുന്നതു്. ഈ നിയമം പാസ്സായിവരുന്നതോടുകൂടി ആറു വർഷത്തെ പാട്ടം പിന്നെയും കെട്ടിവയ്ക്കേണ്ടി വരുന്നു. ഇങ്ങനെയൊരു നിയമം ആർക്കുവേണ്ടി പാസ്സാക്കിയെന്നു ഞാൻ ചോദിക്കുകയാണു്. ആലപ്പുഴ മുരിക്കനും, വി. ജി. സുകുമാരൻ തുടങ്ങിയവർക്കും വേണ്ടിയല്ലേ ഈ നിയമം പാസ്സാക്കിയിരിക്കുന്നതു്? ഇതൊരു ഭൂപരിഷ്ക്കരണ നിയമമല്ല. "ജന്മി സംരക്ഷണബിൽ" എന്നുവേണം ഇതിനെ കണക്കാക്കേണ്ടതു്. "ഈ നിയമം" ഇവിടെ നടപ്പാക്കുകയാണെങ്കിൽ സ്ഥിതി വളരെ വഷളാകുന്നതാണു്. മലബാർ കുടിയായ്മ നിയമത്തിൽ ഉണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. വി. വാസു] :

സ്ഥിരാവകാശം ഉള്ള വ്യവസ്ഥകൾ പോലും നിഷേധിച്ചിരിക്കുകയാണ്. ഇതു ഈ വിധംതന്നെ നടപ്പിലാക്കുവാൻ സാധിക്കുകയില്ല എന്നു ഞാൻ പറയുകയാണ്. ഇതിനെ കുറിച്ചു പറയുമ്പോൾ നിങ്ങൾ ആരുടെ താൽപ്പര്യം സംരക്ഷിച്ചു എന്നു വ്യക്തമാക്കണം. മന്നം തുടങ്ങിയ വർഗ്ഗീയ പ്രഭുതികളുടേയും പാലക്കാട്ടുള്ള വൻകിട ജന്മികളുടേയും താൽപ്പര്യമാണ് നിങ്ങൾ ഇതു പാസ്സാക്കിയെടുത്ത അവസരത്തിൽ സ്വീകരിച്ചിട്ടുള്ളതു്. അതിലേയ്ക്കു പാവപ്പെട്ടവർക്കു ആശ്വാസം നൽകുന്ന കാർഷിക ബന്ധനിയമത്തെ കുഴിച്ചുമൂടി. ഹൈക്കോർട്ടു ആ നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ സസ്പെൻറു ചെയ്തിട്ടുണ്ടെങ്കിൽ ആ ഭാഗം മാത്രം ഭേദഗതി ചെയ്തു ഷെഡ്യൂളിൽ പെടുത്തിയാൽ മതിയെന്നു ശ്രീമാലിയെപ്പോലുള്ള ഉന്നതവ്യക്തികൾ പറയുകയുണ്ടായി. എന്നാൽ ഇവിടെ അതു കാൺഗ്രസ് പ്രമാണികൾക്കു ബോദ്ധ്യപ്പെട്ടിട്ടില്ല. ഞാൻ ഇതു പറയുന്നതു കാർഷിക രംഗത്തു തകർച്ച വരുത്തിയിരിക്കുന്നുവെന്നു ചൂണ്ടിക്കാണിക്കുവാൻ വേണ്ടിയാണ്. ഇന്നു പാക്കേജു പദ്ധതിയെന്നു പറഞ്ഞുകൊണ്ട് വളരെയധികം പാട്ടം പിരിക്കുന്നുണ്ട്. ചില പ്രദേശങ്ങളിൽ നിന്നും 18 ശതമാനത്തോളം പാട്ടം വാങ്ങുന്നു എന്നു പരാതി ലഭിക്കുന്നുണ്ട്. വെള്ളം ആവശ്യമായ സ്ഥലങ്ങളിൽ കൊടുക്കുന്നതിനുള്ള നടപടികൾ ഇതുവരെ അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ട് ഏഴേമുക്കാൽ ശതമാന നിരക്കിനുപോലും പലിശ ഈടാക്കുന്നതു ന്യായീകരിക്കുവാൻ സാധിക്കുകയില്ല. കാഞ്ഞിരപ്പുഴ പദ്ധതി നടപ്പിൽവന്നിരുന്നുവെങ്കിൽ എത്രയോ പ്രദേശങ്ങൾക്കു അതുകൊണ്ട് ഗുണം കിട്ടുമായിരുന്നു. മലമ്പുഴ പദ്ധതിയുടെസ്ഥിതി ഇന്ന് എന്താണ്. മലമ്പുഴപദ്ധതിയുടെ സമീപ പ്രദേശങ്ങളിൽ ആളുകൾ പാർക്കുവാൻ അനുവദിച്ചപ്പോൾ ഞങ്ങൾ ഇവിടെ പറയുകയുണ്ടായി അതു ദോഷകരമാണ് എന്ന്; ജലസംരക്ഷണത്തെ അതു സാരമായി ബാധിക്കുമെന്ന്. ആ വനഭൂമികൾ നിങ്ങൾ ചില വൻകിടക്കാർക്കു പതിച്ചുകൊടുത്തു. ഇന്നു അവർ ചെയ്യുന്നതു് വനം വെട്ടി നശിപ്പിക്കുകയാണ്. അതിന്റെ ഫലമായി ജലാശയം കുറഞ്ഞു. പാക്കേജുപദ്ധതി പുരോഗമിക്കുവാൻ കഴിയാതെവന്നു. ഇതെല്ലാം എന്തുകൊണ്ട് സംഭവിച്ചു? നിങ്ങൾ അധികാരത്തിൽ വരുവാൻവേണ്ടി ആരെല്ലാം വോട്ടു ചെയ്തുവോ, അവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിൽ നിങ്ങൾ താൽപ്പര്യം കാണിച്ചിരുന്നതു കൊണ്ട്. ഇന്നു അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു അസംതൃപ്തിയാണ്. ഈ രാജ്യത്തെ കർഷക തൊഴിലാളികൾക്ക്, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കു ഇടത്തരം എൻ. ജി. ഓ. മാർക്കു എല്ലാം തന്നെ വളരെ കഷ്ടതയാണ് ഇന്നുള്ളതു്. ഇന്നു വില വർദ്ധനവു വളരെ കൂടുതൽ ഉണ്ട്. അതിനെ നിയന്ത്രിക്കുന്നതിനു കഴിഞ്ഞിട്ടുണ്ടോ ? സ്കൂളുകളുടെ കാര്യം എടുത്തു നോക്കണം. ഏതാനും സ്വകാര്യ മാനേജരന്മാരെ പ്രീതിപ്പെടുത്തുവാൻ വേണ്ടി വിദ്യാഭ്യാസവകുപ്പിൽ പരിഷ്ക്കാരം വരുത്തി. അതിലേയ്ക്കു നിങ്ങൾ അതിന്റെ പേരും പറഞ്ഞു ഇവിടെ ഒരു വിമോചന സമരം ഉണ്ടാക്കി, നിലവിലിരുന്ന ഗവണ്മെൻറിനെ മാററി. 1960–ൽ ഇവിടെ ഒരു മുക്കൂട്ടു മുന്നണി നിലവിൽ വന്നു. 1962 ആയപ്പോൾ അതു ഇരുക്കൂട്ടായി. 1963-ൽ ഒരുക്കൂട്ടായി ഭരിക്കുകയാണ്. ഇപ്പോൾ തന്നെ അതു ആടി ഉലഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്ങനെ കോളിളക്കത്തിലും കൊടുങ്കാററിലും ആടി ഉലയുന്ന ഒരു കപ്പലിലെ കപ്പിത്താന്റെ, എസ്.ഓ.എസ്., വിളിയാണ് ഈ ബഡ്ജററ്. ഈ വസ്തുതകൾ നാം കണക്കിലെടുക്കണം. പാവപ്പെട്ട കൃഷ്കതൊഴിലാളികളുടെ നില 1959–ൽ മലബാറിൽ അഞ്ചിലൊന്നു പാട്ടം കൊടുക്കുന്ന ഒരു വ്യവസ്ഥയുണ്ടായിരുന്നു. ഇപ്പോൾ അതു നാലിലൊന്നായി കൂട്ടിയിരിക്കുകയാണ്. ഇതിന്റെ ഫലമായി ചില കർഷകർ റിട്ടുപോലും കൊടുത്തിട്ടുണ്ട്. ഇതെല്ലാം കേൾക്കുമ്പോൾ ശ്രീ. രാഘവമേനോൻ പറയും ചെറുകിട ജന്മികൾക്കു ഭൂമിയില്ലെങ്കിൽ അവർ എങ്ങനെ ജീവിക്കുമെന്ന്. അതുപോലെതന്നെ അവരും കർഷകത്തൊഴിലാളികളാണെന്നും അവർക്കും ജോലി കിട്ടണമെന്നും, പാട്ടം കിട്ടിയില്ലെങ്കിൽ അവർക്കു ജീവിക്കുവാൻ ഒക്കുകയില്ലെന്നും മററും പറയും. ഇങ്ങനെ പാട്ടം കിട്ടുന്നവർക്കു സംരക്ഷണം ഈ നിയമം കൊണ്ട് സാധിച്ചിട്ടുണ്ട്. അവർക്കു സംരക്ഷണം കിട്ടണമെന്നുള്ള തീയറിയാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റു ആദ്യം മുതൽ സ്വീകരിച്ചു കാണുന്നതു്. മററു പല പ്രശ്നങ്ങളും പാവപ്പെട്ടവർക്കുണ്ടു്. അതിനു ഒരു പരിഹാരവും ഇവിടെ കാണുന്നില്ല. വ്യവസായങ്ങൾ ഇവിടെ ആർക്കാണു് ലഭിക്കുന്നതു് ? ഭരണകക്ഷികളെ താൽപ്പര്യമുള്ളവർക്കു. അതുപോലെതന്നെ സ്കൂളുകൾ ആർക്കാണു് ലഭിക്കുന്നതു്? പ്രമാണികൾക്കും കഴിവുള്ളവർക്കും ഇതാണു് ഈ ഗവണ്മെന്റിന്റെ നയം.

ശ്രീ. ആർ. രാഘവമേനോൻ : മെമ്പർ വലിയൊരു പണക്കാരനാണല്ലോ. അക്കാര്യങ്ങൾ മറച്ചുവെച്ചുകൊണ്ടു് ഇവിടെ ഈ കള്ളം പറയുന്നതു് എന്തിനാണു് ?

ശ്രീ. എം. വി. വാസു : ഈ രാജ്യത്തു് ഇപ്പോൾ ഏതു എടുത്തുനോക്കിയാലും നായർ, ഈഴവൻ എന്നിങ്ങനെ സമുദായം തിരിച്ചു പറയുന്നതും പ്രവർത്തിക്കുന്നതും കാണാം. ഈ രാജ്യത്തുനിന്നും ജാതി പോകണം, വർഗ്ഗീയം അവസാനിപ്പിക്കണം, എന്നെല്ലാമാണു് സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ പങ്കെടുത്തിട്ടുള്ളവർ പറഞ്ഞിട്ടുള്ളതു്. എന്നാൽ ഈ രാജ്യത്തുനിന്നും അതു പോകുകയല്ല ; വർദ്ധിക്കുകയാണു് ചെയ്യുന്നതു്. ഇവിടെ വളർന്നുവരുന്ന അടിമത്വം അവസാനിപ്പിച്ചു്, നാടുവാഴ്ച സംപ്രദായം അവസാനിപ്പിച്ചു്, നല്ല ഒരു ഭരണം ഗവണ്മെന്റിൽനിന്നും നടത്താൻ ശ്രമിക്കേണ്ടതാണു്.

ലോകനാഥൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്, നമ്മുടെ കേരളത്തെ മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ പതിനായിരംകോടി രൂപയുടെ മൂലധനം വേണമെന്നു്. അങ്ങനെ ഈ രാജ്യത്തെ വ്യവസായം വളരെയധികം അഭിവൃദ്ധിപ്പെടുത്തേണ്ടതാണു്. എന്നാൽ ഇവിടത്തെ വ്യവസായത്തിന്റെ സ്ഥിതി എന്താണെന്നുവച്ചാൽ 220 വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ 203 വ്യവസായശാലകൾ അടച്ചിടും. മാത്രമല്ല ഇവിടെ തൊഴിലാളികൾക്കു് വെറും തുച്ഛമായ ശമ്പളമാണു് കൊടുക്കുന്നതു്. സ്റ്റീൽ ആൻഡു് റോളർ മില്ലിൽ ഇന്നു് തൊഴിലാളികൾക്കു് കൊടുത്തുകൊണ്ടിരിക്കുന്ന കൂലിയാണെങ്കിൽ ഒരു രൂപാ നാലു് അണ മാത്രമാണു്. ഇങ്ങനെ ഇവിടെയുള്ള തൊഴിലാളികളെ അസംതൃപ്തരാക്കിത്തീർക്കുന്ന ഒരു അന്തരീക്ഷമാണു് ഈ രാജ്യത്തുള്ളതു്. ശ്രീമതി ഗൗരി പറഞ്ഞതുപോലെ ഈ രാജ്യത്തിലെ തൊഴിലാളികളുടെ അദ്ധ്വാനംകൊണ്ടു മാത്രമേ ഈ രാജ്യത്തു് പുരോഗതിയും അഭിവൃദ്ധിയും ഉണ്ടാകുകയുള്ളു. നമ്മുടെ രാജ്യത്തു് പുതിയ വ്യവസായങ്ങൾ വരാത്തതിന്റെ കാരണമെന്താണെന്നുവച്ചാൽ, ഇവിടെ അധികാരത്തിനുവേണ്ടി കടിപിടികൂടുന്ന ആളുകൾ എങ്ങനെയാണു് കേന്ദ്രത്തോടു ആവശ്യപ്പെടുക. അങ്ങനെ സ്റ്റേറ്റിൽനിന്നും കേന്ദ്രത്തോടു ആവശ്യപ്പെടാത്തതിന്റെ ഫലമായിട്ടാണു് പുതിയ വ്യവസായങ്ങളൊന്നും ഇവിടെ ലഭിക്കാതെ പോകുന്നതു്. ഓരോ തവണ ബഡ്ജററു അവതരിപ്പിക്കുമ്പോഴും ഓരോ വ്യവസായങ്ങൾ തുടങ്ങാൻ പോകുന്നുവെന്നും, വിദേശങ്ങളിൽനിന്നും വിദഗ്ദ്ധന്മാർ വരുന്നുണ്ടെന്നും പറയുന്നതല്ലാതെ ഒന്നും ഫലപ്രദമായിട്ടില്ല. ഈ നയം മാറേറണ്ടതാവശ്യമാണു്. അതേപോലെ ഭൂമിയിൽ പണിയെടുക്കുന്നവർക്കു് ഭൂമി സ്വന്തമാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുത്താലെ കാർഷികാഭിവൃദ്ധി നമ്മുടെ നാട്ടിലുണ്ടാകുകയുള്ളു. നമ്മുടെ രാജ്യം അഭിവൃദ്ധിപ്പെടുന്നതിനാവശ്യമായ എല്ലാ തുറകളിലും എല്ലാവരും ഒററക്കെട്ടായിനിന്നു് പ്രവർത്തിച്ചു് അതിനാവശ്യമായ പശ്ചാത്തലം സൃഷ്ടിക്കേണ്ടതാണു്. ആ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഇതൊരു പൊളിഞ്ഞ ബഡ്ജററായതുകൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, ഞാൻ ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുന്നു. കുംഭമാസത്തിലെ കഠിനമായ വേനലുള്ള ഒരു ദിവസം കന്യാകുമാരിയിലിരുന്നു സായാഹ്നത്തിൽ സൂര്യാസ്തമനം കാണുന്ന ആനന്ദമാണു് ഈ ബഡ്ജററിലുള്ളതെന്നു് പറയാൻ ഞാനാഗ്രഹിക്കുന്നു. ഞാൻ ബഡ്ജററി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. ജി. ജനാർദ്ദനൻ]

റകത്തു് കടന്നു് അതിന്റെ ഗുണഗണങ്ങളെപ്പററി പറയാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ ഭുവനേശ്വർ സോഷ്യലിസം നടപ്പാക്കിയില്ലെന്നും, സാധനങ്ങളുടെ മേലുള്ള വിലക്കയററം തടയുന്നതിനു് ശ്രമിച്ചിട്ടില്ലെന്നും പലരും പറയുകയുണ്ടായി. ഇതുകേട്ടാൽ തോന്നും വിലക്കയററമെല്ലാം തടയേണ്ടതു് ഈ ബഡ്ജററാണെന്നു്. 28 മാസംകൊണ്ടു് കേരളത്തിൽ ചെയ്തുതീർത്ത കാര്യങ്ങളെപ്പററിയെല്ലാം പറയുകയുണ്ടായി. അതിനൊന്നും ഞാൻ സമാധാനം പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും അതിപ്രധാനമായി ഈ ബഡ്ജററിനകത്തുള്ള ഒരു പോരായ്മയെ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. കുന്ദാ പ്രോജക്ററിന്റെ അവസാനരൂപത്തെക്കുറിച്ചു് പ്രസ്താവിച്ച കൂട്ടത്തിൽ മദ്രാസിൽ ഇലക്ട്രിസിററിറിസോഴ്സസ്സ് പൂർത്തിയായി എന്നു് ഈയിടെ ഒരു പത്രവാർത്ത കണ്ടു. ഇലക്ട്രിസിററി ഉൽപാദിപ്പിക്കാനുള്ള ഏററവും അധികം റിസോഴ്സുള്ള പ്രദേശം കേരളമാണു്. കേരളത്തിലെ ഓരോ വർഷത്തെ ബഡ്ജററു വരുമ്പോഴും അടുത്ത ഭാവിയിൽ നമ്മുടെ സ്റ്റേററിലെ ഇലക്ട്രിസിററിയ്ക്കു് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്നതാണെന്നു് പറയുന്നതല്ലാതെ അതിലൊന്നും പ്രവർത്തിച്ചതായി കാണുന്നില്ല. എന്തുകൊണ്ടു് നാം നമ്മുടെ ലക്ഷ്യത്തിൽ എത്തിയില്ല. സ്റ്റേററിന്റെ ശാശ്വതമായ ഭാവിയെക്കുറിച്ചു് ആലോചിച്ചുകൊണ്ടു നിശ്ചയിക്കാനുള്ള ഒരു നടപടി തുടർച്ചയായി നമുക്കു് ഉണ്ടായില്ലെന്നുള്ളതു് നിർഭാഗ്യകരമായ ഒരു കാര്യമാണു്. അതിൽനിന്നും ഒഴിഞ്ഞുമാറാൻ സാദ്ധ്യമാണോയെന്നുള്ള ഒരു ചോദ്യം ഉണ്ടു്. നാഷണൽ എമർജൻസി ഉണ്ടായിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ രാജ്യത്തു് കൃഷിയിലും വ്യവസായത്തിലും അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ, അതിനു് പരമപ്രധാനമായി ഉണ്ടാകേണ്ടതു് ഇലക്ട്രിസിററിയാണു്. ആ ഇലക്ട്രിസിററിയുടെ കാര്യത്തിൽ ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം ഒന്നുംതന്നെ ചെയ്തിട്ടില്ലെന്നു് ഞാൻ കുററം പറയുന്നില്ല. പക്ഷെ ജനങ്ങളുടെ പരിപൂർണ്ണമായ ഉത്തരവാദിത്വം കൊടുത്തിട്ടുള്ള ഗവണ്മെൻറു അതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം ഏറെറടുത്തുകൊണ്ടു് ലക്ഷ്യത്തിലേക്കു് എത്താൻ അവർക്കു സാധിച്ചിട്ടില്ലെന്നുള്ളതു് വളരെ കഷ്ടമായിപ്പോയിയെന്നു മാത്രമേ എനിക്കു പറയുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടു് വളരെ ഗൗരവത്തോടുകൂടിതന്നെ ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടതാണു്. ഈയിടെ ചില പത്രങ്ങളിൽ ഒരു വാർത്ത വരികയുണ്ടായി, അതായതു് നമ്മുടെ സ്റ്റേററിലുള്ള ചിലർ മദ്രാസ്സിലെ ഇലക്ട്രിസിററി മന്ത്രിയെ സന്ദർശിക്കുകയും, അപ്പോൾ ഇവിടത്തേയ്ക്കു് എത്ര ഇലക്ട്രിസിററി വേണമെങ്കിലും തരാൻ അവർ തയ്യാറാണെന്നും, പക്ഷെ അതു് നമ്മുടെ ഗവണ്മെൻറു അങ്ങോട്ടു ചോദിക്കണമെന്നുമാണു്. പക്ഷെ അങ്ങനെ ചോദിക്കുന്നതു് വളരെ നാണക്കേടാണു്. ഇലക്ട്രിസിററി ഉൽപാദനത്തിനു് വളരെയധികം റിസോഴ്സുള്ള കേരളത്തിലെ ഗവണ്മെൻറു ശ്രീ. കാമരാജ് ഭരിച്ചിരുന്ന അയൽരാജ്യത്തുനിന്നും യാചിച്ചുചോദിക്കുന്ന ഒരു നിലപാടു് ഇവിടെ ഉണ്ടാകരുതേയെന്നു് ഞാൻ ഉറക്കെ പറയാൻ ആഗ്രഹിക്കുന്നു.

ഒരു വിവാദപരമായ വിഷയത്തിലേക്കു് കടക്കാൻ ഞാൻ ശ്രമിക്കട്ടെ. ഈ ഭാഗത്തുനിന്നും ബഡ്ജററിനെക്കുറിച്ചു് രണ്ടു തരത്തിലുള്ള സ്വരം ഉയർന്നു കേട്ടു. ഒന്നു് നമ്മുടെ സ്റ്റേററിലുള്ള കാടുകൾ മുഴുവൻ വെട്ടിനശിപ്പിച്ചുകളയുന്നുവെന്നും, മറെറാന്നു് വനങ്ങളിൽനിന്നും ആളുകളെ ഒഴിപ്പിക്കപ്പെടുന്നുവെന്നും വേദനയുള്ളവർ കരയും, അപ്പോൾ അവരോടു് അടുത്തു വളരെ സ്നേഹമുള്ളവർകൂടി കരയും. അതു് സ്വാഭാവികമാണു്. ഇന്നത്തെ പ്രശ്നം എന്താണു്. ഈ സ്റ്റേററിന്റെ എല്ലാ ഭാഗത്തുമുള്ള വനങ്ങളിൽ ആളുകൾ കയ്യേറി വനം മുഴുവൻ വെട്ടിനശിപ്പിക്കാൻ തുടങ്ങിയിരിക്കുകയാണു്. പക്ഷെ ഗവണ്മെൻറു വനസംരക്ഷണ നയങ്ങൾ എടുത്തുകൊണ്ടിരിക്കുമ്പോൾ അതിനെ തടയുന്നതിനും ശ്രമിക്കുന്നുണ്ടു്. ഈ ഗവണ്മെൻറിന്റെ മുൻകൂട്ടിയുള്ള നയങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ലാത്തിചാർജ്ജ് നടത്തിയെന്നും വെടിവയ്പു നടത്തിയെന്നും പറഞ്ഞു തുടങ്ങും. എവിടെനിന്നെങ്കിലും പുക പുറപ്പെട്ടാൽ മതി അവിടെ വെടിവച്ചു, അതിന്റെ ഫലമായി പതിനാറു്, ഇരുപതു്,

LIBRARY ARCHIVES Kerala Legislative Assembly

ഇരുപത്തഞ്ച് ആളുകൾ മരിച്ചു എന്ന് പത്രങ്ങളിൽ വാർത്തകൾ വരികയും ചെയ്തു. പക്ഷെ ഈ പ്രശ്നത്തിൽ വെടിവയ്പ് നടന്നുവെന്നു പറയുന്നതല്ലാതെ, അത് ഒരു ആരോപണമായിട്ട് ആരും ഉന്നയിച്ചിട്ടില്ല. കേരളത്തിൽ ഈ പ്രദേശത്തുള്ള ജനങ്ങളിൽ വിരോധം ഉണ്ടാക്കുന്നതിനും തമ്മിൽ തല്ലിക്കാനും വേണ്ടി ഒരു വിഭാഗം ആളുകൾ ആളികത്തുന്ന തീയിൽ എണ്ണയൊഴിക്കുന്നതുപോലെ പരിശ്രമിക്കുന്നുണ്ട്. ഈ സഭയിലുള്ളവർ ഉയർന്ന രീതിയിലുള്ള ഒരു നിലവാരം പുലർത്തേണ്ടത് ആവശ്യമാണ്. എങ്കിൽ മാത്രമേ നമ്മുടെ രാജ്യത്ത് ഒരു നല്ല നാളെ സൃഷ്ടിക്കാൻ സാധിക്കുകയുള്ളു. ആ കാര്യങ്ങളെല്ലാം മുൻനിറുത്തിക്കൊണ്ട് ഈ പ്രശ്നത്തെപ്പററി ചിന്തിക്കേണ്ടതാണ്. എവിടെയെല്ലാം വനം കൈയേററം ഉണ്ടോ അവിടെനിന്നും ആളുകളെ കീഴോട്ട് ഇറക്കാൻ ശ്രമിക്കുമ്പോൾ അതിൽ ഫോഴ്സ് ഉപയോഗിക്കുന്നത് കൂടുതലാണോ കുറവാണോ എന്നുള്ള ഒരു പ്രശ്നം മാത്രമാണ് ഇതിൽ അവശേഷിക്കുന്നത്. ഈ പ്രശ്നം മാററിവയ്ക്കണമെന്നു പറയുന്നത് ഈ സഭയുടെ അന്തസ്സിനു ചേരുന്ന ഒരു അഭിപ്രായമാണോ ? നാം ഗൗരവമായി തന്നെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്. അല്ലാതെ വനങ്ങളിൽ ആർക്കുവേണമെങ്കിലും, എവിടെ വേണമെങ്കിലും കയറാം എന്നുള്ള മനോഭാവവും അഴിമതി നടത്താനുള്ള മനോഭാവവും നമ്മുടെ ജനങ്ങൾക്കുണ്ടാകുന്നത് ഭൂഷണമല്ല, ഈ രാജ്യത്തിന് ഭൂഷണമല്ല, ഈ സ്റേററിന് ഭൂഷണമല്ല, ഈ സഭയ്ക്ക് ഭൂഷണമല്ല, ഈ രാജ്യത്തിലെ ജനങ്ങൾക്ക് ഭൂഷണമല്ല എന്ന് ഉറക്കെ പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കട്ടെ. അതുകൊണ്ട് ഈ കാര്യത്തെപ്പററി കാര്യമായി ഗവൺമെൻറിൽനിന്നും ചിന്തിക്കണമെന്ന് പറഞ്ഞുകൊണ്ട് ആ കാര്യം ഞാൻ അവസാനിപ്പിക്കുന്നു.

എനിക്ക് അടുത്തതായി പറയുവാനുള്ളത് ജലനികുതിയുടെ പ്രശ്നത്തെപ്പററിയാണ്. ജലനികുതി ഈടാക്കുന്നതിനെപ്പററി സ്റേററിൻെറ പല ഭാഗത്തുനിന്നും നിരന്തരമായി നിവേദനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിനെപ്പററി മറുപടി പ്രസംഗം ഉണ്ടാകും, അതായത് നമ്മുടെ രാജ്യത്തെ കാത്തുസൂക്ഷിക്കുന്നതിന് നികുതി പിരിക്കേണ്ടിവരുമെന്ന്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ഒരു തുള്ളി വെള്ളംപോലും വിതരണം ചെയ്യാത്ത പ്രദേശങ്ങളിൽനിന്നും അവിടത്തെ തഹസീൽദാരന്മാർ എട്ടുകൊല്ലത്തെ ജലനികുതി കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നുണ്ട്. പാവപ്പെട്ടവരായ കൃഷിക്കാർക്ക് ഈ എട്ടുകൊല്ലത്തെ നികുതി കുടിശ്ശിക കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് അവരുടെ സാധനങ്ങൾ ജപ്തിചെയ്തുകൊണ്ടുപോകുന്ന നടപടികൾവരെ സ്വീകരിച്ചിരിക്കുകയാണ്. നികുതി കുടിശ്ശികയ്ക്കു പശുവിനെവരെ ജപ്തിചെയ്തുകൊണ്ടുപോകുന്നുണ്ട്. ഭരണകക്ഷിയിലെ ഒരംഗമെന്ന നിലയിൽ ഇതും കണ്ടുകൊണ്ടു നിൽക്കുന്ന ഞങ്ങളോട് ആളുകൾ കുററം പറയുന്നത് തസ്കരന്മാർക്ക് കൂട്ടുപിടിച്ചുകൊടുക്കുന്ന കള്ളന്മാരാണ് ഞങ്ങളെന്നാണ്. ഈ രാജ്യത്തിലെ പട്ടിണിപാവങ്ങളായ കർഷകരിൽനിന്നും അവരുടെ സാധനങ്ങൾ ജപ്തിചെയ്തുകൊണ്ടുപോകുന്നത് വേദനാജനകമായ ഒരു കാര്യമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല.

അടുത്തതായി എനിക്ക് പറയുവാനുള്ളത് നമ്മുടെ രാജ്യത്തിലെ വ്യവസായങ്ങളുടെ ഉദ്ദേശത്തേയും, അഭിവൃദ്ധിയേയും കുറിച്ചാണ്. നമ്മുടെ സ്റേററിലെ വ്യവസായങ്ങൾ ഇങ്ങനെ നടത്തിക്കൊണ്ടുപോയാൽ നമ്മുടെ വ്യവസായങ്ങൾ നാളത്തേക്കു അഭിവൃദ്ധിയിൽകൊണ്ടുപോകാൻ സാധിക്കുകയില്ല. ആലപ്പുഴ പട്ടണത്തിൻെറ പരിസരപ്രദേശങ്ങളിൽ ഉള്ള കയർ വ്യവസായം നശിച്ചുകൊണ്ടുവരികയാണ്. അങ്ങനെ കേരളത്തിലെ അതിപ്രധാനമായ ഒരു വ്യവസായംകൂടി ഇപ്പോൾ നശിക്കാൻ പോകുകയാണ്, നശിച്ചുകൊണ്ടിരിക്കുകയാണ് എന്ന് ഞാൻ പറയാതിരിക്കുന്നത് ശരിയല്ല. അടുത്തതായി എനിക്ക് പറയുവാനുള്ളത് ഓട്ടുവ്യവസായത്തെപ്പററിയാണ്. ഓട്ടു വ്യവസായം ഇപ്പോൾ അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. അതിനു ഏററവും വേഗം ഒരു പരിഹാരം കാണേണ്ടത് ഏററവും അത്യാവശ്യമാണ്.

2/1637/V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാർഗ്ഗവൻ : ബഹുമാനപ്പെട്ട മെമ്പർ നടത്തുന്ന കൊച്ചിൻ പോട്ടറീസ് ഏതു നിലയിൽ നടക്കുന്നുവെന്നു പറയാമോ ? അതിന്റെ വാടകയും ടാക്സുമെല്ലാം ശരിയായിട്ടു കൊടുക്കുന്നുണ്ടോ ?

ശ്രീ. സി. ജി. ജനാർദ്ദനൻ : അതു് പറഞ്ഞ സ്ഥിതിക്കു് എനിക്കു അഞ്ചു മിനിററു സമയംകൂടി അനുവദിച്ചു തരണം. കൊച്ചിൻ പോട്ടറീസ് എന്റെ സ്നേഹിതൻ ശ്രീ. ഭാർഗ്ഗവന്റെ പാർട്ടിയിൽപ്പെട്ട ഒരു കൃഷ്ണൻ നടത്തിയിട്ടു് അവസാനം പരാജയപ്പെട്ട കഥയാണു് അതിനെപ്പററി അന്വേഷിച്ചപ്പോഴ് മനസ്സിലാക്കാൻ സാധിച്ചതു്. കൊച്ചി ഗവണ്മെന്റിന്റെ കീഴിൽ നടത്തിയ കാലത്തു് എടുത്തിരുന്ന കണക്കുകഠം, നഷ്ടം വരുത്തിയ കാലത്തു് അതിനെ സംബന്ധിച്ചു് പരിപാടികഠം ആസൂത്രണം ചെയ്തു നടപ്പിലാക്കിയ അവസരത്തിൽ, ഇങ്ങനെ ആ പ്രശ്നത്തിന്റെ നാനാവശങ്ങളെക്കുറിച്ചു് പരിശോധിക്കേണ്ടതാണു്. കുത്തുവാക്കു ഉപയോഗിക്കുന്നതിലും, കുത്തു പ്രയോഗിക്കുന്നതിലും നിങ്ങഠം വിദഗ്ദ്ധന്മാരായിരിക്കും. പക്ഷെ ഞങ്ങളെ കുത്തുവാക്കു് ഉപയോഗിക്കാതെ പ്രശ്നങ്ങഠക്കു പരിഹാരം കാണുകയാണു് വേണ്ടതെന്നു് ശ്രീ. ഭാർഗ്ഗവനോടു ഞാൻ പറയുകയാണു്. കമ്മ്യൂണിസ്ററുപാർട്ടി യൂണിയൻ സെക്രട്ടറി ശ്രീ. കൃഷ്ണൻ കൊച്ചിൻ പോട്ടറീസിലെ ഡയറക്ടർ ബോർഡിലെ അംഗമായിരുന്നപ്പോഠം ഈ പ്രശ്നത്തിനു് ഒരു പരിഹാരം കാണാൻ സാധിച്ചിട്ടില്ലെന്നുള്ളതു് മറച്ചുവയ്ക്കുന്നു്.

എനിക്കു് പറയുവാനുള്ളതു് തൃശ്ശൂർ പട്ടണത്തിൽ നടത്തിവരുന്ന ഓടു വ്യവസായം പരാജയപ്പെടുകയാണെങ്കിൽ അതിൽ തൊഴിലെടുക്കുന്ന പതിനായിരക്കണക്കിനുള്ള തൊഴിലാളികളുടെ പ്രശ്നം എന്നും തീരാത്ത ഒരു പ്രശ്നമായി അവശേഷിക്കുമെന്നുള്ളതുകൊണ്ടു് ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കണമെന്നാണു്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഒന്നുകൂടി പിൻതാങ്ങികൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. സി. അച്യുതമേനോൻ : ശ്രീ. സി. ജി. ജനാർദ്ദനൻ ഒരു കൃഷ്ണന്റെ കാര്യം പറയുകയുണ്ടായി. അതു് ഏതു് കൃഷ്ണനാണെന്നു് ഞങ്ങഠക്കു് അറിഞ്ഞുകൂടാ. പിന്നെ ഒരു കൃഷ്ണനുണ്ടു്. അദ്ദേഹത്തിനു് യാതൊരു കമ്പനിയുമില്ല. കൊച്ചിൻ പോട്ടറീസിലെ തൊഴിലാളികഠക്കു് കൂലി കൊടുക്കാത്തതിനെ സംബന്ധിച്ചിടത്തോളം കോടതിയിൽ ഒരു കേസുണ്ടായപ്പോഠം, തൊഴിലാളികഠക്കു് കൂലി വാങ്ങിച്ചുകൊടുക്കുന്നതിൽ അദ്ദേഹം സഹായിച്ചിട്ടുണ്ടു്.

ശ്രീ. സി. ജി ജനാർദ്ദനൻ : ഞാൻ പറഞ്ഞതിന്റെ യാഥാർത്ഥ്യം അതേ രീതിയിൽ മനസ്സിലാക്കണം. അല്ലാതെ വളച്ചൊടിച്ചു് പറയുന്നതു് ശ്രീ. അച്യുതമേനോനെപ്പോലുള്ളവക്കു് ഭൂഷണമല്ല. ചാലക്കുടി മണ്ഡലത്തിലെ കമ്മ്യൂണിസ്ററു പാർട്ടിയുടെ സെക്രട്ടറിയാണു് ശ്രീ. കൃഷ്ണൻ. ശ്രീ. കൃഷ്ണൻ കൊച്ചിൻ പോട്ടറീസിലെ മാനേജിംഗ് കമ്മിററിയിലെ ഒരംഗമായിരുന്നു. ഇക്കാര്യങ്ങഠം മറച്ചുവച്ചുകൊണ്ടു് കമ്മ്യൂണിസ്ററു പാർട്ടി ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുന്നതു് ശരിയല്ല, ഒളിയമ്പു പ്രയോഗിക്കുന്നതു് ശരിയല്ല.

ശ്രീ. സി. അച്യുതമേനോൻ : ശ്രീ. ജനാർദ്ദനൻ പറയുന്നതു് തെററാണു്. ഒരു കോവാപ്പറേററീവു് സൊസൈററി ആ വ്യവസായം ഏൽപ്പിച്ചുകിട്ടുന്നതിനു നിവേദനം നടത്തിയെങ്കിലും ഏൽപ്പിച്ചു കൊടുത്തിട്ടില്ല. അതു് ശ്രീ. ജനാർദ്ദനനു് ഏൽപ്പിച്ചു കൊടുത്തു.

ശ്രീ. ആർ. രാഘവമേനോൻ : മിസ്റ്റർ സ്പീക്കർ, സർ, ബഡ്ജററിനെക്കുറിച്ചു പറയുന്നതിനു മുമ്പായി എനിക്കു് വേറെ ഒന്നു രണ്ടു കാര്യങ്ങഠം പറയുവാനുണ്ടു്. ഈ ബഡ്ജററിന്റെ ചർച്ചാവേളയിൽ ഇവിടെ എല്ലാവരും പാർട്ടി രാഷ്ട്രീയത്തെപ്പററിയാണു് പറഞ്ഞതു്. ഒരു ബഡ്ജററിനെപ്പററി നാം ചർച്ച ചെയ്യുമ്പോഠം പാർട്ടി രാഷ്ട്രീയത്തെക്കുറിച്ചല്ല നാം പറയേണ്ടതു്. നമ്മുടെ രാജ്യക്ഷേമത്തിനുവേണ്ടി നമുക്കെന്തെല്ലാം പ്രവർത്തിക്കാൻ സാധിക്കും, നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്വത്തുക്കൾ എങ്ങനെ നശിക്കാതെ നോക്കാം, കൂടുതൽ വരവുണ്ടാക്കാൻ സാധിക്കുമോ എന്നു തുടങ്ങിയ കാര്യങ്ങളെ കുറിച്ചാണ് നാം ഇവിടെ ചർച്ച ചെയ്യേണ്ടതു്. ഇവിടെ ബഡ്ജററു ചർച്ചാവേളയിൽ എല്ലാവരും പാർട്ടിരാഷ്ട്രീയത്തെക്കുറിച്ചാണ് അഭിപ്രായം പറഞ്ഞതു്. നേരേമറിച്ച് ബഡ്ജററിനെപ്പററി കാര്യമായി യാതൊന്നും പറഞ്ഞില്ല. പാർട്ടിരാഷ്ട്രീയം കളഞ്ഞിട്ട് എല്ലാവരും യോജിച്ചുനിന്നുകൊണ്ട് രാജ്യക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കണം. ആദ്യം അതു് നമ്മുടെ എം. എൽ. എ. മാർ പഠിച്ചാൽ തരക്കേടില്ല. അതു് അവർ പഠിക്കുകതന്നെ വേണം. എനിക്കു ഈ ബഡ്ജററിനെക്കുറിച്ച് അധികമൊന്നും പറയുവാനില്ല. നമ്മുടെ കേരളം ഒരു ചെറിയ രാജ്യമാണ്. നമ്മുടെ ആദായം വളരെ വലുതല്ല. നമ്മുടെ ധനകാര്യമന്ത്രി അതിനനുസരിച്ച് കടമുണ്ടാകാത്ത തരത്തിൽ ഒരു ബഡ്ജററു തയ്യാറാക്കി ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. അതിലധികം നമുക്കു് ചെയ്യാൻ സാദ്ധ്യമല്ല. നമ്മുടെ വരവനുസരിച്ചു മാത്രമേ നമുക്കു് ചെലവാക്കുവാൻ സാധിക്കുകയുള്ളു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഒരു ചോദ്യം. ഈ കാർഷികബന്ധബില്ലിൽ ....

ശ്രീ. ആർ. രാഘവമേനോൻ : ഈ ശബ്ദം എവിടെനിന്നു ഉണ്ടാകുന്നു എന്നു എനിക്കറിഞ്ഞുകൂടാ. ഏതായാലും നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ഒരു കാർഷികബന്ധബിൽ കൊണ്ടുവന്നു അവതരിപ്പിച്ചു പാസ്സാക്കിയിട്ടുണ്ട്. അതൊരു നല്ല കാര്യമാണ്. ഇവിടെ കമ്മ്യൂണിസ്ററുകാർ പറയുന്നതുകേട്ടാൽ തോന്നും ഭൂമിയുടെ ഉടമസ്ഥാവകാശം മുഴുവനും കൃഷിക്കാരക്കാണെന്നു് ഭൂവുടമസ്ഥക്ക് യാതൊരു അവകാശവുമില്ല, അവർ മിണ്ടാതിരുന്നുകൊള്ളണമെന്നാണ് അവരുടെ അഭിപ്രായം. ശ്രീമാൻ വാസു പാലക്കാട്ടുനിന്നുവരുന്ന ആളാണ്. എനിക്കദ്ദേഹത്തേയും അദ്ദേഹത്തിനു് എന്നെയും അറിയാം. അദ്ദേഹം ഒരു വലിയ സ്വത്തുകാരനാണ്, സർ, അദ്ദേഹം ഇവിടെവന്നു പറയുന്നതു് കൃഷിക്കാരനു് ഭൂമിയിൽ ഉടമാവകാശം കൊടുക്കണമെന്നും മററുമാണ്. അപ്പോൾ ഈ വസ്തുവിന്റെ ഉടമാവകാശമെല്ലാം കൃഷിക്കാരനു് കൊടുത്തിട്ട് ജന്മിമാർ പട്ടിണികിടന്നു കൊള്ളണമെന്നാണ് അവരുടെ അഭിപ്രായം. സർ, അവരും മനുഷ്യരാണ്. അവർക്കും ജീവിക്കണം. പകുതി ഭൂമിയുടെ അവകാശം ഭൂവുടമസ്ഥക്കും പകുതി കൃഷിക്കാരനും കൊടുക്കണമെന്നു പറയുന്നതിൽ തെററില്ല. അല്ലാതെ മുഴുവൻ ഉടമാവകാശവും കൃഷിക്കാരനു കൊടുക്കണമെന്നു പറയുന്നതു് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല, അതു നടക്കാൻ പോകുന്നതുമല്ല. അതുപോലെതന്നെ കൃഷിക്കാരെ ഒഴിപ്പിക്കാൻ പാടില്ലെന്നു പറയുന്നുണ്ട്. അതിനുവേണ്ടിയുള്ള നിയമങ്ങളൊക്കെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ട് ആ കാര്യത്തെക്കുറിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. പിന്നെ ആദായത്തിന്റെ കാര്യമാണെങ്കിൽ എന്തുകൊണ്ട് പകുതി ആദായം ജന്മിക്കു കൊടുത്തുകൂടാ? ന്യായമായി കുടിയാന്റെ കൃഷിച്ചെലവുകഴിച്ച് ബാക്കി ആദായത്തിന്റെ പകുതി ജന്മിക്കു കൊടുത്തുകൂടെ? ഈ ഭൂമികളൊന്നും ജന്മിമാക്ക് കളഞ്ഞുകിട്ടിയതല്ലല്ലോ. അവരുടെ മുത്തച്ഛനോ അച്ഛനോ പണം കൊടുത്തു വാങ്ങിച്ചതായിരിക്കും ഈ ഭൂമി. അല്ലാതെ അതു് ജന്മിമാക്ക് ദാനം കിട്ടിയതൊന്നുമല്ല. അങ്ങനെയുള്ള ഭൂമികളാണ് കൃഷിക്കാരൻ പാട്ടത്തിനെടുത്തു കൃഷിചെയ്യുന്നതു്. ആ ഭൂമിയിൽനിന്നു കിട്ടുന്ന ആദായത്തിന്റെ ഒരു ഭാഗമാണ് ജന്മിക്കു് കൊടുക്കണമെന്നു ആവശ്യപ്പെടുന്നതു്.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : ഒരു ചോദ്യം........

ശ്രീ. ആർ. രാഘവമേനോൻ : ഞാൻ രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. പിന്നീട് ചോദ്യം ചോദിക്കാം. ഇപ്പോൾ പാട്ടബാക്കി വച്ചാൽ മാത്രമേ വസ്തു ഒഴിപ്പിക്കാൻ പാടുള്ളു എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ സ്ഥിതിക്ക് പാട്ടബാക്കി വയ്ക്കാതെ പാട്ടം കൊടുക്കണം. അപ്പോൾ ഒരു വസ്തുവും ഒഴിപ്പിക്കുകയില്ലല്ലോ. കൃഷിക്കാരനു് ആ വസ്തുവിൽനിന്നു കിട്ടുന്ന ആദായത്തിൽ

[ശ്രീ. ആർ. രാഘവമേനോൻ]

ചെലവുകഴിച്ചു് പകുതി ജന്മിക്കു് കൊടുക്കണം. അതു കഴപ്പമുള്ള കാര്യമല്ലല്ലോ. അങ്ങനെ പകുതി ആദായം ജന്മിക്കു് കൊടുക്കാൻ മുൻപൊരു നിയമമുണ്ടായിരുന്നു. ആ നിയമം മാററിയിട്ടു് വേറൊരു നിയമം കൊണ്ടുവന്നു, രണ്ടാംവിള ഒന്നാംവിളയുടെ പകുതിയായി കൊടുക്കണമെന്നു്. ഞാൻ പറയുന്നതു് ഈ ഭൂവുടമസ്ഥക്കു് കുറേ അവകാശം കൊടുക്കണമെന്നാണു്. അവരും മനുഷ്യരാണു്. അവക്കും ആഹാരം കഴിക്കണം; അതുപോലെ മററു കാര്യങ്ങൾ നടക്കണം. നിങ്ങളൊരു പുതിയ നിയമം കൊണ്ടുവന്നു് ഭൂവുടമസ്ഥക്കു് വസ്തുവിൽ യാതൊരു അവകാശവുമില്ലെന്നു പറയുന്നതു് ശരിയല്ല. നിങ്ങൾക്കു് കിട്ടുന്നതിന്റെ പകുതിയോ മൂന്നിലൊന്നു പോലുമോ ഇന്നു ഭൂവുടമസ്ഥന്മാക്കു് കൊടുക്കുന്നില്ല. 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്നുള്ള നിലയിലാണു് ഇന്നു കൃഷിക്കാരുടെ പ്രവൃത്തികൾ. ഈ പകുതി ആദായം കൊടുക്കണമെന്നു പറയുമ്പോൾ ഞങ്ങൾക്കു് ഭൂമിവേണ്ട, ഞങ്ങൾ ഒഴിഞ്ഞുകൊടുത്തേക്കാമെന്നു ആരും പറയുന്നില്ലല്ലോ. അപ്പോൾ ഒഴിഞ്ഞുകൊടുക്കാൻ വിഷമമാണു്. അതുകൊണ്ടു് ഇതൊക്കെ ഒന്നു ആലോചിക്കണം. ഞാൻ പറയുന്നതു് എല്ലാവരും നന്നാകണമെന്നാണു്. ജന്മിയും നന്നാകണം അതുപോലെ കൃഷിക്കാരനും നന്നാകണം. കൃഷിക്കാരൻ മാത്രം നന്നായി ജന്മി നശിക്കണമെന്നു പറയുന്നതു് മര്യാദയല്ല.

ശ്രീ. ഇ. പി. ഗോപാലൻ: ബഡ്ജററിൽ ഇതൊക്കെ എവിടെയാണു് പറഞ്ഞിട്ടുള്ളതു്?

ശ്രീ. ആർ. രാഘവമേനോൻ: ഗോപാലൻ ബഡ്ജററു ചർച്ചാവേളയിൽ പറഞ്ഞല്ലോ കാർഷികബന്ധബില്ലിൽ വന്നതോടുകൂടി കൃഷിക്കാരനു് സ്ഥിരാവകാശമില്ല, മററു യാതൊന്നുമില്ല എന്നൊക്കെ. അതുകൊണ്ടു് രണ്ടു കൂട്ടക്കും സഹായങ്ങൾ ചെയ്തുകൊടുത്തു വേണം ഒരു നിയമമുണ്ടാക്കേണ്ടതു്. ഏതായാലും നമ്മുടെ ഇവിടത്തെ ഈ പാർട്ടിരാഷ്ട്രീയം കൈവെടിഞ്ഞു് എല്ലാ പാർട്ടിക്കാരുംകൂടി ഒന്നിച്ചിരുന്നു് രാജ്യത്തിന്റെ സമ്പത്തു് എങ്ങനെ വദ്ധിപ്പിക്കാം, ഏതെല്ലാം വിധത്തിൽ കൂടുതൽ മൂലധനമുണ്ടാക്കാം, ഏതെല്ലാം വിധത്തിൽ ഇവിടെ കച്ചവടം അഭിവൃദ്ധിപ്പെടുത്താം, എന്നുള്ളതൊക്കെ ആലോചിക്കേണ്ടതാണു്. ആലോചിക്കാതെ ഒരു കാര്യവും നടക്കുകയില്ലല്ലോ. കേരളത്തിലെ കാൺഗ്രസ്സു് പാർട്ടിയും, കമ്മ്യൂണിസ്ററു പാർട്ടിയും പ്രജാസോഷ്യലിസ്ററു പാർട്ടിയും, മുസ്ലീംലീഗുമെല്ലാം ഭിന്നതകൾ മറന്നുകൊണ്ടു് രണ്ടു മൂന്നുദിവസം മര്യാദയോടുകൂടി, സ്നേഹത്തോടുകൂടി ഒരുമിച്ചിരുന്നു് രാജ്യക്ഷേമത്തിനുവേണ്ട കാര്യങ്ങളെപ്പററി ആലോചിക്കണം. നമുക്കു് പിന്നെ ചീത്തകൾ പറയാം.

എനിക്കു് ഇനിയും പല കാര്യങ്ങൾ ഇവിടെ പറയുവാനുണ്ടു്. സമയമില്ലാത്തതുകൊണ്ടു് ഞാൻ അതൊന്നും പറയുന്നില്ല. വനം തീർച്ചയായും രാജ്യത്തിന്റെ സ്വത്താണു്. അതു നശിപ്പിക്കാൻ കാൺഗ്രസ്സു് പാർട്ടിയേയായാലും കമ്മ്യൂണിസ്ററു പാർട്ടിയേയായാലും, ഏതു പാർട്ടിക്കാരെയായാലും, മന്ത്രിമാരെയായാലും അനുവദിക്കുക സാദ്ധ്യമല്ല. വനത്തിൽ ആരും കടക്കരുതു്; അഥവാ ആരെങ്കിലും വനത്തിൽ കടക്കാൻ പോകുന്നുണ്ടെങ്കിൽ അവരെ നല്ല വാക്കു പറഞ്ഞു് സമാധാനിപ്പിച്ചു് ആ പ്രവൃത്തിയിൽനിന്നു പിൻതിരിപ്പിച്ചു അയക്കേണ്ടതു് എല്ലാവരുടേയും ചുമതലയാണു്. അതു ഇന്ന പാർട്ടിക്കാരുടെ ചുമതലയെന്നൊന്നും കണക്കാക്കരുതു്. വനസമ്പത്തു് ഒരിക്കലും നശിക്കാൻ പാടില്ല. ഒരു രാജ്യത്തിന്റെ വനസമ്പത്തു സൂക്ഷിക്കുന്നതിനു് അവിടത്തെ ഗവണ്മെൻറിനു് ബാദ്ധ്യതയുണ്ടു്. അതൊരിക്കലും നാം മറന്നുകൂടാ. കാൺഗ്രസ്സു് പാർട്ടിയോ കമ്മ്യൂണിസ്ററു പാർട്ടിയോ ഏതു പാർട്ടിയായിരുന്നാലും ശരി വനം കയ്യേററക്കാരെ ഒരിക്കലും പ്രോത്സാഹിപ്പിക്കാൻ പാടില്ല. അങ്ങനെയുള്ള പ്രവൃത്തികളെ എതിക്കുകതന്നെ വേണം. വനം ആരെങ്കിലും കയ്യേറിയിട്ടുണ്ടെങ്കിൽ അവരെ ഇറക്കിവിടേണ്ടതും ഗവണ്മെൻറിന്റെ ചുമതലയാണു്. വനസംരക്ഷണത്തിനുള്ള നടപടികൾ എടുക്കേണ്ടതും ഗവണ്മെൻറിന്റെ ചുമതലയാണു്. അതിനാവശ്യമായ നടപടികൾ

എടുക്കണം. ഫാറസ്റ്റിനാവശ്യമില്ലാത്ത സ്ഥലം ഭൂമിയില്ലാത്തവർക്ക് കൊടുക്കണം. വനം കയ്യേററക്കാരെ ഇറക്കിവിടാൻ പാടില്ല, അവിടെ വെടിവെച്ചുകളഞ്ഞു എന്നൊക്കെ പറയുന്നതു് വാസ്തവത്തിൽ പാർട്ടിഭരണത്തിന്റെ ഏററവും ചീത്തയായ ഭാഗമാണു്. അതു നാം എല്ലാവരും അംഗീകരിച്ചുകൊണ്ടു് രാജ്യക്ഷേമത്തിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ ആരും തടസ്സം നിൽക്കരുതെന്നു പറഞ്ഞുകൊണ്ടു് സമയമില്ലാത്തതിനാൽ ഞാൻ അവസാനിപ്പിക്കുന്നു.

Mr. Speaker: Order, order. As members are aware, 12 days have been allotted for the discussion and voting on Demands for grants. A list giving the order of priority in which the demands will be coming up for discussions is being circulated to the members. Since Demands IX and X will be coming up for discussion on the 5th March, members desirous of giving notice of cut motions in respect of these two demands may do so before 3 p. m. today.

Order, order. The House will now adjourn and meet again at 8 a. m. on Wednesday, the 4th March, 1964.

The House adjourned at 1 p. m. to meet again at 8 a. m. on Wednesday, the 4th March, 1964.

LIBRARY ARCHIVES Kerala Legislative Assembly